**2008 ജനുവരി – ഫെബ്രുവരി**

1183 മകരം - കുംഭം

1429 മുഹറം - സഫർ

1387 സുൽഹ് - തബ്ലീഗ്

പുസ്തകം 1 ലക്കം 8

വില 10 രൂപ

بسم الله الرحمن الرحيم

نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

# സത്യമിത്രം

ദ്വൈമാസിക

**ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം**

## വിഷയവിവരം

**ആമുഖം**

ശതവാർഷികം ആഘോഷിക്കുന്ന അഹ്മദിയ്യാ ഖിലാഫത്ത് ........ 4

**യുഗനാദം**



**ആ**കയാൽ, അല്ലയോ പ്രിയന്മാരെ, പണ്ടുപണ്ടേ ദൈവത്തിന്റെ സുന്നത്ത് ഇതാണ്: അവൻ രണ്ടുതരം ദിവ്യശക്തിപ്രഭാവം കാണിക്കുന്നു. ഇങ്ങനെ ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളേയും അവൻ തകർത്തുകളയുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ പണ്ടുപണ്ടേയുള്ള ആ രീതിമുറ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭാവ്യമല്ല. ഞാനിപ്പോൾ നിങ്ങളോട് വിവരിച്ചുപറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവേണ്ടതില്ല. നിങ്ങൾ അസ്വസ്ഥരാവുകയും വേണ്ട. എന്തുകൊണ്ടെന്നാൽ, നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അത് വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. എന്തുകൊണ്ടെന്നാൽ, അത് ശാശ്വതമാകുന്നു. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല.

ഖിലാഫത്ത് അഥവാ രണ്ടാം ഖുദ്റത്ത് ........ 5

**വിശുദ്ധ ഖുർആൻ**

സൂറഃ അന്നൂർ അർത്ഥം, വ്യാഖ്യാനം ........ 6

**ഖുത്വ്ബ**

നീതിനിർവ്വഹണം: നബി(സ) തിരുമേനി ഉദാത്തമാതൃക ........ 9

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു)

**ലേഖനം**

യഥാർത്ഥ ഇസ്ലാമിക ഖിലാഫത്ത് ........ 12

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

മുസ്ലിംകളേ, നിങ്ങൾക്കൊരു ഖിലാഫത്ത് ........ 15

വി.എം. മാലിക്ക് അമീൻ

മുസ്ലിഹ് മൗഊദ്(റ) ഇസ്ലാമിന്റെ സാർവ്വത്രിക വിജയത്തിന്റെ സൂത്രധാരൻ ........ 18

ഈജാസ്

വാതത്തിന് ചികിത്സ വാദപ്രതിവാദമോ? ........ 23

കെ. അബ്ദുൽ ഹക്കീം

സൂറഃ അല്ലഹബ് ........ 25

വിവ: ഹസ്സൻകോയ

നരകം: ദൈവകാരുണ്യത്തിന്റെ മറ്റൊരു രൂപഭാവം ........ 29

എൻ.ഇ. ഹഖ്

കെയ്റോ നഗരസന്ദർശനവും മുഹമ്മദലി പള്ളിയും ........ 34

ഏ.ക്യു. മഹ്ദി

മാറ്റൊലികൾ ........ 37

*യാസർ അറഫാത്ത്*

**റിപ്പോർട്ട്**

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് 116-ാം വാർഷിക സമ്മേളനം ........ 39

ഇബ്നു മുഹമ്മദ്

കണ്ണൂർ മേഖലാ മജ്ലിസ് അൻസാറുല്ലാഹ് ഏകദിന തർബിയ്യത്ത് ക്യാമ്പ് ........ 41

കെ. അബ്ദുർ റഹിമാൻ

**കവിത**

തൃക്കരം നീട്ടിടൂ ........ 42

അബൂ അയ്മൻ

*എഡിറ്റർ ഇൻ ചാർജ്:*
**എം. നാസിർ അഹ്മദ്**

*മാനേജർ:*
**എം. മുഹമ്മദ് സലിം**

**SATHYAMITHRAM**

**ANSARULLAH PUBLICATION**

Printed and Published by Majlis Ansarullah State Committee, Kerala
at BRB Offset Printers & Publishers, Thavakkara, Kannur-17.
Ph: 0497-2761010, 2761020

بســم الله الرحمن الرحيم
نحمده ونصلى على رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# ശതവാർഷികം ആഘോഷിക്കുന്ന അഹ്മദിയ്യാ ഖിലാഫത്ത്

'**ഖി**ലാഫത്തെ റാശിദ'യുടെ പ്രവചിതമായ പുനരുദയമാണ് അഹ്മദിയ്യാ ഖിലാഫത്ത്. വാഗ്ദത്ത മസീഹ്(അ)ലൂടെ പുനഃസ്ഥാപിതമായ ഈ ഖിലാഫത്ത് അവസാനകാലത്ത് മുസ്‌ലിംകൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ലോകാവസാനംവരെ അത് നിലനില്ക്കുമെന്നുള്ളതാണ് വാഗ്ദാനം. വിശ്വസിക്കുകയും സൽകർമ്മം ചെയ്യുകയും ചെയ്യുന്നവർക്കുള്ള വിശുദ്ധഖുർആന്റെ അലംഘനീയമായ വാഗ്ദാനം!

ലോകമുസ്‌ലിംകൾക്ക് ഒരേയൊരു ആത്മീയനേതൃത്വം- അതാണ് ഇസ്‌ലാമിക ഖിലാഫത്തിന്റെ യാഥാർത്ഥ്യം. ഹദ്റത്ത് നബിതിരുമേനി(സ)യുടെ ചരമത്തിനുശേഷം ഹദ്റത്ത് അബൂബക്കർ(റ)ന് ബയ്അത്ത് ചെയ്തുകൊണ്ട് സ്വഹാബാക്കൾ ആ കൈയിൽ ഒരുമിച്ചതോടെയാണ് മുസ്‌ലിംകൾക്ക് ഖിലാഫത്തെന്ന സ്വർഗ്ഗീയ സംവിധാനം ലഭ്യമായത്. തുടർന്ന് ഹദ്റത്ത് ഉമർ(റ), ഉസ്മാൻ(റ), അലി(റ) എന്നീ സച്ചരിതരായ ഖലീഫമാർ മുസ്‌ലിം ലോകത്തെ നയിച്ചു. ഇസ്‌ലാം ലോകത്ത് വിജയധ്വജം നാട്ടിയത് ഇവരിലൂടെയാണ്. ഖിലാഫത്തെ റാശിദയുടെ 30 വർഷം ഇസ്‌ലാമിന്റെ സുവർണ്ണകാലമായിരുന്നു. പിന്നീട് മെല്ലെ മെല്ലെ അതിന് വ്യതിയാനം സംഭവിക്കാൻ തുടങ്ങി. അതും നബി(സ)യുടെ പ്രവചനപ്രകാരമായിരുന്നു. വാഗ്ദത്ത മസീഹിന്റെ ആവിർഭാവത്തോടെ നാമമാത്രമായെങ്കിലുമുണ്ടായിരുന്ന തുർക്കി ഖിലാഫത്തും തുടച്ചുമാറ്റപ്പെട്ടു.

സത്യവിശ്വാസികൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട ഖിലാഫത്ത് വ്യവസ്ഥ ഇന്ന് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേ കാണപ്പെടുന്നുള്ളൂവെന്നത് യാഥാർത്ഥ്യമാണ്. അഹ്മദിയ്യാ ജമാഅത്തിനു മാത്രം അവകാശപ്പെട്ട ഈ ആത്മീയനേതൃത്വത്തിന് ബദലായി ഒരു ഖലീഫയെ മുസ്‌ലിംകൾക്കിടയിൽ വാഴിച്ചുകാണാൻ അധികാരത്തിന്റെയും സമ്പത്തിന്റെയും ബലത്തിൽ പലരും ശ്രമിച്ചു. പക്ഷേ, പരാജയത്തിന്റെ പടുകുഴി കണ്ടുവെന്നു മാത്രം! ഖലീഫയെ തിരഞ്ഞെടുക്കുന്നത് അല്ലാഹുവാകുന്നു. സഊദി രാജാവിന്റെ നേതൃത്വത്തിൽ ഉടലെടുത്ത 'റാബിത്ത' ഖിലാഫത്ത് പുനഃസ്ഥാപനം അസാധ്യമാണെന്ന് കണ്ട് അതുപേക്ഷിക്കുകയാണുണ്ടായത്. യഥാർത്ഥ ഇസ്‌ലാമിക ഖിലാഫത്ത്- നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത്- അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് വാഗ്ദത്ത മസീഹിന്റെ ദൈവികജമാഅത്തിൽ വന്നതാണ് ഈ പരാജയങ്ങൾക്കെല്ലാം കാരണം.

ഒരു നാമമാത്ര ഖലീഫയെയെങ്കിലും വാഴിക്കാൻ സാധിക്കാതെ വന്നപ്പോൾ അഹ്മദിയ്യാ ഖിലാഫത്തിനെ തകർക്കാനുള്ള ശ്രമമായി പിന്നീട്. ഭരണകൂടങ്ങളും മുല്ലാതലവന്മാരും ഇതിന്നായി കൈകോർത്തുനോക്കി. പെട്രോഡോളറുകളും മറ്റെല്ലാ സ്വാധീനങ്ങളും അതിന്നായി നിർലോഭം ഉപയോഗിച്ചു. പക്ഷേ, അഹ്മദിയ്യാ ഖിലാഫത്ത് അപ്രതിരോധ്യമായി നിലകൊണ്ടു. മാത്രമല്ല അത് വളർന്നുകൊണ്ടേയിരുന്നു. ഖിലാഫത്തിനെ തകർക്കാൻ വന്നവർ ഒന്നൊന്നായി ലോകം വിട്ടപ്പോഴും അഹ്മ

ശേഷം 17-ൽ



# ഖിലാഫത്ത് അഥവാ രണ്ടാം ഖുദ്റത്ത്

**വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

രണ്ടുവിധത്തിലുള്ള ശക്തിപ്രഭാവങ്ങൾ ദൈവം വെളിപ്പെടുത്തുന്നതാണ്. ഒന്നാമതായി, നബിമാരുടെ കൈകൾ മുഖേന ദിവ്യശക്തിയുടെ ഹസ്തം കാണിക്കുന്നു. രണ്ടാമതായി നബി ചരമം പ്രാപിച്ചുകഴിഞ്ഞാലുള്ള വിഷമം നേരിടേണ്ടിവരികയും ശത്രു വളരെ പ്രാബല്യം നേടുകയും പ്രവാചകന്റെ ദൗത്യം കുഴപ്പത്തിലായെന്നും ജമാഅത്ത് അഥവാ പ്രസ്ഥാനം ഇപ്പോൾ നശിക്കാൻ പോകയാണെന്നും ഉറച്ചുകൊണ്ട് അതിലെ ആളുകൾതന്നെ ഭാവിയെക്കുറിച്ച് സംശയാലുക്കളാകയും നിരാശപ്പെട്ട് തുടങ്ങുകയും, അവരുടെ നടുവൊടിഞ്ഞ നിലയിൽ നിർഭാഗ്യരായിട്ടുള്ള നിരവധിപേർ മതനിരാസത്തിലേക്കുള്ള വഴിയിൽ നീങ്ങുകയും ചെയ്യുമ്പോൾ സർവ്വശക്തനായ ദൈവം രണ്ടാം തവണ തന്റെ ഊക്കേറിയ അത്ഭുതശക്തി വെളിപ്പെടുത്തുകയും തകർച്ചയിലെത്തിയ ജമാഅത്തിനെ കാലുറപ്പിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ അന്ത്യംവരെ സഹനം കൈക്കൊള്ളുന്നവർക്ക് ദൈവത്തിന്റെ ഈ അത്ഭുതദൃഷ്ടാന്തം കാണാൻ കഴിയുന്നു.

ഹദ്റത്ത് അബൂബക്കർ(റ)ന്റെ കാലത്ത് തിരുനബിയുടെ ചരമം അകാലചരമമാണെന്ന് കരുതുകയും വിവരംകെട്ട നിരവധി ബദവികൾ മുർത്തദ്ദുകളായിപ്പോവുകയും സഹാബിമാർ ദുഃഖഭാരം നിമിത്തം ഭ്രാന്ത് പിടിപ്പെട്ടവരെപ്പോലെ മാറുകയും ചെയ്തിരുന്നു. ആ സന്നിഗ്ദ്ധഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)നെ എഴുന്നേല്പിച്ചുകൊണ്ട് വീണ്ടുമൊരിക്കൽ ദിവ്യശക്തിയുടെ ഹസ്തം നീട്ടിക്കാട്ടുകയും ഇസ്‌ലാമിനെ നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്തു. അങ്ങനെ ദൈവം തന്റെ വാഗ്ദത്തം നിറവേറ്റുകയുണ്ടായി.................

ആകയാൽ, അല്ലയോ പ്രിയന്മാരെ, പണ്ടുപണ്ടേ ദൈവത്തിന്റെ സുന്നത്ത് ഇതാണ്: അവൻ രണ്ടുതരം ദിവ്യശക്തിപ്രഭാവം കാണിക്കുന്നു. ഇങ്ങനെ ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളേയും അവൻ തകർത്തുകളയുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ പണ്ടുപണ്ടേയുള്ള ആ രീതിമുറ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭാവ്യമല്ല. ഞാനിപ്പോൾ നിങ്ങളോട് വിവരിച്ചുപറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവേണ്ടതില്ല. നിങ്ങൾ അസ്വസ്ഥരാവുകയും വേണ്ട. എന്തുകൊണ്ടെന്നാൽ, നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അത് വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. എന്തുകൊണ്ടെന്നാൽ, അത് ശാശ്വതമാകുന്നു. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. എന്നാൽ, ഞാൻ പോയിക്കഴിഞ്ഞാൽ ദൈവം രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദത്തം ചെയ്തതുപ്രകാരം എന്നെന്നും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. ആ വാഗ്ദത്തം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ച വാഗ്ദത്തമാകുന്നു. അല്ലാഹു പറയുന്നത് ഇപ്രകാരമാണ്: നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുന്നാൾവരെ ഞാൻ വിജയം നല്കുന്നതാകുന്നു. അതുകൊണ്ട് നിങ്ങളിൽനിന്നും ഞാൻ വേർപ്പെട്ടുപോകുന്ന ദിനം വരേണ്ടത് അനുപേക്ഷണീയമാകുന്നു; അതിനുശേഷം ശാശ്വതമായ വാഗ്ദത്തത്തിന്റെ നാളുകൾ വരാൻവേണ്ടി. നമ്മുടെ ദൈവം വാഗ്ദത്തങ്ങൾ പൂർത്തിയാക്കുന്നവനും കൂറു പുലർത്തുന്നവനും വിശ്വസ്തനുമായ ദൈവമാകുന്നു. അവൻ വാഗ്ദത്തം ചെയ്ത സകലതും തന്നെ നിങ്ങൾക്ക് കാണിച്ചുതരുന്നതാകുന്നു. ഈ നാളുകൾ ലോകത്തിന്റെ അവസാന നാളുകളാകുന്നു. ദൈവം അറിയിച്ചുതന്ന കാര്യങ്ങളെല്ലാം പൂർത്തിയാകുന്നതിന് ഈ ലോകം നിലനില്ക്കേണ്ടതാകുന്നു. ഞാൻ ദൈവത്തിൽനിന്നുള്ള ഒരു ശക്തിപ്രഭാവത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. എനിക്കു ശേഷം രണ്ടാം ഖുദ്റത്തിന്റെ പ്രാദുർഭാവങ്ങളായ മറ്റു വ്യക്തികളുമുണ്ടാകും. (*അൽവസിയ്യത്ത്*)

# സൂറ: അന്നൂർ

## അർത്ഥം, വ്യാഖ്യാനം

*(2008 അഹ്മദിയ്യാ മുസ്‌ലിം ഖിലാഫത്തിന്റെ ശതവാർഷിക ജൂബിലി വർഷമായതിനാൽ, ഈ വർഷം ഇസ്‌ലാമിനേയും ഖിലാഫത്തിനേയും സംബന്ധിച്ച ഖുർആൻ ആയത്തുകളാണ് പ്രസിദ്ധീകരിക്കുന്നത്)*

إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ إِذَا دُعُوا إِلَى اللَّهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ أَن يَقُولُوا سَمِعْنَا وَأَطَعْنَا ۚ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿٥٢﴾

**123.** "വിശ്വാസികൾക്കിടയിൽ തീരുമാനം കൽപിക്കുന്നതിനുവേണ്ടി അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും അവരെ വിളിക്കപ്പെട്ടുകഴിഞ്ഞാൽ അവരുടെ മറുപടി ഇപ്രകാരമായിരിക്കും; "ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിക്കുകയും ചെയ്തു. അവർ തന്നെയാണ് വിജയികൾ " (24:52)

പദാർത്ഥം

إِنَّمَا كَانَ നിശ്ചയമായും ആണ് قَوْلَ വാക്ക് الْمُؤْمِنِينَ വിശ്വാസികളുടെ إِذَا دُعُوا അവർ വിളിക്കപ്പെട്ടാൽ إِلَى اللَّهِ അല്ലാഹുവിലേക്ക് وَرَسُولِهِ അവന്റെ റസൂലിലേക്കും لِيَحْكُمَ തീരുമാനം കൽപിക്കാൻ بَيْنَهُمْ അവർക്കിടയിൽ أَن يَقُولُوا അവർ പറയും سَمِعْنَا ഞങ്ങൾ കേട്ടു وَأَطَعْنَا ഞങ്ങൾ അനുസരിക്കുകയും ചെയ്തു وَأُولَٰئِكَ هُمُ അവർ തന്നെയാണ് الْمُفْلِحُونَ വിജയികൾ.

وَمَن يُطِعِ اللَّهَ وَرَسُولَهُ وَيَخْشَ اللَّهَ وَيَتَّقْهِ فَأُولَٰئِكَ هُمُ الْفَائِزُونَ ﴿٥٣﴾

**124.** "ആർ അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും അവനെ സൂക്ഷിച്ചുജീവിക്കുകയും ചെയ്യുന്നുവോ അവർ തന്നെയാണ് ലക്ഷ്യം പ്രാപിച്ചവർ" (24:53).

പദാർത്ഥം

وَمَن يُطِعِ ആർ അനുസരിക്കുന്നുവോ اللَّهَ അല്ലാഹുവിനെ وَرَسُولَهُ അവന്റെ ദൂതനേയും وَيَخْشَ اللَّهَ അല്ലാഹുവിനെ ഭയപ്പെടുകയും وَيَتَّقْهِ അവനെ സൂക്ഷിക്കുകയും ചെയ്യുന്നു. فَأُولَٰئِكَ هُمُ അവർ തന്നെയാണ് الْفَائِزُونَ ലക്ഷ്യം പ്രാപിച്ചവർ.

വ്യാഖ്യാനം

ഒരു വിശ്വാസിയുടെ യഥാർത്ഥ ഗുണങ്ങളാണ് ഈ സൂക്തങ്ങളിൽ അല്ലാഹു വിവരിക്കുന്നത്. യഥാർത്ഥ വിശ്വാസികൾ അവർക്കിടയിൽ വല്ല പ്രശ്നവും ഉണ്ടായാൽതന്നെ അതിന്റെ പരിഹാരത്തിന്നായി അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും വിളിക്കപ്പെട്ടുകഴിഞ്ഞാൽ ആ വിളിക്ക് അവർ ഉടനെ ഉത്തരം നൽകുകയും എന്തുതന്നെ തീരുമാനം അല്ലാഹുവും അവന്റെ റസൂലും എടുത്താലും അതവർ പൂർണ്ണമായും സ്വീകരിക്കുകയും ആ തീരുമാനം പ്രവർത്തനപഥത്തിൽ കൊണ്ടുവരികയും ചെയ്യും. തത്ഫലമായി വിജയം അവരെ പുണരുന്നു. കാരണം അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും അല്ലാഹുവിനെ ഭയന്നുകൊണ്ടുള്ള ജീവിതം നയിക്കുകയും ചെയ്യുക എന്നത് തീർച്ചയായും ഒരു മനുഷ്യന് അവന്റെ ജീവിതലക്ഷ്യം നേടിക്കൊടുക്കുന്നതാണ്.

ഈ സൂക്തങ്ങളിൽ സമുദായ പുരോഗതിക്കുള്ള അതിപ്രധാനമായ ഒരു തത്വമാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. മുസ്‌ലിംകൾക്കിടയിലുള്ള പരസ്പര ഭിന്നതകൾ പരിഹരിക്കുന്നതിന് അവർ അല്ലാഹുവിനേയും

അവന്റെ ദൂതനേയും വിധികർത്താക്കളായി സ്വീകരിക്കാത്തിടത്തോളം കാലം മുസ്‌ലിംസമുദായമെന്ന നിലയിൽ ഒരിക്കലും അവർക്ക് വിജയിക്കാൻ സാധ്യമല്ല. എന്നാൽ, അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും വിധി സ്വീകരിച്ചാൽ, ഇന്നകാര്യത്തിൽ തനിക്ക് പ്രയോജനമുണ്ടാകുമെന്ന് കാണുമ്പോൾ അതു സ്വീകരിക്കുകയും എന്നാൽ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും വിധി ഇന്നകാര്യത്തിൽ സ്വീകരിച്ചാൽ തനിക്ക് നഷ്ടമുണ്ടാകുമെന്ന് കാണുമ്പോൾ അത് നിരാകരിക്കുകയും ചെയ്യുക എന്ന നിലപാട് തനികാപട്യമാണ്. മുനാഫിഖത്താണ്. ഇങ്ങനെയുള്ള ഒരു കാപട്യത്തെയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ഇസ്‌ലാം ആവശ്യപ്പെടുന്നത് എന്താണ്? നിങ്ങൾ യഥാർത്ഥ വിശ്വാസികളാണെങ്കിൽ മതപരമായ പ്രശ്നങ്ങൾക്ക് മാത്രമല്ല, നിങ്ങളുടെ രാഷ്ട്രീയപരമായ പ്രശ്നങ്ങൾക്കും, സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾക്കുമെല്ലാം വിധികർത്താവായി അല്ലാഹുവിനെയും അവന്റെ റസൂലിനെയും ആശ്രയിക്കുകയും അതിനുള്ള പരിഹാരം അവരിൽനിന്നുതന്നെ തേടുകയും ചെയ്യുക എന്നതാണ്.

മറ്റു മതങ്ങളെപോലെ വെറും ചില ആരാധനാകർമ്മങ്ങളിലോ ചിന്താധാരകളിലോ ഒതുങ്ങിനിന്നുകൊണ്ട് ഭൗതികകാര്യങ്ങളെയെല്ലാം മാറ്റിനിർത്തി, അതിന് മതവുമായി ഒരു ബന്ധവുമില്ലെന്ന് പറഞ്ഞ് മതത്തിൽനിന്നും അവയെ അകറ്റിനിർത്തുന്ന കാഴ്ചപ്പാടല്ല ഇസ്‌ലാം സമർപ്പിക്കുന്നത്. അങ്ങനെയുള്ള മതങ്ങൾ നമസ്കരിക്കാനും നോമ്പ് പിടിക്കാനും ദാനധർമ്മങ്ങൾ ചെയ്യാനും മറ്റും ഉപദേശിച്ചേക്കാം. എന്നാൽ, അത് സാമ്പത്തിക രംഗത്തെക്കുറിച്ചോ, അന്തർദേശീയ ബന്ധങ്ങളെക്കുറിച്ചോ, കടമിടപാടുകളെക്കുറിച്ചോ, പിന്തുടർച്ചാവകാശത്തെക്കുറിച്ചോ ഒന്നും പ്രതിപാദിക്കില്ല. ഇങ്ങനെ ഭൗതിക കാര്യങ്ങളൊന്നും പ്രതിപാദിക്കാത്ത മതങ്ങളിൽപെട്ടതാണ് ക്രിസ്തുമതം. ശരീഅത്തിനെതന്നെ ശാപമായിട്ടാണ് അത് കാണുന്നത്. അതിനുള്ള കാരണം വ്യക്തികളുടെ പ്രവർത്തനത്തെ അത് മതത്തിൽനിന്നും വേറിട്ടുകാണുന്നു എന്നതാണ്. അത് പറയുന്നത്; നിങ്ങൾ ആരാധിക്കുക, നോമ്പനുഷ്ഠിക്കുക, ദാനധർമ്മങ്ങൾ നടത്തുക, യേശുവിനെ ദൈവമായി മനസ്സിലാക്കുക എന്നാണ്. എന്നാൽ, കളവും കൊള്ളയും നടക്കുമ്പോൾ കള്ളനും കൊള്ളക്കാരനും നൽകേണ്ട ശിക്ഷപറയൽ മതത്തിന്റെ ജോലിയല്ലാ എന്നാണ് അത് പറയുന്നത്. അതല്ലെങ്കിൽ അന്തർദേശീയ ബന്ധങ്ങൾ നിലനിർത്താനുള്ള നിയമങ്ങൾ പറയേണ്ടതും സാമ്പത്തികമേഖലയെ ശക്തിപ്പെടുത്താനും അതിന്റെ പരിധികൾ നിർണ്ണയിക്കേണ്ടതും ആൺകുട്ടിക്കും പെൺകുട്ടിക്കും പിന്തുടർച്ചാവകാശത്തെക്കുറിച്ച് വിധി പറയേണ്ടതും മതമല്ലെന്നും അതെല്ലാം പാർലമെന്റിന്റെ ജോലിയാണെന്നും അത് അവകാശപ്പെടുന്നു.

എന്നാൽ, മറ്റുചില മതങ്ങൾ അവരുടെ പ്രവർത്തന മണ്ഡലം വളരെ വിശാലമാക്കിയതായി കാണാം. മനുഷ്യന്റെ വ്യക്തിപരമായ പ്രവർത്തനങ്ങൾ, പരസ്പര ബന്ധങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ, ഭരണസംവിധാനം എങ്ങനെ കൊണ്ടുപോകണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാം അത് പരാമർശിക്കുന്നു. അങ്ങനെയുള്ള മതങ്ങൾ സ്വീകരിക്കുന്നവർ ഭരണകാര്യങ്ങളിലും അവരുടെ മതനിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്. വിശ്വാസ പ്രമാണങ്ങളും നമസ്കാരം, നോമ്പുപോലുള്ള വ്യക്തിപരമായ ആരാധനാകല്പനകളും പാലിക്കുന്നതുപോലെത്തന്നെ മുകളിൽപറഞ്ഞ ഭൗതികകാര്യങ്ങൾക്കുള്ള നിർദ്ദേശങ്ങളും അവർ പാലിക്കാൻ നിർബ്ബന്ധിതരാണ്. ഇങ്ങനെയുള്ള മതങ്ങളിൽ ഒന്നാണ് യഹൂദമതം. മൂസവീ ശരീഅത്ത് വായിക്കുന്ന ഒരാൾക്ക് അതിൽ ഘാതകന് നൽകേണ്ട ശിക്ഷയെക്കുറിച്ചും കള്ളനു നൽകേണ്ട ശിക്ഷയെക്കുറിച്ചും യുദ്ധം നടക്കുകയാണെങ്കിൽ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും ബലി അറുക്കേണ്ട നിയമങ്ങളെക്കുറിച്ചും സാമ്പത്തിക ഇടപാട് എങ്ങനെ നടത്തണം എന്നതിനെക്കുറിച്ചും മറ്റുമുള്ള നിയമങ്ങൾ കാണാവുന്നതാണ്. ചുരുക്കത്തിൽ ഭരണസംവിധാനം എങ്ങനെ മുന്നോട്ടു കൊണ്ടുപോകണം എന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ യഹൂദ മതത്തിൽ കാണാം.

ഇവിടെ ഒരു പ്രശ്നം ഉദിക്കുന്നു. ഈ രണ്ട് മതഗണങ്ങളിൽ ഇസ്‌ലാം ഏതുഗണത്തിൽ പെടും എന്നത്. വിശുദ്ധഖുർആനും തിരുഹദീസുകളും വായിക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവന് പ്രഥമദൃഷ്ടിയാൽതന്നെ മനസ്സിലാക്കാൻ സാധിക്കുന്നത് ഇസ്‌ലാം ആദ്യഗണത്തിൽ പെടില്ലെന്നാണ്. നമസ്കാരം, നോമ്പ്, ഹജ്ജ്, സകാത്ത് തുടങ്ങിയ കാര്യങ്ങൾ ചെയ്യണം എന്ന് മാത്രമല്ല ഇസ്‌ലാം നിർദ്ദേശിക്കുന്നത്. കൂടാതെ ഭരണസംവിധാനം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നിർദ്ദേശങ്ങളും നിയമസംഹിതകളും അത് മുമ്പോട്ടുവെക്കുന്നുണ്ട്. ഉദാഹരണത്തിന് ദമ്പതിമാർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ഇസ്‌ലാം ചർച്ച ചെയ്യുന്നുണ്ട്. അവർക്കിടയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം, ഇനി ചില സന്ദർഭത്തിൽ ഭർത്താവ് ഭാര്യയെ ശാരീരികമായി ശിക്ഷിക്കുകയാണെങ്കിൽതന്നെയും അതിന്റെ പരിധി, അതെങ്ങനെ എന്നെല്ലാം ഇസ്‌ലാം പറയുന്നു. സാമ്പ

ത്തിക നിയമങ്ങളെക്കുറിച്ച് അത് ചർച്ചചെയ്യുന്നുണ്ട്. കടമിടപാട് നടത്തുമ്പോൾ എത്ര സാക്ഷികൾ വേണമെന്ന് കടമിടപാടിൽ ഏതെല്ലാം രീതികളാണ് അനുവദനീയമെന്നും ഏതെല്ലാം നിരോധിക്കപ്പെട്ടിട്ടുണ്ടെന്നും അത് പറയുന്നു. വ്യാപാരത്തെക്കുറിച്ചും വിധിന്യായത്തെക്കുറിച്ചും എല്ലാം അത് പ്രതിപാദിക്കുന്നുണ്ട്. ഘാതകനുള്ള ശിക്ഷ ഇന്നതാണെന്നും കള്ളനുള്ള ശിക്ഷ ഇന്നതാണെന്നും അത് പറയുന്നു. പിന്തുടർച്ചാവകാശത്തെക്കുറിച്ച് ഇസ്‌ലാം പറയുന്നുണ്ട്. സർക്കാരിന് നികുതി പിരിക്കാമെങ്കിലും അതിനുള്ള പരിധികൾ, ആ നികുതി ചിലവഴിക്കേണ്ട മാർഗ്ഗങ്ങൾ എന്നിവയെല്ലാം അത് വിവരിക്കുന്നുണ്ട്. കരാറുകൾ എഴുതുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണമെന്നും അന്തർദേശീയബന്ധങ്ങൾ നിലനിർത്താൻ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും ഇസ്‌ലാം പറയുന്നു. മുതലാളി തൊഴിലാളികളോട് എങ്ങനെ പെരുമാറണം എന്ന് അത് നിർദ്ദേശിക്കുന്നു. വഴി എത്ര വേണം, എങ്ങനെ വേണം എന്നും അത് നിർദ്ദേശിക്കുന്നുണ്ട്. ബഗ്ദാദ് പട്ടണം ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. അവിടെയുള്ള വലിയ റോഡുകൾ അറുപതടി വീതിയിലും ചെറിയ റോഡുകൾ മുപ്പതടി വീതിയിലുമാണ് നിർമ്മിച്ചിട്ടുള്ളത്. ചുരുക്കത്തിൽ ഭരണസംവിധാനം മുന്നോട്ടു ചലിപ്പിക്കാനാവശ്യമായ എല്ലാ നിർദ്ദേശങ്ങളും ഇസ്‌ലാം സമർപ്പിക്കുന്നുണ്ട്.

അതിനാൽ, ഇസ്‌ലാം സ്വീകരിക്കുന്ന ഒരു വ്യക്തിക്ക് അതിൽ അദ്ദേഹം ഭരണതലത്തിലുള്ള പല നിർദ്ദേശങ്ങളും കാണുമ്പോൾ ഇതൊന്നും മതത്തിന് ചേർന്നതല്ല എന്ന് പറഞ്ഞ് അതെല്ലാം തള്ളിക്കളയുന്നതിനു പകരം തിരുനബി(സ.അ)യുടെ എല്ലാ നിർദ്ദേശങ്ങളും നമസ്കാരം, നോമ്പ് എന്നിവയെപ്പോലെത്തന്നെ താൻ അംഗീകരിക്കേണ്ടതാണെന്ന് അയാൾ ഏറ്റുപറയുന്നു. കാരണം നമസ്കരിക്കാനും, നോമ്പെടുക്കാനും ഹജ്ജ് ചെയ്യാനും പറഞ്ഞ അതേ ദൈവം തന്നെയാണ് രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ മറ്റു കല്പനകളും, നൽകിയിരിക്കുന്നത്. അതുകൊണ്ട് ഏതൊരു കാര്യത്തെക്കുറിച്ചും വിധി പറയാൻ അല്ലാഹുവിലേക്കും റസൂലിലേക്കും വിശ്വാസി വിളിക്കപ്പെട്ടാൽ അവൻ ഉടൻത്തന്നെ പറയേണ്ടത് '***സമിഅ്നാ വഅത്വഅ്നാ***' എന്നാണ്. (ഞാൻ കേട്ടു, അനുസരിക്കുകയും ചെയ്തു). അങ്ങനെയുള്ള വരെക്കുറിച്ചാണ് അല്ലാഹു പറയുന്നത് '***ഉലാഇക്ക ഹുമുൽ മുഫ്‌ലിഹൂൻ***' അവർ തന്നെയാണ് വിജയികൾ.

ഈ വിഷയം തന്നെ സൂറത്തുന്നിസാഅ് എന്ന അധ്യായത്തിലും അല്ലാഹു പറയുന്നുണ്ട്.

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ
بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ
وَيُسَلِّمُوا تَسْلِيمًا ﴿٦٦﴾

അതായത് ഇവർക്കിടയിലുള്ള ഭിന്നിപ്പ് അവസാനിപ്പിക്കുന്നതിന്നായി നിന്നെ (ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ.അ) തിരുമേനിയെ) അവർ വിധികർത്താവായി സ്വീകരിക്കുകയും നിന്റെ വിധിയിൽ ഹൃദയാത്മനാ സംതൃപ്തരാവുകയും ചെയ്യാത്തിടത്തോളം അവർ ഒരിക്കലും യഥാർത്ഥ വിശ്വാസികളാകില്ലെന്ന് നിന്റെ നാഥനെക്കൊണ്ട് സത്യം! (4:66).

ഈ സൂക്തത്തിൽ രണ്ട് സുപ്രധാന കാര്യങ്ങളാണ് പരാമർശിച്ചിരിക്കുന്നത്. ഒന്ന്- ഇവിടെ അല്ലാഹു തിരുനബിയുടെ തീരുമാനത്തെ അന്തിമതീരുമാനമായാണ് പറഞ്ഞിട്ടുള്ളത്. തിരുനബി(സ.അ)യുടെ തീരുമാനത്തിന്നെതിരിൽ മറ്റൊരാളുടെ മുമ്പിലും അപ്പീലിനുപോകാൻ അനുവാദമില്ല. ഇവിടെ അന്തിമതീരുമാനം തിരുനബിക്ക് നൽകിയതിൽനിന്നും മറ്റൊരു കാര്യം മനസ്സിലാകുന്നത് തിരുനബിക്ക് ഭരണാധികാരവും നൽകപ്പെട്ടിരിക്കുന്നു എന്നുമാണ്. രണ്ടാമത്തെ കാര്യം അല്ലാഹുവിന്റെ ഈ വിധികളെ അംഗീകരിക്കുക എന്നത് വിശ്വാസവുമായി ബന്ധപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത് എന്നാണ്. ഇതും ദീനിന്റെ ഒരു ഭാഗമായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഉദാഹരണത്തിന് സൈദും ബക്കറും തമ്മിൽ ഒരു തർക്കമുണ്ടായെന്നിരിക്കട്ടെ. ഒരാൾ പറയുന്നു. എനിക്കവൻ പത്തുരൂപ തരാനുണ്ടെന്ന്. മറ്റവൻ പറയുന്നു ഞാൻ പത്തുരൂപ കൊടുക്കാനില്ലെന്ന്. ഈ കേസ് തിരുനബി(സ.അ)യുടെ അടുത്ത് എത്തുന്നു എന്നിരിക്കട്ടെ. തിരുനബി ഒരാൾക്ക് അനുകൂലമായി വിധി പറയുന്നു. ഈ വിധി മറ്റേ വ്യക്തി നിഷേധിക്കുകയാണെങ്കിൽ അവൻ വിശ്വാസി (മുഅ്മിൻ) ആവുകയില്ല. അദ്ദേഹം നമസ്കരിച്ചാലും നോമ്പെടുത്താലും സക്കാത്ത് നൽകിയാലും ഹജ്ജ് ചെയ്താലും തിരുനബിയുടെ ഏതെങ്കിലും തീരുമാനത്തെ അംഗീകരിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ അങ്ങനെയുള്ളവൻ വിശ്വാസിയല്ലെന്ന് അല്ലാഹു ഈ വചനത്തിലൂടെ വിധി പറയുന്നു. ഈ ഒരുകാര്യം തന്നെയാണ് സൂറത്തുന്നൂറിലെ പ്രസ്തുത ആയത്തുകളിലും അല്ലാഹു പറയുന്നത്.

*(അവലംബം, തഫ്സീർ കബീർ, വിവ: എം.നാസിർ അഹ്മദ്)*

●

*ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു)*

# നീതിനിർവ്വഹണം: നബി(സ) തിരുമേനി ഉദാത്തമാതൃക

رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِّنْهُمْ يَتْلُوا
عَلَيْهِمْ آيَاتِكَ وَيُعَلِّمُهُمُ الْكِتَابَ
وَالْحِكْمَةَ وَيُزَكِّيهِمْ ۚ إِنَّكَ أَنتَ
الْعَزِيزُ الْحَكِيمُ ﴿١٣٠﴾

**ഹി**ക്മത്തിന് നീതിയും ന്യായവും എന്നും അർത്ഥമുണ്ട്. ഈ പദത്തിനുള്ള, നീതി എന്ന അർത്ഥമനുസരിച്ച് ആ മഹാത്മാവിന്റെ ജീവിതത്തിലെ ഒന്നുരണ്ട് സംഭവങ്ങൾ പറയുന്നതാണ്. പിന്നീട് ഖുർആന്റെ പാഠങ്ങളും വിവരിക്കുന്നതായിരിക്കും. നിവേദനങ്ങളിൽ വന്നിരിക്കുന്നു. ഹുനയ്ൻ യുദ്ധത്തിനുശേഷം ഗനീമത്തു മുതൽ (യുദ്ധത്തിൽ കിട്ടിയ മുതൽ) വിതരണം ചെയ്യാൻ തുടങ്ങുമ്പോൾ, ചില അറേബ്യൻ നേതാക്കന്മാർക്ക് മറ്റുള്ളവരുടെമേൽ പരിഗണന നല്കിക്കൊണ്ട് നബി(സ) കൂടുതൽ ധനം വിതരണം ചെയ്തു. അപ്പോൾ, 'നീ നീതിപൂർവ്വം പെരുമാറിയില്ല' എന്നു പറഞ്ഞ് ആരോ ആക്ഷേപം ഉന്നയിച്ചു. അതുകേട്ടപ്പോൾ നബി(സ) പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ നീതിപൂർവ്വം പെരുമാറുന്നില്ലെങ്കിൽ, പിന്നെ നീതി നടപ്പാക്കാൻ ആരാണുള്ളത്."

അവർക്ക് കൂടുതൽ നല്കിയത് അവരുടെ ഹൃദയം ഇണക്കുന്നതിനുവേണ്ടിയായിരുന്നു; അറേബ്യയിലെ നേതാക്കന്മാർ ഇസ്ലാമിനോടു അടുക്കുന്നതിനുവേണ്ടിയായിരുന്നു. അവർ ഇസ്ലാമിനോടു അടുത്തുവരികയും അത് സ്വീകരിക്കുകയും ചെയ്തു. കൂടുതൽ ഓഹരി അവർക്ക് നല്കിയത്, ആരോടെങ്കിലും അതിക്രമം പ്രവർത്തിച്ചുകൊണ്ടായിരുന്നില്ല. അല്ലാഹു ഗനീമത്തു മുതലിന്റെ 1/5 ഭാഗം അല്ലാഹുവിനും റസൂലിനുംവേണ്ടി അനുവദിച്ചിട്ടുള്ളതാണ്. വിവിധതരക്കാർക്ക് അത് വിതരണം ചെയ്യാനുള്ള അധികാരവും നബി(സ)ന് കൊടുത്തിട്ടുണ്ട്. ആ മഹാത്മാവ് ഒരിക്കൽ പറഞ്ഞു: "ചിലർക്ക് ഞാൻ അധികം കൊടുക്കുന്നത്, അവരുടെ വിശ്വാസപരമായ ബലഹീനതയും അതിമോഹവും കണക്കിലെടുത്തുകൊണ്ടാണ്. വിശ്വാസത്തിൽ ദൃഢചിത്തരായവർക്ക് ചില സന്ദർഭങ്ങളിൽ ഞാൻ കുറച്ചുകൊടുക്കുന്നു. ദൃഢചിത്തരായ വിശ്വാസികൾ എനിക്ക് കൂടുതൽ പ്രിയപ്പെട്ടവരാണ്. ഞാന വരെ സ്നേഹിക്കുന്നു."

അതിനാൽ, ആർക്കെങ്കിലും നബി(സ) അധികം കൊടുത്തിരുന്നുവെങ്കിൽ അതും അല്ലാഹുവിന്റെ കല്പനയനുസരിച്ചും ഹിക്മത്തനുസരിച്ചുമായിരുന്നു കൊടുത്തിരുന്നത്. നീതി സ്ഥാപിക്കുന്നതിനുള്ള ജീവിതമാതൃകയായിരുന്നു അത്. ഗനീമത്ത് മുതൽ കിട്ടിയവർ തങ്ങളുടെ ഈമാൻ ശക്തിപ്പെടുത്തുന്നതിന് ശ്രമിക്കുകയും ചെയ്തിരുന്നു.

അല്ലാഹു പറയുന്നു:

***ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽഇഹ്സാനി വ ഈത്താഇദിൽ ഖുർബാ വയൻഹാ അനിൽഫഹ്ശാഇ വൽമുൻകരി വൽബഗ്‌യി യയിളുക്കും ലഅല്ലക്കും തദക്കറൂൻ.***

നീതിപുലർത്തുന്നതിനും നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കളോടെന്നപോലെ സഹായം നല്കുന്നതിനും തീർച്ചയായും അല്ലാഹു കല്പിക്കുന്നു. നീചപ്രവൃത്തിയേയും നിഷിദ്ധ കർമ്മത്തേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു (16:91).

ഈ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചാൽ കുടുംബപരമായ പ്രശ്നങ്ങളും പരിഹരിക്കപ്പെടും, ദേശീയവും അന്തർദേശീയവുമായ പ്രശ്നങ്ങളും പരിഹരിക്കപ്പെടും. അത്രമാത്രം യുക്തിനിർഭരമായ അധ്യാപനമാണിത്. യുക്തിയോടുകൂടി ചെയ്യുന്ന നീതി, നന്മയുടെ നില ഉയർത്തുകയും നീതിയ്ക്കുശേഷം സ്നേഹവും സന്തോഷവും ഉണ്ടാക്കുകയും ചെയ്യുന്നതായിരിക്കും. തിന്മയിൽനിന്ന് രക്ഷപ്പെടാൻ സമൂഹം ശ്രമിക്കുന്നതാണ്. തിന്മയിൽനിന്ന് രക്ഷപ്പെടുന്നതോടെ, നീതിയുടെ പുതിയ പുതിയ നിലകൾ സ്ഥാപിതമാകുന്നതുമായിരിക്കും. കടമകൾ നിർവ്വഹിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാകും. നീതി, പകരം വീട്ടുന്നതുകൊണ്ടുമാത്രം സ്ഥാപിതമാകുകയില്ല. ചില ഘട്ടങ്ങളിൽ നന്മ പ്രവർത്തിക്കുന്നതിലൂടെ നീതി സ്ഥാപിതമാകും. സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും വികാരപ്രകടനങ്ങൾ കൊണ്ടും നീതി നിലനില്ക്കും. അല്ലാഹുവിനോടുള്ള ഭയം കാരണത്താൽ തിന്മകൾ ഉപേക്ഷിക്കുകയും നന്മകൾ കൈക്കൊള്ളുകയും ചെയ്യുമ്പോൾ നീതി നിലനില്ക്കുന്നതാണ്. ആരോടെങ്കിലും പകരം ചോദിക്കുന്നതുകൊണ്ടോ ആർക്കെങ്കിലും ശിക്ഷ നല്കുന്നതുകൊണ്ടോ മാത്രം- അത്

പരോപകാരതയുടെ മൂന്നാമത്തെ നില, ഉപകാരം ചെയ്യുകയാണെന്നുള്ള വിചാരവും കൃതജ്ഞതാപ്രതീക്ഷയും കൂടാതെ അനുകമ്പാവേശത്തോടുകൂടി, ഏറ്റവുമടുത്ത ബന്ധുക്കൾക്കെന്നപോലെ അന്യർക്ക് നന്മ ചെയ്യുകയാകുന്നു. അതായത് മാതാവ് സ്വന്തം മക്കൾക്ക് വാത്സല്യാതിരേകത്താൽ ഫലകാംക്ഷ കൂടാതെ നന്മ ചെയ്യുന്നതുപ്രകാരം അന്യർക്കുപകാരം ചെയ്യുകതന്നെ. ഇത് പരോപകാരതയുടെ പരമമായ നിലയാകുന്നു. ഇതിനപ്പുറം കയറിച്ചെല്ലുവാൻ മനുഷ്യന് സാദ്ധ്യമല്ല. ഇതിനാണ് ഈത്തായിദിൽഖുർബാ (ബന്ധുക്കൾക്കെന്നപോലെ സൗജന്യസഹായം ചെയ്യുക) എന്നു പേർ ചെയ്തിരിക്കുന്നത്. എന്നാൽ, പരോപകാര ധർമ്മത്തിന്റെ താഴ്ന്നപടിതൊട്ട് പരമമായ ഉയർന്നപടിവരെയുള്ള സകലശാഖകളും സന്ദർഭൗചിത്യവുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ നന്മകളെല്ലാം അതതുകളുടെ സ്ഥാനൗചിത്യം നോക്കി ചെയ്യാത്തപക്ഷം തിന്മകളായിത്തീരുന്നതാണെന്നു പ്രസ്തുത ഖുർആൻ വാക്യം നല്ലപോലെ വ്യക്തമാക്കിത്തരുന്നുണ്ട്. അതായത് പ്രയോഗപാത്രത്തിന്റെ അനൗചിത്യം നിമിത്തം 'അദ്ല്' അഥവാ 'പ്രത്യുപകാരം' എന്ന ധർമ്മം **ഫഹ്ശാഅ്** അഥവാ 'അസഭ്യത' ആയി പരിണമിക്കുന്നതാണ്. അതേപ്രകാരം 'ഇഹ്സാൻ' അഥവാ 'സഹായോപകാരം' അനുചിതമായ നിലയിൽ ചെയ്യപ്പെടുന്നതായാൽ **മുൻകർ**' അഥവാ 'ഹീനകൃത്യ' മായിത്തീരും. അതായത് മനസ്സാക്ഷി വെറുക്കുന്നതും ബുദ്ധി നിരാകരിക്കുന്നതുമായ നിന്ദ്യകൃത്യമായിത്തീരുന്നതായിരിക്കും. 'ഈത്തായിദിൽഖുർബാ' അഥവാ 'ബന്ധുസ്നേഹം' കൊണ്ടെന്നപോലെ ചെയ്യപ്പെടുന്ന സൗജന്യോപകാരം അസ്ഥാനത്തിലാകുമ്പോൾ അത് 'ബഗ്യ്' അഥവാ 'അതിക്രമം' ആയിത്തീരുന്നതാണ് '**ബഗ്യ്**' എന്ന വാക്കിന്റെ ധാത്വാർത്ഥം വിളവുകളുടെ നാശത്തിനു കാരണമാക്കുന്ന 'അതിവൃഷ്ടി' എന്നാകുന്നു. അതിനാൽ, കർത്തവ്യ നിർവ്വഹണത്തിൽ അമിതത്വമോ ന്യൂനത്വമോ ആയ നില സ്വീകരിക്കുന്നത് 'ബഗ്യ്' (അതിക്രമം) ആയിത്തീരുന്നതാണ്. ചുരുക്കിപ്പറയുന്നതായാൽ, പ്രസ്തുത മൂന്നു നിലകളിലുള്ള നന്മകളും, അസ്ഥാനങ്ങളിലും അപാത്രങ്ങളിലും ചെയ്യപ്പെടുമ്പോൾ ദോഷങ്ങളായി പരിണമിക്കും. അതുകൊണ്ടാണ് ഈ ഗുണകർമ്മങ്ങളോടു സന്ദർഭൗചിത്യത്തെ അവശ്യനിബന്ധനയായി നിശ്ചയിച്ചിരിക്കുന്നത്. ഈ ഔചിത്യ ദീക്ഷ കൂടാതെയുള്ള കേവലമായ പ്രത്യുപകാരമോ സഹായോപകാരമോ ബന്ധുതാപരമായ സൗജന്യോപകാരമോ ധാർമ്മിക ഗുണമായി പരിഗണിക്കപ്പെടാവുന്നതല്ല. എന്തെന്നാൽ, ഈ ഗുണങ്ങളെല്ലാം വിവേകബുദ്ധി പക്വമാകുന്നതിനു മുമ്പേ ശിശുക്കളിൽപോലും സ്വാഭാവികബോധങ്ങളുടെ രൂപത്തിൽ സ്ഥിതി ചെയ്യുന്നവയാണ്. അവ ധാർമ്മിക ഗുണങ്ങളായിത്തീരുന്നതിനു വിവേകബുദ്ധിയുടെ വ്യാപരത്തോടുകൂടി അവ വെളിപ്പെടേണ്ടി ഭൗതികമായ നീതിയാണെന്നത് ശരി പക്ഷേ, അല്ലാഹു പറഞ്ഞിട്ടുള്ള നിയമങ്ങൾ നോക്കുമ്പോൾ അത് നീതിയാകുകയില്ല. അതുകൊണ്ട് ചിലപ്പോൾ സംസ്കരണവും നടക്കുകയില്ല. മറിച്ച്, ശത്രുത വർദ്ധിക്കുന്നതായിരിക്കും. വെറുപ്പും വൈരാഗ്യവും ഉണ്ടാകും. പകയും വിദ്വേഷവും വർദ്ധിക്കും. അതുകൊണ്ട് സന്ദർഭവും സാഹചര്യവുമനുസരിച്ച് വിധിക്കുന്നതാണ് നീതി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"നന്മയ്ക്കു പകരം നന്മ ചെയ്യാനും പ്രത്യുപകാരത്തിൽ കവിഞ്ഞ് നന്മ ചെയ്യുവാനുമുള്ള അവസരത്തിൽ സഹായോപകാരം ചെയ്യുവാനും സഹായോപകാരത്തിൽ കവിഞ്ഞ് ബന്ധുത്വപരമായ അനുകമ്പ കാണിക്കേണ്ട ഘട്ടത്തിൽ സ്നേഹാവേശത്തോടെ സൗജന്യദാനം ചെയ്യുവാനും അല്ലാഹു നിങ്ങളോട് ആജ്ഞാപിക്കുന്നു; നീതിധർമ്മത്തിന്റെ പരിധിയെ ലംഘിക്കുന്നതിനെയും പരോപകാര വിഷയത്തിൽ ബുദ്ധി നിരാകരിക്കുന്ന അനാശാസ്യമായ നില കൈക്കൊള്ളുന്നതിനെയും (അതായത്, അപാത്രത്തിൽ നന്മ ചെയ്യുന്നതിനു ഉൽസുകതയോ സൽപാത്രത്തിൽ നന്മ ചെയ്യുന്നതിനു ഉപേക്ഷയോ കാണിക്കുന്നതിനെയും) ബന്ധുതാപരമായ അനുകമ്പ കാണിക്കേണ്ട സ്ഥാനത്ത് സ്നേഹാവേശത്തോടുകൂടിയ സൗജന്യോപകാരം ചെയ്യുന്നതിൽ കുറവു വരുത്തുകയോ അതിരുകവിഞ്ഞ ആർദ്രതാ ശീലം പ്രകടിപ്പിക്കുകയോ ചെയ്യുന്നതിനെയും അവൻ വിരോധിക്കുകയും ചെയ്യുന്നു" (16:91).

(അതായത്, അസ്ഥാനത്ത് ഔദാര്യം കാണിക്കുന്നതും തെറ്റാണ്. സ്ഥാനത്തും ചെയ്യേണ്ട സമയത്തും ഔദാര്യം കാണിക്കാതിരിക്കുന്നതും തെറ്റാണ്. അടുത്ത ബന്ധുക്കളോട് പെരുമാറുന്നതുപോലെ, ഉമ്മ കുട്ടിയോട് പെരുമാറുന്നതുപോലെയുള്ള സ്വഭാവം കാണിക്കേണ്ടതാണ്. ഇതിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് തെറ്റായ സമീപനമായിരിക്കും.)

വിശുദ്ധഖുർആൻ ഉപകാരകാരികളെ ഇപ്രകാരമാണ് ഗുണദോഷിക്കുന്നത്: അല്ലയോ ഗുണകാരികളേ! നിഷ്കളങ്കതയെ ആസ്പദിച്ചായിരിക്കേണ്ടുന്ന നിങ്ങളുടെ ദാനധർമ്മങ്ങളെ, നിങ്ങൾ സഹായിച്ചവരെ ഉപകാര ബാദ്ധ്യതകളെക്കുറിച്ച് ഓർമ്മപ്പെടുത്തിയും അവരെ ദ്രോഹിച്ചും നിഷ്ഫലമാക്കരുത്(2:265). ഈ വാക്യത്തിൽ 'ദാനധർമ്മം' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന **സ്വദഖ** എന്ന മൂലപദം 'നിഷ്കളങ്കത' എന്നർത്ഥമുള്ള **സ്വിദ്ഖ്** എന്ന വാക്കിൽ നിന്നുല്പന്നമായതാണ്. തന്മൂലം നിഷ്ക്കപടവും നിഷ്കളങ്കവുമായ ഹൃദയത്തോടുകൂടി ചെയ്യുന്ന സഹായോപകാരം മാത്രമെ യഥാർത്ഥ ധർമ്മമായിരിക്കുകയുള്ളൂ; അല്ലാത്തതെല്ലാം വെറും അഭിനയമത്രെ. ചുരുക്കത്തിൽ പരോപകാരി ചിലപ്പോൾ തന്റെ ഉപകാരത്തെക്കുറിച്ച് എടുത്ത് പറയുന്നത് വലുതായ ന്യൂനതയായിരിക്കുന്നതിനാലാണ് അതിനെപ്പറ്റി വിശുദ്ധഖുർആൻ പ്രത്യേകിച്ചും ഗുണദോഷിച്ചിരിക്കുന്നത്.

യിരിക്കുന്നു. അപ്പോൾ പ്രകൃതിശക്തികളോരോന്നും വിവേചനബുദ്ധിയുടെ പ്രകാശത്തിൽ സ്ഥാനാസ്ഥാന വിചാരത്തോടെ വ്യാപരിക്കപ്പെടുമ്പോഴാണ് സൽഗുണമായി പരിണമിക്കുന്നത്."

ഈ യുക്തിനിർഭരമായ അധ്യാപനമാണ് വിശുദ്ധ ഖുർആൻ നല്കുന്നത്. അത് സമൂഹത്തിൽ നീതി നിലനിറുത്തുന്നതിന് കൂടുതൽ വഴി കാണിക്കുന്നു. ഒരു കള്ളനെ ശിക്ഷിക്കാതെ വിട്ടാൽ അത് നീതിയല്ല. പക്ഷേ, വിശപ്പകറ്റാൻ വേണ്ടി ഒരാൾ റൊട്ടി മോഷ്ടിക്കുകയാണെങ്കിൽ, ശിക്ഷ കൊടുക്കുന്നതിനു പകരം അവന് ഭക്ഷണം കഴിക്കാനുള്ള ഏർപ്പാട് ചെയ്യേണ്ടത് നിർബ്ബന്ധമാണ്. ഇതാണ് നീതി; അവന്റെയും അവന്റെ ഭാര്യാമക്കളുടേയും വിശപ്പകറ്റുന്നതിനുവേണ്ടി ഏർപ്പാട് ചെയ്തുകൊടുക്കേണ്ടതാണ്. ഈ നന്മ ചെയ്യുമ്പോൾ നീതി നിലനില്ക്കും. എന്നാൽ, ഈ റൊട്ടി മോഷ്ടിക്കുന്നവൻ പകുതി മോഷ്ടാവാകുകയാണെങ്കിൽ അവന് ശിക്ഷ കൊടുക്കുന്നത് നീതിയാണ്. ഓരോ സാഹചര്യത്തിനും സന്ദർഭത്തിനുമനുസരിച്ചുള്ള കർമ്മമാണ് നീതി.

വിശുദ്ധഖുർആന്റെ അധ്യാപനത്തിന്റെ സംക്ഷിപ്തമാണ് തൗഹീദിന്റെ സംസ്ഥാപനവും സമസൃഷ്ടികളോടുള്ള കടമ നിറവേറ്റലും. ഇതിനുവേണ്ടി മനുഷ്യചിന്താഗതിയിൽ നീതിയുണ്ടാക്കേണ്ടത് നിർബ്ബന്ധമാണ്. ഇക്കാര്യം ഓർമ്മയിൽ നിലനിറുത്തുന്നതിനായി അല്ലാഹു ഒരിടത്ത് പറയുന്നു:

അല്ലയോ വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഏതെങ്കിലും ജനതയുടെ ശത്രുത അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക. അത് ഹൃദയഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്. (5:9).

ഇതാണ് നീതിയും ന്യായവും. മനോഹരവും യുക്തിനിർഭരവുമായ അധ്യാപനവും. ഒന്നാമതായി പറഞ്ഞത്, വിശ്വാസിയാണെന്ന് വാദമുണ്ടെങ്കിൽ, മുഅ്മിൻ എന്ന് പറയപ്പെടുന്നെങ്കിൽ മുഅ്മിൻ എപ്പോഴും നീതിക്കുവേണ്ടിയേ നില്ക്കുകയുള്ളൂ. അവന്റെ ജോലി അല്ലാഹുവിന്റെ കല്പനകളുടെ വെളിച്ചത്തിൽ നീതി സ്ഥാപിക്കലാണ്. ഈ ചിന്താഗതിക്കാരനാണെങ്കിൽ മുഅ്മിൻ ആയിരിക്കും. കാരണം ഇതില്ലാത്ത ഈമാൻ ന്യൂനമാണ്. ഈ ചിന്താഗതി ഉണ്ടായാൽ നീതിയും ന്യായവും നിങ്ങളുടെ ഉള്ളിൽനിന്ന് പുറപ്പെട്ടുവരും. ഹൃദയത്തിന്റെ ശബ്ദം അല്ലാഹുവിന്റെ തൃപ്തിയായിത്തീരുകയും, അവന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നതായിമാറുകയും ചെയ്താൽ, പിന്നെ ഒരുതരം ശത്രുതയും നിങ്ങളെ നീതിപാലിക്കുന്നതിൽനിന്ന് തടയുകയില്ല. അതുകൊണ്ട് മുഅ്മിന്റെ പ്രവർത്തി, തഖ്‌വയിൽ പദമൂന്നിക്കൊണ്ട് എപ്പോഴും നീതിയുടെ തേട്ടം പൂർത്തിയാക്കുക എന്നതാണ്. ഈ ആയത്തിൽ അല്ലാഹു പറയുന്നു, നിങ്ങൾ തഖ്‌വയോടുകൂടി പ്രവർത്തിക്കുന്നില്ലെങ്കിൽ അല്ലാഹുവിൽനിന്ന് ഒരു കാര്യവും മറഞ്ഞിരിക്കുന്നില്ല എന്ന് ഓർമ്മിക്കുക. ഈ മഹത്തായ അധ്യാപനം കണ്ടിട്ടും അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ യഥാർത്ഥ മുഅ്മിൻ എന്ന് പറപ്പെടുകയില്ല. നീതി സ്ഥാപിക്കുന്നതിനുള്ള മനോഹരമായ അധ്യാപനമാണിത്. ഇത് വിശുദ്ധഖുർആന്റെ മാത്രം പ്രത്യേകതയാണ്.

ഹിക്മത്തിന് ബുദ്ധിയെന്നും അർത്ഥമുണ്ട്. മഹാനായ ഈ റസൂലിന് മേൽ ഇറങ്ങിയ ഗ്രന്ഥത്തിൽ യുക്തിനിർഭരമായ കല്പനകളാണുള്ളത്. അതിനെല്ലാം തെളിവുകളും ഇറക്കിയിട്ടുണ്ട്. ഓരോ സന്ദർഭവും സാഹചര്യവും അനുസരിച്ചാണ് വിധി കല്പിക്കേണ്ടത്. ഇതിനുള്ള ഉദാഹരണങ്ങൾ ഞാൻ പറഞ്ഞുകഴിഞ്ഞു. കുറ്റവാളിയാണെങ്കിൽ ശിക്ഷ കൊടുക്കുക. എന്നാൽ ചെറിയ കാര്യങ്ങളുടെമേൽ കോപാകുലനായിക്കൊണ്ട് ശിക്ഷ നല്കരുത്. മാപ്പു കൊടുത്താൽ നന്നാകുമെങ്കിൽ മാപ്പ് കൊടുക്കുന്നതാണ് യുക്തി. ഇനി അരക്കള്ളന് മാപ്പുകൊടുത്താൽ അവൻ മുഴുക്കള്ളനായി മാറുമെങ്കിൽ അവനെ ശിക്ഷിക്കുകയും വേണം. ഇപ്രകാരംതന്നെ കൊലപാതകിക്ക് മാപ്പുകൊടുത്താൽ വീണ്ടും കൊലപാതകം നടക്കും. അത്തരം ഘട്ടങ്ങളിൽ അവരെ ശിക്ഷിക്കേണ്ടത് നിർബ്ബന്ധമായിത്തീരുന്നു.

ഖുർആനിലെ ഏത് കല്പനയെടുത്തുനോക്കിയാലും അതിൽ ഹിക്മത്ത് കാണാം. ഈ കല്പനകൾക്കെല്ലാം സുദീർഘമായ വിശദീകരണമാണുള്ളത്. അവയെല്ലാം മുന്നിൽവെച്ചുകൊണ്ട് സത്യവിശ്വാസി അതിലെ ഹിക്മത്തിൽ ചിന്തിച്ചാൽ ഓരോരുത്തരുടേയും ബുദ്ധി വികസിക്കുന്നതോടൊപ്പം സമൂഹത്തിലും അറിവും ജ്ഞാനവും പരക്കുന്നതുകൊണ്ട് സ്നേഹവും സന്തോഷവും നടപ്പിൽ വരികയും ചെയ്യും. ബുദ്ധി കൂടുതൽ തെളിമയാർന്നതായിത്തീരും. അതുകൊണ്ട് ഒരു മുഅ്മിൻ അതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. വിശുദ്ധഖുർആനിൽനിന്ന് മുത്തും പവിഴവും അന്വേഷിച്ചുകണ്ടെത്തേണ്ടതാണ്. ഇതുതന്നെയാണ് അല്ലാഹുവിന്റെ കല്പനയും. ***വദ്കുർന മാ യുത്‌ലാ ഫീ ബുയൂത്തിക്കു ന്ന മിൻ ആയാത്തില്ലാഹി വൽഹിക്മത്തി ഇന്നല്ലാഹ കാന ലത്വീഫൻ ഖബീറാ.*** നിങ്ങളുടെ വീടുകളിൽ വായിക്കപ്പെടുന്ന അല്ലാഹുവിന്റെ വചനങ്ങളേയും ജ്ഞാനത്തേയും നിങ്ങൾ ഓർമ്മവയ്ക്കുവിൻ. അല്ലാഹു വളരെ കനിവുള്ളവനും സൂക്ഷ്മജ്ഞനുമാണ് (33:35).

ഖുർആനിലെ കല്പനകൾ ഓർമ്മവയ്ക്കാനാണ് നമ്മളോട് കല്പിച്ചിട്ടുള്ളത്. ഈ വചനങ്ങളുടേയും ജ്ഞാനത്തിന്റേയും കാര്യങ്ങൾ വിശുദ്ധഖുർആനിൽ എത്രത്തോളം വിവരിച്ചിട്ടുണ്ടോ അത് നാം ഓതുകയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്യുന്നു. (*18.1.08- ലെ ഖുത്ബയിൽനിന്ന്, വിവ: മൗലവി മുഹമ്മദ് ഇസ്മായീൽ*)

*ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)*

# യഥാർത്ഥ ഇസ്‌ലാമിക ഖിലാഫത്ത്

നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും, അവർക്കായി അവൻ തൃപ്തിപ്പെട്ടിട്ടുള്ള അവരുടെ മതത്തെ തീർച്ചയായും അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം അവർക്ക് സമാധാനം പകരം നൽകുകയും, ചെയ്യുമെന്നും. അവർ എന്നെ ആരാധിക്കുകയും എന്നോടു യാതൊന്നിനേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യും; ഇതിനുശേഷം ആർ നിഷേധിക്കുന്നുവോ അവരത്രെ ആജ്ഞാലംഘകർ (24:55).

ഈ ആയത്ത് ഇസ്‌ലാമിക ഖിലാഫത്തിനെ സംബന്ധിച്ചതാണെന്നത്രെ മുൻകഴിഞ്ഞ വ്യാഖ്യാതാക്കളെല്ലാം പ്രസ്താവിച്ചിട്ടുള്ളത്. അപ്രകാരംതന്നെ തിരുനബി(സ.അ)യുടെ സ്വഹാബികളും(റ) ഒട്ടുമിക്ക ഖുലഫാഉർറാശീദിനും ഇതിനെക്കുറിച്ച് സാക്ഷ്യം വഹിച്ചിരിക്കുന്നതും ഇതുതന്നെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ കൃതികളിൽ ഈ വിശുദ്ധവാക്യത്തെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് അത് ഇസ്‌ലാമിക ഖിലാഫത്തിനെക്കുറിച്ചാണെന്ന് പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. ഈ വചനത്തിൽ അല്ലാഹു പറയുകയാണ്. യഥാർത്ഥ ഇസ്‌ലാമിക ഖിലാഫത്തിൽ വിശ്വസിക്കുന്ന മുഅ്മിനീങ്ങളെ! (ഇവിടെ ഖിലാഫത്തിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. അതുകൊണ്ട് ആമനൂ എന്ന വാക്കിൽ വിശ്വാസികളെ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഖിലാഫത്തിൽ വിശ്വസിക്കുന്നവരെ കുറിച്ചാകാനെ തരമുള്ളൂ. ഈ വചനം ഖിലാഫത്തിൽ ബയ്അത്ത് ചെയ്തവരെക്കുറിച്ചാണ്. ബയ്അത്ത് ചെയ്യാത്തവരെക്കുറിച്ചല്ല. കാരണം അവർക്ക് ഖിലാഫത്തിൽ വിശ്വാസമില്ല) യഥാർത്ഥ ഇസ്‌ലാമിക ഖിലാഫത്തിനെ നിലനിറുത്തുകയും തൽസ്ഥാപനത്തിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നവരെ! നിങ്ങളോടു അല്ലാഹു ഒരു വാഗ്ദാനം ചെയ്യുന്നു. നിങ്ങൾക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ ഭൂമിയിൽ നാം നിങ്ങളിൽനിന്നും ഖലീഫമാരെ നിയോഗിക്കുന്നതും നാം അവർക്കായി തൃപ്തിപ്പെട്ട മതത്തെ അവർക്കായി നിലനിർത്തുന്നതുമാണെന്നാണ് ആ വാഗ്ദാനം. അതായത്, അവരുടെ മതവിശ്വാസമേതോ അതുതന്നെയാണ് ദൈവത്തിന് തൃപ്തികരമായതെന്നും അവരുടെ അതേ വിശ്വാസത്തേയും മാർഗ്ഗത്തേയും ലോകത്ത് സ്ഥാപിക്കുന്നതാണെന്നും അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ഇനി അവർക്ക് വല്ലതരത്തിലും ഭീതിയുളവായെങ്കിൽ അതിനെ പരിഹരിച്ച് സമാധാനനില പുനഃസ്ഥാപിക്കുകയും ചെയ്യുന്നതാണ്. എന്നാൽ, അതേ സമയത്ത് അവർ എപ്പോഴും ഏകദൈവസിദ്ധാന്തത്തെ (തൗഹീദിനെ) ലോകത്ത് സ്ഥാപിക്കുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കുമെന്നും ഒരിക്കലും ദൈവത്തോടൊപ്പം ഒന്നിനേയും പങ്കുചേർക്കുന്നതല്ലെന്നും (ശിർക്ക് ചെയ്യുന്നതല്ലെന്നും) അവരിൽനിന്നും ദൈവം പ്രതീക്ഷിക്കുന്നു. അതായത്, ശിർക്ക് പരമായ മതസിദ്ധാന്തങ്ങളെ അവർ നേരിടുകയും ഇസ്‌ലാമിന്റെ യഥാർത്ഥ ഏകദൈവസിദ്ധാന്തത്തെ പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ്.

എന്നാൽ, ഖിലാഫത്ത് സ്ഥാപിതമായതിനുശേഷം ഖിലാഫത്തിൽ വിശ്വസിക്കുന്നവർ അതിനെ നശിപ്പിച്ചുകളയുകയാണെങ്കിൽ അനന്തരഫലങ്ങൾക്ക് ഞാൻ ഉത്തരവാദിയായിരിക്കില്ലെന്നും ദൈവം പറയുന്നു. കാരണം അവൻ പറയുന്നു: "ഞാൻ സോപാധികമായ ഒരനുഗ്രഹ വാഗ്ദാനമാണ് ചെയ്തിട്ടുള്ളത്. ഈ ഖിലാഫത്തിനെ നഷ്ടപ്പെടുത്തിയതിന്റെ പൂർണ്ണ ഉത്തരവാദിത്തം വിശ്വാസികളുടെ പക്കൽതന്നെയായിരിക്കും. ഞാൻ ഇതുസംബന്ധമായി ഒരു പ്രവചനമായിരുന്നു ചെയ്തിരുന്നതെങ്കിൽ എന്റെ പ്രവചനം പുലർന്നില്ലെന്ന് പറഞ്ഞ് എന്നെ കുറ്റപ്പെടുത്താമായിരുന്നു. എന്നാൽ, ഞാൻ പ്രവചനമല്ല ചെയ്തത്. മറിച്ച്, നിങ്ങളോട് ചില നിബന്ധനകളോടുകൂടിയ ഒരു വാഗ്ദാനം മാത്രമാണ് ചെയ്തിട്ടുള്ളത്. നിങ്ങൾ ഖിലാഫത്തിൽ വിശ്വസിക്കുന്നവരും അതനുസരിച്ച് പ്രവർത്തിക്കുന്നവരുമാണെങ്കിൽ നിങ്ങളിൽ നാം ഖിലാഫത്ത് നിലനിർത്തുന്നതാണ്. ഇനി ഖിലാഫത്ത് നിങ്ങളിൽനിന്ന് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ നിങ്ങൾ ഖിലാഫത്തിൽ വിശ്വസിക്കുന്നവരായിരുന്നില്ലെന്ന് മനസ്സിലാക്കുക. നിങ്ങൾ ഖിലാഫത്തിനെ നിഷേധിക്കുന്നവരായിത്തീരുകയും അങ്ങനെ ഖലീഫമാരോടുള്ള അനുസരണവൃത്തത്തിൽനിന്നുതന്നെ നിങ്ങൾ പുറത്തായിപ്പോയെന്നും കരുതുക. തന്നെയുമല്ല, ദൈവത്തോടുള്ള അനുസരണത്തിൽനിന്നുതന്നെയും പുറത്തുപോകുമാറുള്ളതരത്തിൽ നിങ്ങൾ വിദ്രോഹികളായിത്തീർന്നേക്കാമെന്നുകൂടി ഓർക്കേണ്ടതാണ്.

ഈ പ്രസംഗത്തിന് 'യഥാർത്ഥ ഇസ്‌ലാമിക ഖിലാ

ഫത്ത്' എന്നാണ് ഞാൻ പേരുവച്ചിരിക്കുന്നത്. എന്തെന്നാൽ, മൂസാ നബിയുടെ തുടർച്ചയിലുള്ള യഹൂദികളിലും ഖിലാഫത്ത് രണ്ട് ഘട്ടങ്ങളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒരു ഘട്ടം ഹദ്റത്ത് മൂസ(അ) മുതൽ ഹദ്റത്ത് ഈസാ(അ)വരെയും രണ്ടാം ഘട്ടം ഹദ്റത്ത് ഈസാ(അ) മുതൽ ഇന്നുവരേയുമാണ്. ഇതേ പോലെ ഇസ്‌ലാമിലും ഖിലാഫത്തിന് രണ്ട് ഘട്ടങ്ങളുണ്ട്. ഒരു ഘട്ടം തിരുനബി(സ)യുടെ വഫാത്തിനുശേഷം തുടങ്ങുകയുണ്ടായി. അതിന്റെ ബാഹ്യരൂപം ഹദ്റത്ത് അലി(റ)ന്റെ ദേഹവിയോഗത്തോടുകൂടി അവസാനിച്ചു. രണ്ടാം ഘട്ടം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ കാലം മുതൽ ആരംഭിച്ചു. നിങ്ങളിൽ യഥാർത്ഥ വിശ്വാസവും അതനുസരിച്ചുകൊണ്ടുള്ള പ്രവർത്തനവും ഉണ്ടാവുകയും ഖിലാഫത്തിനോട് സുദൃഢമായ ആത്മാർത്ഥ ബന്ധവും കൂറും ഉണ്ടാവുകയും ചെയ്യുകയാണെങ്കിൽ ഈ കാലഘട്ടം അന്ത്യനാൾവരെ തുടരുമാറാകും.

മുകളിൽപറഞ്ഞ വചനത്തിന്റെ വ്യാഖ്യാനത്തിൽ നിന്നും ഒരു കാര്യം തെളിയുന്നു. അതായത്, ഖിലാഫത്തിലുള്ള വിശ്വാസം നിലനില്ക്കുകയും ഖിലാഫത്ത് നിലനില്പിന്നായി പരിശ്രമം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങളിൽനിന്ന് (വിശ്വാസികളിൽനിന്ന് അഥവാ നിങ്ങളുടെ ജമാഅത്തിൽ നിന്ന്) ഞാൻ ഖലീഫമാരെ നിയമിച്ചുകൊണ്ടിരിക്കുമെന്ന് അല്ലാഹു പറയുന്നു. തിരുനബി(സ) ഇതിനെക്കുറിച്ച് വിശദീകരിച്ചതായി ഹദീസുകളിൽ കാണാം. ***മാ കാനത്ത് നുബുവ്വത്തുൻ ഖത്തു ഇല്ലാ തബിഅത്ത്നാ ഖിലാഫത്തുൻ*** ഓരോ നുബുവ്വത്തിനുശേഷവും ഖിലാഫത്തുണ്ടായിട്ടുണ്ട്. (ഇമാം സുയൂത്തിയുടെ ജാമിഉസ്സഗീർ) എന്ന് അദ്ദേഹം അരുളി. എനിക്കുശേഷവും ഖിലാഫത്തുണ്ടാകും. അതിനുശേഷം അക്രമികളായ ഭരണാധിപന്മാരായിരിക്കും ഉണ്ടാകുക. തുടർന്ന് ഉഗ്രശാസകന്മാരായ ഭരണാധിപരും വരും. അതായത്, ഇതര ജാതിക്കാർ വന്നു മുസ്‌ലിംകളിൽ നിന്ന് രാജ്യം പിടിച്ചെടുക്കുകയും അവരുടെ ഭരണാധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നതാണ്. തുടർന്ന് തിരുനബി(സ) അരുളി: "പിന്നീട് നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തായിരിക്കും ഉണ്ടാകുക. പ്രവാചകന്മാർക്കു ശേഷം ഖിലാഫത്തുണ്ടായതുപോലെ ഇവിടെ വീണ്ടും ഖിലാഫത്ത് സംവിധാനം നിലവിൽ വരുന്നതാണ്" (മിശ്കാത്ത്).

നബിമാർക്കു ശേഷമുള്ള ഖിലാഫത്തിനെക്കുറിച്ച് വിശുദ്ധഖുർആനിൽ രണ്ട് സ്ഥലത്ത് പ്രതിപാദിച്ചുകാണുന്നുണ്ട്. ഒന്ന്, ഹദ്റത്ത് മൂസാ(അ)നുശേഷം ബനീ ഇസ്റായീല്യർക്ക് ഖിലാഫത്ത് നല്കി. അതിനെക്കുറിച്ച് പറഞ്ഞത് അവരിൽ ചിലർ മൂസാ(അ)നെ തുടർന്നുകൊണ്ടുള്ള നബിമാരായി നിയമിക്കപ്പെട്ടു, ചിലരെ രാജാക്കന്മാരാക്കുകയും ചെയ്തു എന്നാണ്. നബിയേയും രാജാവിനേയും നിയമിക്കുക എന്നത് ദൈവത്തിന്റെ അധികാരത്തിന്നധീനമായിട്ടുള്ളതാണ്, നമ്മുടെ അധികാരത്തിലുള്ളതല്ല. എന്നാൽ, മൂന്നാമത്തെ കാര്യമായ ഖിലാഫത്ത് എന്നത് അല്ലാഹു തന്റെ വരിഷ്ഠദാസന്മാർ മുഖേന തിരഞ്ഞെടുപ്പിക്കുന്നതുകൊണ്ട് നമ്മുടെ അധികാരത്തിലുള്ളതാണ്. ക്രിസ്ത്യാനികൾ ഇതിന്നായി തിരഞ്ഞെടുപ്പ് നടത്തുകയും തങ്ങളിൽനിന്നുള്ള ഒരാളെ മതനേതാവായി അവരോധിക്കുകയും ചെയ്യുന്നു. അതാണ് പോപ്പ്. ഇന്ന് ആ പോപ്പും അദ്ദേഹത്തിന്റെ കൂട്ടരും മോശമായിട്ടുണ്ട് എന്നത് ശരിതന്നെ. എന്നാൽ, ആ സ്ഥാപനം ദുഷിച്ചുപോയിരിക്കുന്നതാണെങ്കിൽ പിന്നെ അതിനോട് ഇസ്‌ലാമിക ഖിലാഫത്തിനെ താരതമ്യം ചെയ്തത് എന്തിനാണെന്ന പ്രശ്നത്തിന് ഇവിടെ പ്രസക്തിയില്ല. കാരണം, അല്ലാഹു വിശുദ്ധഖുർആനിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു: '***കമസ്തഖ്‌ലഫല്ലദീന മിൻഖബ്‌ലിഹിം***' ഏതുപോലെ മുമ്പുള്ളവരെ ഖലീഫമാരാക്കിയിരുന്നുവോ അതുപോലെ നിങ്ങളേയും ഖലീഫമാരാക്കുന്നതാണ്. ഏതുപോലെ മൂസാ(അ)ന്റെ പ്രസ്ഥാനത്തിൽ ഖിലാഫത്ത് സ്ഥാപിതമായോ അതേ രീതിയിൽ മൂസാ നബിയുടെ പ്രസ്ഥാനത്തോട് താദാത്മ്യം പുലർത്തുന്ന നിങ്ങളുടെ പ്രസ്ഥാനത്തിലും ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. അതായത്, തിരുനബി(സ)യുടെ ഭരണാധികാരം നേരിട്ട് തുടർന്നുവരുന്നതാണ്. ഇനി വാഗ്ദത്ത മസീഹ് ആഗതരായിക്കഴിഞ്ഞാൽ മസീഹ് നാസിരിക്കുശേഷം ഖിലാഫത്ത് നിലനിന്നതുപോലെ നിങ്ങളിലും ഖിലാഫത്ത് നിലനില്ക്കും. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു മൂസാനബിയുടെ പ്രസ്ഥാനത്തിലും മസീഹ് വന്നു. മുഹമ്മദീ പ്രസ്ഥാനത്തിലും മസീഹ് ആഗതരായി. എന്നാൽ, മുഹമ്മദീ പ്രസ്ഥാനത്തിൽ വന്ന മസീഹ് ആദ്യമസീഹിനേക്കാളും ശ്രേഷ്ഠനാണ്. അതുകൊണ്ട് അവർ ചെയ്ത തെറ്റുകളൊന്നും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുഹമ്മദീ മസീഹിന്റെ ജമാഅത്ത് ആവർത്തിക്കില്ല. മറ്റവർ ദൈവത്തെ വിസ്മരിക്കുകയും പകരം ദുർബലനായ ഒരു മനുഷ്യനെ ദൈവപുത്രനായി പൂജിച്ചുതുടങ്ങുകയും ചെയ്തു. എന്നാൽ, മുഹമ്മദീ മസീഹ് തന്റെ ജമാഅത്തിന് ശിർക്കിന്നെതിരായി നിഷ്കൃഷ്ടമായ ഉപദേശം നല്കിയിരിക്കുന്നു. തന്നെയുമല്ല, ഖിലാഫത്ത് കരഗതമാകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ ഒരിക്കലും ശിർക്ക് ചെയ്യരുതെന്നും എന്നെ മാത്രം എപ്പോഴും ആരാധിക്കണമെന്നും വിശുദ്ധഖുർആനിൽ വ്യക്തമായി പറയുന്നു. '***യഅ്ബ്ദൂനനീലായുശ്‌രിക്കൂന ബീ ശയ്അൻ***' (അവർ എന്നെ ആരാധിക്കും എന്നോട് യാതൊന്നിനേയും പങ്കുചേർക്കുക

യില്ല) എന്നതിൽ ഇതാണ് പറഞ്ഞിരിക്കുന്നത്. ആകയാൽ, ജമാഅത്ത് ഈ നിലപാടിൽ ഉറച്ചുനില്ക്കുകയാണെങ്കിൽ അവർ അനുഗ്രഹലബ്ധരായി തീരുന്നതാണ്. ഇതിന്നായി വിശുദ്ധഖുർആൻ ശിർക്കിന്നെതിരിൽ അതിശക്തമായ രീതിയിലുള്ള അധ്യാപനങ്ങൾ നല്കിയിട്ടുള്ളതായി നമുക്ക് കാണാം. ഇതിന്റെ ആയിരത്തിലൊരു ഭാഗമെങ്കിലും അധ്യാപനം ഇഞ്ചീലിൽ നമുക്ക് ദർശിക്കാനാവില്ല. ഇതേപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ശിർക്കിന്നെതിരിൽ നല്കിയിരിക്കുന്ന രീതിയിലുള്ള അധ്യാപനങ്ങൾ യേശുമിശിഹയുടെ ഇപ്പോഴത്തെ അധ്യാപനങ്ങളിൽ നമുക്ക് കാണാൻ സാധ്യമല്ല. മാത്രമല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ) നുണ്ടായ വെളിപാടുകളിലും ഇതുസംബന്ധമായ കാര്യങ്ങൾ പരാമർശിച്ചിരിക്കുന്നത് കാണാം. ഒരു വെളിപാട് ഇപ്രകാരമാണ്. '***ഖുദ്തൗഹീദാ തൗഹീദ യാഅബ്നാഅൽ ഫാരിസീ***' (തദ്കിറ), അല്ലയോ ഫാർസി സന്തതികളേ! (അല്ലയോ വാഗ്ദത്ത മസീഹേ, അദ്ദേഹത്തിന്റെ സന്തതികളേ) തൗഹീദിനെ എപ്പോഴും നിലനിർത്തുക. ചുരുക്കത്തിൽ ഈ പ്രസ്ഥാനത്തിലുള്ളവരോട് തൗഹീദിനെക്കുറിച്ച് (ഏകത്വത്തെക്കുറിച്ച്) അല്ലാഹു ഒരുഭാഗത്ത് ഇത്രമാത്രം നിഷ്കർഷിക്കുകയും മറുഭാഗത്ത് വിശുദ്ധഖുർആന്റെ അധ്യാപനങ്ങളെക്കുറിച്ച് കൂലങ്കഷമായി ചിന്തിക്കുകയും ചെയ്യുമ്പോൾ അല്ലാഹു തന്റെ അനുഗ്രഹത്താൽ അഹ്മദികളിൽ പരിപൂർണ്ണ തൗഹീദ് നിലനിർത്തുമെന്ന ദൃഢവിശ്വാസമുണ്ടാകുന്നു. ഈ തൗഹീദ് നിലനില്ക്കുന്ന കാലത്തോളം ഖിലാഫത്തും അവരിൽ നിലനില്ക്കുന്നതാണ്. ആ ഖിലാഫത്ത് ഇസ്‌ലാമിന്റെ സേവകരായിരിക്കുകയും ചെയ്യും. ഒരിക്കലും ഈ ഖിലാഫത്ത് മസീഹ് നാസിരിയുടെ ഖിലാഫത്തിനെപോലെ സ്വന്തം മതസിദ്ധാന്തങ്ങളെ ചവിട്ടിമെതിക്കുന്നതായിരിക്കുകയില്ല.

**അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് നിലനില്ക്കുമെന്ന വാഗ്ദാനം**

വിശുദ്ധഖുർആനിൽ ഖലീഫമാരുണ്ടാകും എന്ന് പറഞ്ഞിട്ടുണ്ട് എന്ന കാര്യം ഞാൻ പറയുകയുണ്ടായി. അതുപോലെ തിരുനബി(സ) തനിക്കുശേഷം ഖിലാഫത്തുണ്ടാകുമെന്നും പറഞ്ഞിട്ടുണ്ട്. പിന്നീട് ഉഗ്രശാസകന്മാരായ ഭരണാധികാരികൾ വരും, സ്വേച്ഛാധിപതികളായ ഭരണകർത്താക്കൾ വരും. ഇതിനുശേഷം '***ഖിലാഫത്തുൻ അലാ മിൻഹാജിൻ നുബുവ്വത്ത്***' നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് വരും (മിശ്കാത്ത്). ഇതുപോലെതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധഖുർആന്റേയും തിരുനബി(സ)യുടെയും സുന്നത്തിനെക്കുറിച്ച് അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതി:

"പ്രിയപ്പെട്ടവരേ! എതിരാളികളുടെ കൃത്രിമമായ രണ്ട് സന്തോഷങ്ങളെ തകർത്ത് തരിപ്പണമാക്കുന്നതിനായി രണ്ട് ദിവ്യശക്തി പ്രകടനങ്ങൾ കാണിക്കുക എന്നത് പണ്ടുപണ്ടേയുള്ള അല്ലാഹുവിന്റെ നടപടിക്രമമാകുന്നു. അതുകൊണ്ട് പ്രതാപവാനായ ദൈവം തന്റെ നടപടി ക്രമത്തിൽ മാറ്റം വരുത്തുകയില്ല. അതിനാൽ ഞാൻ നിങ്ങളുടെ മുമ്പാകെ വിവരിച്ചിട്ടുള്ള എന്നെക്കുറിച്ചുള്ള ഈ കാര്യത്തിൽ നിങ്ങൾ ദുഃഖിതരാവരുത്. നിങ്ങളുടെ ഹൃദയം പരിഭ്രമിക്കുകയുമരുത്. കാരണം, രണ്ടാം ദിവ്യശക്തിപ്രഭാവം കാണേണ്ടതും നിങ്ങൾക്ക് നിർബന്ധമാണ്. അതിന്റെ വരവ് നിങ്ങൾക്ക് ശുഭകരമായിരിക്കും. എന്തെന്നാൽ, അത് എന്നെന്നും നിലനില്ക്കും. അതിന്റെ തുടർച്ച അന്ത്യനാൾവരെ അറ്റുപോവുകയില്ല" (അൽവസിയ്യത്ത്, ഭാഗം- 6,7).

അതായത് നിങ്ങൾ സൽപന്ഥാവിൽ ചരിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ രണ്ടാമത്തെ ദിവ്യശക്തിപ്രഭാവമായ ഖിലാഫത്ത് നിങ്ങളിൽ വരികയും അത് ഖിയാമത്തുന്നാൾവരെ നിർബാധം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുമെന്ന് അല്ലാഹു എന്നോട് വാഗ്ദാനം ചെയ്തിരിക്കുന്നുവെന്ന് മസീഹ് മൗഊദ്(അ) പറയുന്നു. എന്നാൽ, മുസ്‌ലിംകളുടെ ദൗർഭാഗ്യമെന്നേ പറയേണ്ടതുള്ളൂ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നാൽ സ്ഥാപിതമായ ഖിലാഫത്തിനും ഇപ്പോൾ 48 വർഷമേയായിട്ടുള്ളൂ അപ്പോഴേക്കും പലരും പല ദിവാസ്വപ്നങ്ങളും കാണാൻ തുടങ്ങുകയും ഈ ഖിലാഫത്തിനെ തകർക്കാനുള്ള ദുരാലോചനകളിൽ മുഴുകുകയുമാണ് ചെയ്തത്. (ഇപ്പോൾ ഖിലാഫത്ത് നൂറു വർഷം പിന്നിടുന്നു).

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്ന് പറയുന്നു. "നിങ്ങൾ ദൈവത്തിന്റെ രണ്ടാം ശക്തിപ്രഭാവത്തെ പ്രതീക്ഷിച്ചുകൊണ്ട് ഒരുമിച്ച് ചേർന്ന് പ്രാർത്ഥനയിൽ മുഴുകുക" (അൽവസിയ്യത്ത്, ഭാഗം:7.)

ആകയാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശപ്രകാരം നിങ്ങളും ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. "അല്ലാഹുവേ! ഞങ്ങളെ നീ ഖിലാഫത്തിൽ വിശ്വാസമുള്ളവരായി നിലനിർത്തുകയും അതർഹിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നവരാക്കുകയും ചെയ്യേണമേ. ഞങ്ങളിൽനിന്ന് എപ്പോഴും ഖലീഫമാരുണ്ടാകുന്ന രീതിയിൽ ഞങ്ങളുടെ നിലവാരം നീ ഉയർത്തേണമേ. ഇതിനെ നീ ഖിയാമത്തുന്നാൾവരെ നിലനിർത്തുകയും ചെയ്യേണമേ. അതുമൂലം ഞങ്ങൾക്കൊരുമിച്ച് ഒരു കൊടിക്കീഴിൽ ഒരേ അണിയിൽ ചേർന്നുകൊണ്ട് ലോകത്ത് മുഴുവനും ഇസ്‌ലാമിക പോരാട്ടങ്ങൾ നടത്താനും ലോകത്തെ മുഴുവനും ജയിച്ചടക്കി തിരുനബി(സ)ന്റെ തൃപ്പാദങ്ങളിൽ സമർപ്പിക്കാനും തൗഫീഖ് നല്കേണമേ. ഇതാണ് നാഥാ! ഞങ്ങളുടെ പ്രസ്ഥാന സ്ഥാപനത്തിന്റെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെയും സാക്ഷാൽ ഉദ്ദേശ്യം.

(തുടരും)

ലേഖനം

വി.എം. മാലിക്ക് അമീൻ

# മുസ്‌ലിംകളേ, നിങ്ങൾക്കൊരു ഖിലാഫത്ത്

**ഈ** വർഷം അഹ്മദിയ്യാ മുസ്‌ലിം ഖിലാഫത്തിന് നൂറുവയസ്സ് തികയുകയാണ്. അതിന്റെ ശതവാർഷിക ജൂബിലി ആഘോഷിക്കാനുള്ള ആഹ്ലാദതിമിർപ്പിലാണ് അഹ്മദിയ്യാ മുസ്‌ലിം ലോകം. ഈ ശതവാർഷിക ജൂബിലി, അഹ്മദിയ്യാ മുസ്‌ലിം ചരിത്രത്തിന്റെ വഴിത്താരയിൽ നാഴികക്കല്ലായി മാറുന്ന ചരിത്രമുഹൂർത്തമാണ്. ഈ ചരിത്രമുഹൂർത്തത്തെ നെഞ്ചിലേറ്റി വാരിപുണരാൻ നഫ്ൽ നോമ്പും നോറ്റ് പ്രാർത്ഥനാനിർഭരമായ മനസ്സോടെ കാതോർത്ത് കാത്തിരിക്കുകയാണ് ലോകത്തെങ്ങുമുള്ള അഹ്മദികൾ. ശക്തരും പ്രബലരുമായ നാല് ഖലീഫമാരുടെ അജയ്യമായ പ്രഭാവത്തിൽ ഉയരങ്ങളിൽനിന്ന് ഉയരങ്ങളിലേക്ക് കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന അഹ്മദിയ്യാ മുസ്‌ലിം ഖിലാഫത്ത്, അതിന്റെ അഞ്ചാമത്തെ ഖലീഫയായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)ന്റെ ഊർജ്ജസ്വലമായ നേതൃത്വത്തിന്റെ വൈഭവത്തിൽ മുന്നോട്ടു മുന്നോട്ട് കുതിക്കുകയാണ്.

1908-ൽ വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ വിയോഗാനന്തരം, ആ മഹാത്മാവ് പ്രവചിച്ചതുപോലെ സത്യവിശ്വാസികൾക്ക് അല്ലാഹു വാഗ്ദാനം ചെയ്ത ഖിലാഫത്തിന്റെ പുതിയ സുവർണ്ണ കാലഘട്ടം ഉദിച്ചുയർന്നു. നബി(സ)യുടെ വേർപാടിനുശേഷം ഹദ്റത്ത് അബൂബക്കർ(റ)ന്റെ കൈയിൽ എപ്രകാരം മുസ്‌ലിംലോകം സംഘടിച്ചുവോ അതുപോലെ ഹദ്റത്ത് അഹ്മദ്(അ)ന്റെ വഫാത്തിനുശേഷം മൗലാനാ ഹക്കീം നൂറുദ്ദീൻ(റ) ഒന്നാം ഖലീഫയായി തിരഞ്ഞെടുക്കപ്പെടുകയും അദ്ദേഹത്തിന്റെ കൈയിൽ മുസ്‌ലിംകൾ ഒന്നിക്കുകയും ചെയ്തു. ഇത് '***ഖിലാഫത്തുൻ അലാ മിൻ ഹാജിനുബുവ്വത്ത്***'- നുബുവ്വത്തിന്റെ വഴിയിലുള്ള ഖിലാഫത്തിന്റെ പുനഃസ്ഥാപനമായിരുന്നു. കാലത്തിന്റെ കുലംകുത്തിപാച്ചലിൽ മുസ്‌ലിംലോകത്തിന് നഷ്ടപ്പെട്ടുപോയ ഖിലാഫത്തിന്റെ സംസ്ഥാപനമായിരുന്നു. സാർവ്വദേശീയതലത്തിൽ ദിശാബോധം നൽകുന്ന, ആർജ്ജവമുള്ള, ധീരനായ ഒരു നേതാവിന്റെ അഭാവത്തെക്കുറിച്ച് ഏറെ ചർച്ച ചെയ്യപ്പെടുകയും, സങ്കടപ്പെടുകയും, ആശങ്കപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽപോലും, നൂറുവർഷം പിന്നിടാൻ പോകുന്ന അഹ്മദിയ്യാ മുസ്‌ലിം ഖിലാഫത്തിനെ വേണ്ടവിധത്തിൽ പഠിക്കാനോ, മനസ്സിലാക്കാനോ ശ്രമിക്കാതെ അതിനെ എതിർക്കാനും, നശിപ്പിക്കാനുമുള്ള കുതന്ത്രങ്ങൾ മെനയുന്നതിലാണ് മുസ്‌ലിംലോകത്തിന് താൽപര്യം.

ഖുലഫാ ഉർ റാശിദിന്റെ പിന്തുടർച്ചക്കാരായി നിലവിലുണ്ടായിരുന്ന ഇസ്‌ലാമിക ഖിലാഫത്ത് കാലത്തിന്റെ ഗതിവിഗതികൾക്കനുസരിച്ച് രൂപവും ഭാവവും മാറി മാറി ഒടുവിൽ നാമമാത്രമായി മാറിയ തുർക്കി ഖിലാഫത്തോടുകൂടി അവസാനം കുറിച്ചു. 1924-ൽ കമാൽപാഷ ഒറ്റദിവസംകൊണ്ട് ഖലീഫയെ സ്ഥാനഭ്രഷ്ടനാക്കി. 'വിശ്വാസികളുടെ നായകൻ' എന്നത് ലോകത്തുനിന്ന് അതോടെ എന്നന്നേക്കുമായി വിസ്മൃതിയിലാണ്ടു. ഇതിന്നെതിരിൽ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ പ്രതിഷേധങ്ങളുടെയും, പ്രക്ഷോഭങ്ങളുടെയും അലയൊലികൾ അണപൊട്ടിയൊഴുകി. ഖലീഫയുടെ അസാന്നിധ്യത്തിൽ ഒരാൾക്ക് യഥാർത്ഥ മുസ്‌ലിമായി ജീവിക്കാൻ സാധ്യമല്ല എന്ന ബോധം ലോകമുസ്‌ലിംകളിൽ അസ്വസ്ഥതയും, നിരാശയും അരിശവും പടർത്തി. ഇന്ത്യാരാജ്യത്ത് വിവിധ സ്ഥലങ്ങളിൽ ഖിലാഫത്ത് കമ്മറ്റികൾ രൂപംകൊണ്ടു. കേരളത്തിലും ഖിലാഫത്ത് കമ്മറ്റി അതിശക്തമായ പോരാട്ടങ്ങളാണ് നടത്തിയത്. ഈ പോരാട്ടങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും പിന്നിലെ ചേതോവികാരം, ഖലീഫയുടെ അഭാവത്തിൽ തങ്ങൾക്ക് ഒരു നിമിഷം പോലും മുസ്‌ലിമായി ജീവിക്കാൻ കഴിയില്ല എന്ന അവബോധമായിരുന്നു. ആരെയെങ്കിലും ഒരാളെ ഖലീഫയായി വീണ്ടും സ്ഥാനാരോഹണം ചെയ്യിക്കാൻ അവർ നടത്തിയ സർവ്വ സമ്മർദ്ദങ്ങളും, തന്ത്രങ്ങളും പോരാട്ടങ്ങളും വനരോധനമായി തീർന്നപ്പോൾ, നബി (സ) സ്ഥാപിച്ചുതന്ന ഖിലാഫത്ത് എന്ന അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ ശീതളഛായ മുസ്‌ലിംലോകത്തിന്റെ തലക്ക് മീതെനിന്ന് നീങ്ങിപ്പോയി. 1908-ൽ ഇമാം മഹ്ദിയാൽ സ്ഥാപിതമായ നുബുവ്വത്തിന്റെ ചൈതന്യവും ഗാംഭീര്യവുമുള്ള ഖിലാഫത്ത് വിജയത്തിന്റെ സോപാനങ്ങളിലേക്ക് കുതിച്ചുയരാൻ തുടങ്ങിയപ്പോൾ, 1924-ൽ ആത്മീയപ്രഭാവം നഷ്ടപ്പെട്ട വെറും പാവയായിത്തീർന്ന തുർക്കി ഖിലാഫത്തിന് അസ്തമയം സംഭവിച്ചത് ചരിത്രത്തിന്റെ അനിവാര്യത തന്നെയാണ്.

ഒരു ഖലീഫയുടെ പരിലാളനങ്ങളും, സ്നേഹവും

ഏറ്റുവാങ്ങാനുള്ള ഭാഗ്യം ലഭിക്കാതെയാണ് വർത്തമാന കാലഘട്ടത്തിലെ മുസ്‌ലിംലോകം കടന്നുപോകുന്നത്. ഇടയനില്ലാത്ത ആട്ടിൻപറ്റങ്ങളെ പോലെ ഏതുനിമിഷവും വേട്ടക്കാരന്റെ ഉന്നത്തിന് മുമ്പിൽ ജീവിതം സർവ്വവും ചിതറി തെറിക്കുമെന്ന ഭയപ്പാടിലാണവർ. 'നായകനില്ലാ പട നായപ്പട' എന്ന ചൊല്ലിനെ അന്വർത്ഥമാക്കിക്കൊണ്ട് ഒരു ആൾക്കൂട്ടത്തിന്റെ സമാനത പ്രാപിച്ചിരിക്കുന്നു. തെരുവിൽ തൂക്കിയിട്ട ചെണ്ടപോലെ ആർക്കും തട്ടിയും മുട്ടിയും കളിക്കാം എന്ന പരുവത്തിലാണ് ഇന്ന് മുസ്‌ലിംലോകം. അവർ അക്രമിക്കപ്പെടാത്ത, നിന്ദിക്കപ്പെടാത്ത, കൊലചെയ്യപ്പെടാത്ത, ഒരു രാജ്യവും ഇന്ന് ഭൂമുഖത്തില്ല. പലസ്തീനിലും, ഇറാഖിലും, അഫ്ഗാനിസ്ഥാനിലും തുടങ്ങി പല രാജ്യങ്ങളിലും മുസ്‌ലിംരക്തമാണ് ചാലിട്ടൊഴുകുന്നത്. അമേരിക്കയും പാശ്ചാത്യരാജ്യങ്ങളും ഇസ്‌ലാമിന്നെതിരെ നടത്തുന്ന കടന്നാക്രമണങ്ങളും, കൈയ്യേറ്റങ്ങളും നിത്യസംഭവങ്ങളായിരിക്കുന്നു. ബാബരി മസ്ജിദ് തകർക്കപ്പെട്ടതും, ഗുജ്റാത്ത് കലാപവും വേദനയോടുകൂടിയാണ് ഇന്ന് മുസ്‌ലിംകൾ സ്മരിക്കുന്നത്. അവസാനം പശ്ചിമബംഗാളിലെ നന്ദിഗ്രാമിൽ അക്രമികൾ അഴിഞ്ഞാടിയപ്പോഴും അക്രമിക്കപ്പെട്ടതും കൊലചെയ്യപ്പെട്ടതും മുസ്‌ലിംകൾ മാത്രമായിരുന്നു. എന്തുകൊണ്ട് മുസ്‌ലിംകൾ മാത്രം അറുകൊല ചെയ്യപ്പെടുകയും അക്രമിക്കപ്പെടുകയും ചെയ്യുന്നു? ഈ ചോദ്യം ചെന്ന് മുട്ടുന്നത് മുസ്‌ലിം ലോകത്തിലെ നേതൃത്വരാഹിത്യത്തിലേക്കാണ്. ചോദിക്കാനും, പറയാനും, ഉപദേശിക്കാനും ശാസിക്കാനും നേർവഴിയിലൂടെ നയിക്കാനും കരുത്തുള്ള, ഒരു നേതാവിന്റെ അഭാവത്തിൽ ദുരന്തങ്ങളിൽനിന്ന് ദുരന്തങ്ങളിലേക്ക് ആപതിക്കുന്ന മുസ്‌ലിം ലോകത്തിന്റെ ദുഃഖങ്ങളിലേക്ക് "നിങ്ങളിൽനിന്ന് നിങ്ങളുടെ 'ഇമാമായി' ഇബ്നു മർയം അവതരിക്കുമ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും" എന്ന പ്രവാചകന്റെ തിരുവചനത്തിൽ അവർ ഗൗരവമായി ചിന്തിച്ചിരുന്നെങ്കിൽ അവർ അഭിമുഖീകരിക്കുന്ന സകല പ്രശ്നങ്ങളേയും അവർക്ക് അതിജീവിക്കാൻ കഴിയുമായിരുന്നു.

മുസ്‌ലിംകളിൽനിന്ന് ഖിലാഫത്ത് എന്ന വ്യവസ്ഥിതി കൈവിട്ട് പോയിട്ട് ഒരുപാട് വർഷങ്ങൾ കടന്നുപോയി. അത് പുനഃസ്ഥാപിക്കാൻ വേണ്ടി ഒരുപാട് ശ്രമങ്ങളും പോരാട്ടങ്ങളും നടന്നു. പക്ഷേ, ഇന്നുവരെ മുസ്‌ലിംലോകത്തിന് ഒരു ഖലീഫയെ തെരഞ്ഞെടുത്ത് വാഴിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ചിന്താർഹമാണ്. ലോകത്ത് 40-ൽപരം മുസ്‌ലിം രാജ്യങ്ങൾ സർവ്വപ്രൗഢിയോടെ നിലനിൽക്കുന്നുണ്ട്. സമ്പത്തിന്റേയും ആൾബലത്തിന്റേയും കാര്യത്തിൽ അവർ ആർക്കും പിന്നിലല്ല. അവരുടെയിടയിൽ രാജാക്കന്മാരുണ്ട്, ശെയ്ഖുമാരുണ്ട്, കരുത്തരെന്ന് ഭാവിക്കുന്ന നേതാക്കന്മാരും, ചിന്തകന്മാരുമുണ്ട്. ജ്ഞാനികളെന്ന് അവകാശപ്പെടുന്ന മുല്ലാമാരുമുണ്ട്. കോടീശ്വരന്മാരായ സുൽത്താന്മാരുമുണ്ട്. ഇസ്‌ലാമിക പ്രവർത്തനം നടത്തുന്നു എന്നവകാശപ്പെടുന്ന ഒരുപാട് പ്രസ്ഥാനങ്ങളും സംഘടനകളും ഉണ്ട്. പക്ഷേ, എല്ലാതരത്തിലുള്ള ശക്തിയും, ഊർജ്ജവും, വിഭവങ്ങളും സമൃദ്ധമായിട്ടുണ്ടായിട്ടുപോലും ഖിലാഫത്ത് എന്ന പരിപാവനമായ ഇസ്‌ലാമിക വ്യവസ്ഥിതി എന്തുകൊണ്ടാണ് പുനഃസ്ഥാപിക്കാൻ മുസ്‌ലിംലോകത്തിന് കഴിയാതെ പോയത്. എന്നാൽ, ഇതിനിടയിൽ ഒരു ശ്രമം പയറ്റിനോക്കിയെങ്കിലും അത് ദയനീയമായി പരാജയപ്പെടുകയാണുണ്ടായത്. സഊദി അറേബ്യയിലെ ഫൈസൽ രാജകുമാരനെ ഖലീഫത്തുൽ മുസ്‌ലിമീനായി പട്ടാഭിഷേകം ചെയ്യിച്ച് ഖിലാഫത്ത് വ്യവസ്ഥിതി പുനഃസ്ഥാപിക്കാനുള്ള വിഫലശ്രമങ്ങൾ നടത്തുകയുണ്ടായി. പക്ഷേ, ഖലീഫത്തുൽ മുസ്‌ലിമീൻ ആകുന്നതിനു മുമ്പുതന്നെ ഫൈസൽ രാജകുമാരനെ സ്വന്തം മരുമകൻ തന്നെ വെടിവെച്ച് കൊന്നു. അങ്ങനെ ഖലീഫയെ പുനഃസ്ഥാപിക്കാനുള്ള മുസ്‌ലിംലോകത്തിന്റെ അവസാനത്തെ ശ്രമവും അടങ്ങാത്ത ആഗ്രഹവും വേദനാജനകമായ ഒരു ദുരന്തത്തിൽ കലാശിച്ചു. ഇവിടെയാണ് അഹ്മദിയ്യാ മുസ്‌ലിം ഖിലാഫത്തിന്റെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിയേണ്ടത്.

ഒന്നാം ഖലീഫയായി ഹക്കീം നൂറുദ്ദീൻ(റ)നെ തെരഞ്ഞെടുത്തുകൊണ്ട്, 1908-ൽ അഹ്മദിയ്യാ മുസ്‌ലിം ഖിലാഫത്ത് സ്ഥാപിതമായപ്പോൾ, അതിനെ സഹായിക്കാനോ അതിനോട് സഹകരിക്കാനോ ഒരു മുസ്‌ലിം രാഷ്ട്രവും ഒരു ഭരണകൂടവും ഒരു ഭരണാധിപനും തയ്യാറായിരുന്നില്ല. എല്ലാവരുംതന്നെ ഈ ഖിലാഫത്തിനെ നഖശിഖാന്തം എതിർക്കുകയും എന്നന്നേക്കുമായി ഇല്ലാതാക്കാനുള്ള തന്ത്രങ്ങൾ മെനയുകയുമാണ് ചെയ്തത്. അറേബ്യൻ ശയ്ഖുമാരുടെയും സുൽത്താന്മാരുടെയും എണ്ണപ്പണത്തിന്റെയും ആശിർവാദങ്ങൾ ഉണ്ടായിരുന്നില്ല. വലിയ ചിന്തകരെന്നും, പണ്ഡിതരെന്നും സ്വയം വിചാരിച്ച് സ്വയം ഞെളിഞ്ഞുനടക്കുന്ന മൗലാനമാരും ശൈഖന്മാരും സഹായഹസ്തങ്ങൾ നൽകാതെ അതിനെ കാഫിറാക്കി ഫത്‌വ നൽകി ഞെക്കിക്കൊല്ലാനാണ് ശ്രമിച്ചത്. ഇവരെല്ലാവരും കൂടി ഒരുമിച്ച് തൊടുത്തുവിട്ട രൂക്ഷമായ എതിർപ്പുകളുടേയും ആക്രമണങ്ങളുടേയും ശക്തമായ കൊടുങ്കാറ്റുകളെ സഹ്യനെപോലെ തടുത്തുനിർത്തി, എതിരാളികളെ അമ്പരപ്പിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ഖിലാഫത്ത് അതിന്റെ നൂറാം വയസ്സിന്റെ പടിവാതിൽക്കലിൽ എത്തിനിൽക്കുന്നു. ലോകം മുഴുവനും എതിർത്തുനിന്നിട്ടും ഈ ഖിലാഫത്ത് ഒരു പോറൽപോലും ഏല്ക്കാതെ അതിന്റെ ജൈത്രയാത്ര അഭംഗുരം തുടർന്നുകൊണ്ടിരിക്കുന്നത് എങ്ങനെയെന്ന് മുസ്‌ലിംലോകം ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

പൂമെത്തകൾ വിരിച്ച സരണിയിലൂടെയല്ല അഹ്മദിയ്യാ ഖിലാഫത്ത് നടന്നുനീങ്ങിയത്. അത് പിന്നിട്ട

വൈതരണികൾ എതിരാളികൾ വാരിവിതറിയ പ്രതിസന്ധികളുടേയും, പ്രതിബന്ധങ്ങളുടേയും കല്ലും മുള്ളും നിറഞ്ഞതായിരുന്നു. സ്വന്തം പാളയത്തിൽ നിന്ന്, ചില വ്യക്തികൾ ഖിലാഫത്ത് ഇനി ആവശ്യമില്ല എന്ന് മുറവിളികൂട്ടിക്കൊണ്ട് വേർപിരിഞ്ഞ് കടന്നുപോയപ്പോഴും 'അവസാനകാലത്തെ പണ്ഡിതന്മാർ ആകാശത്തിനുകീഴിൽ ഏറ്റവും വലിയ നികൃഷ്ടജീവികളായിരിക്കും' എന്ന നബിവചനത്തെ അന്വർത്ഥമാക്കിക്കൊണ്ട്, മുല്ലാമാർ കലിതുള്ളി അലറിയപ്പോഴും, ഭരണകൂടങ്ങളും ഭരണാധിപന്മാരും അനീതിയുടേയും അക്രമത്തിന്റേയും കറുത്തകോട്ടുകൾ ധരിച്ചപ്പോഴും, 1933-ൽ അഹ്റാരികൾ എന്ന അഹ്മദിയ്യാ വിരുദ്ധ പ്രസ്ഥാനം അഹ്മദിയ്യാ ഖിലാഫത്തിന്റെ ഈറ്റില്ലമായ ഖാദിയാനിലെ ഓരോ കെട്ടിടത്തിന്റെയും ഇഷ്ടികകൾ ഇളക്കി വലിച്ചെറിയുമെന്ന് ആക്രോശിച്ചുകൊണ്ട് കൊടുങ്കാറ്റുപോലെ ആഞ്ഞുവീശിയപ്പോഴും 1953-ൽ പാക്കിസ്ഥാനിൽ താണ്ഡവനൃത്തമാടിയ അഹ്മദിയ്യാവിരുദ്ധ കലാപങ്ങളിൽ അഹ്മദികൾ പീഡനങ്ങളും, മർദ്ദനങ്ങളും സഹിക്കേണ്ടിവന്നപ്പോഴും, 1974-ൽ പാക്കിസ്ഥാനിലെ നേഷണൽ അസംബ്ലിയിൽ അഹ്മദികളെ 'അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച കരിനിയമത്തിന്റെ കരുത്തിൽ 90 വർഷം പഴക്കമുള്ള അഹ്മദിയ്യാ പ്രശ്നത്തിന് ഞാനിതാ ശാശ്വത പരിഹാരമുണ്ടാക്കിയിരിക്കുന്നുവെന്ന് ഡംബ് കാണിച്ച് ഭൂട്ടോ അഹങ്കരിച്ച് വിലസിയപ്പോഴും, 1984-ൽ സകലവിധ മനുഷ്യാവകാശ ധ്വംസനങ്ങളുമടങ്ങിയ ഒരു ഓർഡിനൻസ് മുഖേന അഹ്മദികൾ മുസ്ലിംകളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പിന്തുടരാനോ, ഉരുവിടാനോ പാടില്ലെന്ന് വിലക്കിക്കൊണ്ട് മുസ്ലിം ലോകത്തിലെ കാൻസറായ അഹ്മദിയ്യാ ജമാഅത്തിനെ എന്നന്നേക്കുമായി ഈ ലോകത്തുനിന്ന് തുടച്ചുനീക്കിയാൽ മാത്രമേ ഞാൻ അടങ്ങിയിരിക്കുകയുള്ളൂ എന്ന് വീമ്പിളക്കിയ സ്വേച്ഛാധിപതിയായ അഭിനവ ഫിർഔൻ സിയ ഖലീഫയെ അറസ്റ്റ് ചെയ്ത് ഖിലാഫത്തിനെ ശ്വാസംമുട്ടിച്ച് കൊല്ലാൻ ശ്രമിച്ചപ്പോഴും, അഹ്മദിയ്യാ ഖിലാഫത്തിന്റെ വിശുദ്ധധ്വജം ഒരു ഖലീഫയിൽനിന്ന് അടുത്ത ഖലീഫയിലേക്ക് കൈമാറി കൈമാറി അത് പുതിയ ചക്രവാളത്തിലേക്ക് ഉയർന്നുപാറി പറക്കുന്ന ദൃശ്യം എതിരാളികൾപോലും വിസ്മയംമുറ്റിയ മിഴികളോടുകൂടിയാണ് നോക്കിക്കാണുന്നത്. ഈ ഖിലാഫത്തിനെ ലോകത്താർക്കും ഒരിക്കലും നശിപ്പിക്കാൻ സാധ്യമല്ലെന്ന് ലോകത്തെ വീണ്ടും വീണ്ടും ബോധ്യപ്പെടുത്തിക്കൊണ്ടാണ് അതിന്റെ കഴിഞ്ഞ നൂറുവർഷകാലത്തെ തിളക്കമാർന്ന ചരിത്രം ഇന്ന് ലോകത്തിന്റെ മുമ്പിൽ വിളങ്ങിനിൽക്കുന്നത്. സകലവിധ അധികാരത്തിന്റെ അകമ്പടിയോടും, ഗർവ്വോടുംകൂടി അവർ ഈ ഖിലാഫത്തിനെ നശിപ്പിക്കാൻ വേണ്ടി പോരിനിറങ്ങിയപ്പോൾ അല്ലാഹു തന്റെ കോപത്തിന്റെ ചക്കിലിട്ട് ആട്ടി ചരിത്രത്തിന്റെ ചവറ്റുകൂനയിലേക്ക് വലിച്ചെറിഞ്ഞു.

ഇന്ന് അഹ്മദിയ്യാ മുസ്ലിം ഖിലാഫത്ത് ഒരു വൻവടവൃക്ഷമായി വളർന്നുകഴിഞ്ഞിരിക്കുന്നു. അതിന്റെ ചില്ലകൾ കടന്നുചെല്ലാത്ത ഒരു രാജ്യവും ഇന്ന് ഭൂമുഖത്തില്ല. സൂര്യൻ അസ്തമിക്കാത്ത ആത്മീയ സാമ്രാജ്യമായി അഹ്മദിയ്യാ ഖിലാഫത്ത് പടർന്നു പന്തലിച്ചുനിൽക്കുന്നു. ഈ ഖിലാഫത്തിന്റെ വിജയം സുനിശ്ചിതമാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിനെ നശിപ്പിക്കാൻ ഒരു ശക്തിക്കും കഴിയില്ല. "ലോകത്ത് ഒരു താക്കീതുകാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ, ദൈവം അദ്ദേഹത്തെ സ്വീകരിക്കും. വളരെ ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത്തെ സ്ഥാപിച്ചു കാണിക്കുകയും ചെയ്യും തീർച്ച." ●

---

*പേജ് 4-ൽ നിന്ന്*

ദിയ്യാ ഖിലാഫത്ത് അതിന്റെ ജൈത്രയാത്ര തുടർന്നുകൊണ്ടേയിരുന്നു. അല്ലാഹുവിന്റെ പിൻബലത്തോടെ നിലനിന്നുവരുന്ന സത്യഖിലാഫത്തുമായി ഏറ്റുമുട്ടി ഫഹദ് രാജാവ്, ഈദിഅമീൻ, ഭൂട്ടോകുടുംബം, സിയാഉൽഹഖ് തുടങ്ങി വൻസ്രാവുകൾ നാശമടഞ്ഞു.

അഹ്മദികൾക്ക് ഈ വർഷം സന്തോഷത്തിന്റെ വർഷമാണ്. യഥാർത്ഥ ഇസ്ലാമിക ഖിലാഫത്തിന്റെ പുനരുദയം കുറിക്കുന്ന ശതവാർഷിക ജൂബിലി ആഘോഷിക്കാനുള്ള അസുലഭമുഹൂർത്തമാണ് അവർക്കിന്ന് കൈവന്നിട്ടുള്ളത്. ഈ സന്തോഷം ലോകത്ത് മറ്റേത് സംഘടനയ്ക്കുണ്ട് അവകാശപ്പെടാൻ. പക്ഷേ, അഹ്മദികളുടെ സന്തോഷം അല്ലാഹുവിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടാണ്. പ്രാർത്ഥനാനിർഭരമായ ദിവസങ്ങളിലൂടെയാണ് അഹ്മദികൾ ആഘോഷത്തെ വരവേല്ക്കുന്നത്. ഇനി വരാനിരിക്കുന്നത് അഹ്മദിയ്യാ ഖിലാഫത്തിന്റേതുമാത്രമായ ദിനങ്ങളാണ്. യഥാർത്ഥ ഖിലാഫത്തിനെ ലോകം തിരിച്ചറിയുന്ന ദിനങ്ങൾ. അതിനുള്ള കാത്തിരിപ്പാണ് തുടക്കം കുറിച്ചിരിക്കുന്നത്. അധികം താമസിയാതെ ലോകം സത്യഖിലാഫത്തിന് പിന്നിൽ അണിനിരക്കുമെന്നത് തീർച്ച. അത് കാണാൻ അല്ലാഹു നമ്മെ സഹായിക്കട്ടെ. ●

# മുസ്‌ലിഹ് മൗഊദ്(റ)
## ഇസ്‌ലാമിന്റെ സാർവ്വത്രികവിജയത്തിന്റെ സൂത്രധാരൻ

**1886**-ന്റെ ആരംഭത്തിൽ ഹോശിയാർപൂർ പട്ടണത്തിലുള്ള ഒരൊഴിഞ്ഞ ഭവനത്തിൽ ഒരു യുഗപുരുഷൻ ദൈവത്തിന് മുമ്പിൽ കഠിനതപസ്സിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ഇസ്‌ലാമിന്റെ സത്യത്തിലേക്കുള്ള അനശ്വരവും അനിഷേധ്യവുമായ അടയാളമെന്നോണം ഒരു ദിവ്യദൃഷ്ടാന്തം വെളിപ്പെടുത്തണമെന്ന് അദ്ദേഹം ആ നാളുകളിൽ നിരന്തരമായി ദൈവത്തോട് പ്രാർത്ഥിച്ചു. ഇസ്‌ലാമിന്റെ ഉണർവ്വിനായുള്ള ഉത്കണ്ഠയല്ലാതെ മറ്റൊന്നും ആ ഋഷിവര്യന്റെ മനസ്സിലുണ്ടായിരുന്നില്ല.

അവസാനം ആ ഭക്തന്റെ അകതാരിൽനിന്നുയർന്ന രോദനങ്ങൾ സ്രഷ്ടാവിന്റെ സവിധത്തിൽ ചെന്നലക്കുകയും ആ പുണ്യപാദന്റെ അർത്ഥനകൾ ദയാനിധിയായ ദൈവത്തിന്റെ അനുകമ്പയെ വിജൃംഭിപ്പിക്കുകയുമുണ്ടായി. അങ്ങനെ ദൈവകാരുണ്യത്തിന്റെ സ്വർഗ്ഗീയവൃഷ്ടിയിൽ ഇസ്‌ലാമിന്റെ സത്യത്തിലേക്കുള്ള സുവാർത്തകൾ വിളംബരപ്പെടുത്തുന്ന ഒരു പ്രഖ്യാപനം അദ്ദേഹം പുറപ്പെടുവിച്ചു. ദൈവത്തിന്റെ നിഴലായ, ദൈവികപ്രഭാവം വെളിപ്പെടുത്തുന്ന, പരിവർത്തനകാരിയായ ഒരു സുലക്ഷണപുത്രനെക്കുറിച്ചുള്ള സുവാർത്തയായിരുന്നു അത്.

ഇസ്‌ലാമിന്റെ പുനരുദയം അദ്ദേഹത്തിലൂടെയും അദ്ദേഹത്തിന്റെ പുത്രനിലൂടെയും യാഥാർത്ഥ്യമാകുമെന്നും അനുഗൃഹീതനായ ആ പുത്രന്റെ യശസ്സ് ലോകത്തിന്റെ കോണുകളോളം അറിയപ്പെടുമെന്നും ദൈവം അദ്ദേഹത്തെ അറിയിച്ചു. യേശു പ്രവചിച്ചതുപോലെ കന്യകമാരെ കോട്ടക്കുള്ളിലാക്കാൻ വരുകയും 19 നൂറ്റാണ്ടുകളായി കന്യകമാർ കാത്തിരിക്കുകയും ചെയ്ത ആ മണവാളൻ ആരോ, ആരുടെ ആത്മീയസൂത്രധാരത്വത്തിലാണോ ക്രിസ്തുമതം ഒരുണങ്ങിയ കളയെന്നോണം കൊഴിഞ്ഞുപോകാൻ വിധിക്കപ്പെട്ടിരിക്കുന്നത്, ഇസ്‌ലാമിന് എതിര് നില്ക്കുന്ന എല്ലാ വ്യാജമതങ്ങളേയും എന്നെന്നേക്കുമായി ഉടച്ചിടാൻ ഭരമേല്പിക്കപ്പെട്ടിരിക്കുന്നത് ആരെയാണോ ആ വാഗ്ദത്തവിപ്ലവിപുത്രനെ, മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള സുവിശേഷമായിരുന്നു അത്.

**പ്രവചനസുവിശേഷം**

വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)ക്ക് തന്റെപ്രാർത്ഥനാ സ്വീകാര്യതയുടെ സുവിശേഷം നല്കിക്കൊണ്ട് ദൈവം ഇപ്രകാരം വെളിപ്പെടുത്തുകയുണ്ടായി:

"നീ എന്നോട് അപേക്ഷിച്ചതനുസരിച്ച്, നിനക്ക് ഞാൻ അനുഗ്രഹത്തിന്റെ അടയാളം നല്കുന്നുണ്ട്. എന്തെന്നാൽ ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യം കൊണ്ട് നിന്റെ പ്രാർത്ഥനകൾക്ക് സ്വീകാര്യത നല്കുകയും ചെയ്തിരുന്നു.

"നിനക്ക് പ്രതാപവാനും പരിശുദ്ധനുമായ ഒരു സുതൻ നല്കപ്പെടും. അവൻ പ്രതാപവും ഐശ്വര്യവുമുള്ളവനായിരിക്കും. അവൻ ലോകത്ത് വന്ന് തന്റെ മസീഹീഗുണവും റൂഹുൽഹഖ് (സത്യത്തിന്റെ ആത്മാവ്)ന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗം സുഖപ്പെടുത്തും. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനുമായിരിക്കും. ഭൗതികവും ആത്മീയവുമായ വിദ്യകളാൽ അവൻ നിറക്കപ്പെടും. അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയതുപോലെ, അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രഭാവം വെളിപ്പെടുത്തുന്നതിന് കാരണവുമായിരിക്കും. ഏതൊരുവനെ ദൈവം അവന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ട് പൂശിയിരിക്കുന്നുവോ ആ പ്രതിഭാശാലി വരുന്നു. അവന്റെ തലയ്ക്കുമീതെ ദൈവത്തിന്റെ നിഴലുണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നുവരികയും ഭൂമിയുടെ കോണുകളോളം അവന്റെ ശ്രുതി പരക്കുകയും ചെയ്യും. തുടർന്ന് അവൻ സ്വർഗ്ഗത്തേക്കുള്ള ആത്മസ്ഥാനത്തേക്ക് കരേറ്റപ്പെടും. ഇത് വിധിച്ചുപോയ കാര്യമാകുന്നു."

ഈ പ്രവചനം 1886 ഫെബ്രുവരി 20ന് ഒരു വിജ്ഞാപനം വഴി വാഗ്ദത്ത മസീഹ്(അ) പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 1886 മാർച്ച് 1ന് 'റിയാസ് ഹിന്ദ്' എന്ന പത്രത്തിന്റെ അനുബന്ധമായും പുറത്തുവന്നു. 1886 മാർച്ച് 22ന് പ്രസിദ്ധപ്പെടുത്തിയ മറ്റൊരു ലഘുലേഖയിൽ പ്രവചനപൂർത്തിക്ക് 9 വർഷത്തെ കാലാവധി അദ്ദേഹം നിശ്ചയിച്ചു. മൂന്നുവർഷത്തിനുശേഷം കൃത്യമായി പറഞ്ഞാൽ 1889 ജനുവരി 12ന് ശ്രേയസ്കരനായി യുഗപ്രഭാവനായി ഇസ്‌ലാമികവിജയത്തിന്റെ സ്വർഗ്ഗീയസൂത്രധാരനായി ഈ കാലഘട്ടത്തിലെ ഇസ്‌ലാമിന്റെ ആത്മീയസൈന്യത്തിന്റെ അജയ്യസേനാനായകനായി വിലസാനിരിക്കുന്ന ആ വാഗ്ദത്ത

വിപ്ലവപുത്രൻ ജന്മംകൊണ്ടു.

**വാഗ്ദത്തപുത്രൻ ചെറുപ്പത്തിൽ**

മുസ്‌ലിഹ് മൗഊദ്, ഹദ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) വളരെ ചെറുപ്പത്തിൽതന്നെ തന്റെ മഹത്വത്തിന്റെ സാക്ഷ്യങ്ങൾ വെളിപ്പെടുത്തിത്തുടങ്ങിയിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഒന്നാം ഖലീഫ, വാഗ്ദത്തമസീഹിന്റെ പ്രഥമശിഷ്യൻ ഹദ്‌റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ(റ) തനിക്ക് ലഭിച്ച ദിവ്യവെളിപാടുകൾ മുഖേന വാഗ്ദത്തപുത്രന്റെ മഹിത പദവി മുൻകൂട്ടി കണ്ടു. ഭിഷഗ്വരന്മാർ അല്പായുസ്സായി കരുതിയ ആ ബാലൻ ഭൂമിയുടെ അറ്റങ്ങളോളം മസീഹിന്റെ നാമം പരത്തുന്ന വാഗ്ദത്തസുതൻ തന്നെയാണെന്ന് ആ മഹാൻ തിരിച്ചറിഞ്ഞു. കുട്ടിക്കാലത്ത് ഒട്ടും ആരോഗ്യവാനായിരുന്നില്ല അദ്ദേഹം. മകന് ക്ഷയരോഗമുണ്ടെന്നും ഉഷ്ണാധിക്യം കുറഞ്ഞ ഉയർന്ന പ്രദേശത്തെവിടെയെങ്കിലും താമസിപ്പിക്കുന്നത് നന്നായിരിക്കുമെന്നുള്ള നിർദ്ദേശമനുസരിച്ച് വാഗ്ദത്ത മസീഹ്(അ) അദ്ദേഹത്തെ ശിംലയിലേക്ക് പാർക്കാനയച്ചു. പക്ഷേ, അവിടെനിന്ന് ഒറ്റയ്ക്ക് താമസിക്കാനാവില്ലെന്നതുകൊണ്ട് അദ്ദേഹം തിരിച്ചുവന്നു. കുട്ടിക്കാലത്തെന്നല്ല, ജീവിതത്തിൽ ഒരുദിവസംപോലും ആ മഹാത്മാവ് ആരോഗ്യവാനായിരുന്നില്ല. ഭൗതികവിദ്യാഭ്യാസത്തിലും അദ്ദേഹം പിറകോട്ടായിരുന്നു. പാഠശാലയിലെ അധ്യായങ്ങൾ അദ്ദേഹത്തിന് വഴങ്ങില്ലായിരുന്നു. എന്നാൽ, സർവ്വശക്തനായ ദൈവം എല്ലാ ഭൗതികവിദ്യകളേയും അതിശയിക്കുന്ന വിശുദ്ധഖുർആന്റെ ജ്ഞാനം അദ്ദേഹത്തിന് അനുഗ്രഹിച്ചരുളി. മാനുഷികമായ ചിന്താശക്തിക്കതീതമായ തരത്തിലുള്ള സർവ്വാതിശായിയായ ഖുർആനിക ജ്ഞാനങ്ങൾ അദ്ദേഹത്തിൽ നിറച്ചു. 16 വയസ്സ് പിന്നിട്ടപ്പോൾതന്നെ അദ്ദേഹം 'തശ്ഹീദുൽ അസ്ഹാൻ' എന്ന മാസികയുടെ പത്രാധിപരായിക്കഴിഞ്ഞിരുന്നു. ഇസ്‌ലാമിന്റെ മഹിമയെക്കുറിച്ച് ആ ഇളംതൂലികയിൽനിന്നുതിർന്ന ചിന്തോദ്ദീപകമായ ലേഖനങ്ങൾ വായിച്ചവരും ശ്രദ്ധേയങ്ങളായ പ്രഭാഷണങ്ങൾ ശ്രവിച്ചവരും ഈ ബാലൻ ഒരുവേള ആത്മീയസാമ്രാജ്യത്തിൽ നേടാൻ പോകുന്ന സമുന്നതമായ സ്ഥാനം ദർശിച്ചു.

**ഖിലാഫത്തിന്നെതിരെ വിഘടിതർ**

വാഗ്ദത്തപുത്രന് 20 വയസ്സ് മാത്രം പ്രായമായപ്പോൾ പ്രസ്ഥാനത്തിലെ കപടവിശ്വാസികളായ ഒരുകൂട്ടം പണ്ഡിതന്മാരും അവരുടെ ആശ്രിതരും അദ്ദേഹത്തിന്നെതിരിലും അഹ്മദിയ്യാ ഖിലാഫത്തിന്നെതിരിലും ഗൂഢാലോചനകൾ തുടങ്ങിക്കഴിഞ്ഞിരുന്നു. വാഗ്ദത്തപുത്രന് ലഭിച്ച ബഹുമാനങ്ങളും പരിഗണനകളും ഈ ഉന്നതന്മാരുടെ പ്രതീക്ഷകളെ തകിടംമറിക്കുന്നതായിരുന്നു. വാഗ്ദത്തമസീഹിന്റെ ചരമം മുതൽ തീവ്രമായ സ്ഥാനമോഹത്തിന് അടിമകളായിരുന്ന ഈ വിഭാഗം 1914-ൽ ഒന്നാം ഖലീഫ ഹദ്‌റത്ത് മൗലാനാ നൂറുദ്ദീൻ(റ) ചരമമടഞ്ഞതോടെ തങ്ങളുടെ അഹന്തയുടെ ആഴം തുറന്നുകാട്ടുകയും ഖിലാഫത്ത് വ്യവസ്ഥയെ തകർക്കാനുള്ള പ്രത്യക്ഷമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയുമുണ്ടായി. 'ഖിലാഫത്തെ റാശിദ'യുടെ പൂർവ്വകല്പിതമായ പുനരുദയമാണ് അഹ്മദിയ്യാ ഖിലാഫത്തെന്ന സത്യം അവർ വിസ്മരിച്ചു. എന്നാൽ, ദൈവഹിതം പോലെ വാഗ്ദത്തമസീഹിലൂടെ പുനഃസ്ഥാപിതമായ ഇസ്‌ലാമിക ഖിലാഫത്ത് നിലനിറുത്തുകതന്നെ ചെയ്യണമെന്നതായിരുന്നു ബഹുജനം എന്ന് അവർ വിശേഷിപ്പിച്ച ബഹുഭൂരിഭാഗം വരുന്ന വിശ്വാസികളുടെയും നിർബ്ബന്ധം. അങ്ങനെ ഖിലാഫത്തിനെ കുഴിച്ചുമൂടാനായി നേതാക്കന്മാരെന്ന് സ്വയംകരുതി കളത്തിലിറങ്ങിയ ആ പണ്ഡിതവൃന്ദത്തെ പുറംതള്ളി കേവലം 25 വയസ്സു മാത്രം പ്രായമായ ആ ചെറുപ്പക്കാരൻ പ്രവാചകത്വത്തിന്റെ മാർഗ്ഗത്തിലുള്ള ആ സ്വർഗ്ഗീയഖിലാഫത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുകയാണുണ്ടായത്.

**കുരിശിന്റെ കേന്ദ്രങ്ങളിൽ**

അഹ്മദിയ്യാ ജമാഅത്ത് അപക്വനായ ഈ ചെറുപ്പക്കാരൻ മുഖേന തകരാൻപോകുകയാണെന്നായിരുന്നു ശത്രുക്കൾ പ്രചരിപ്പിച്ചത്. എന്നാൽ, ഇസ്‌ലാമിന്റെ സാർവ്വത്രികവിജയത്തിനുള്ള അടിസ്ഥാനങ്ങൾ ഈ വാഗ്ദത്തപുത്രനിലൂടെ തുടക്കമിടാനായിരുന്നു വിധി. തന്നോടൊപ്പം നില്ക്കാത്തവരുടെയും തന്നോടൊപ്പം നീങ്ങാത്തവരുടെയും ഹൃദയങ്ങൾ ദ്രവിച്ചുപോകുകയും അവരുടെ വിശ്വാസങ്ങൾ നഷ്ടപ്പെട്ടുപോകുകയും ചെയ്യുമെന്നത് ആ മഹാത്മാവിന്റെ പ്രഖ്യാപനമായിരുന്നു. അതുപോലെതന്നെ സംഭവിക്കുകയും അവർ വിസ്മൃതിയുടെ നഭസ്സിൽ അതിവേഗം അസ്തമിക്കുകയും ചെയ്തു. ഇസ്‌ലാമിനുവേണ്ടി ലോകത്തെ ജയിച്ചടക്കാൻ പണ്ഡിതന്മാരുടെയും ചിന്തകന്മാരുടെയും ആവശ്യം അദ്ദേഹത്തിനുണ്ടായിരുന്നില്ല. വിനീതരും അനുസരണബദ്ധരുമായ സാദാജനങ്ങളെയായിരുന്നു അദ്ദേഹം ആവശ്യപ്പെട്ടത്. ഒരുവേള തന്റെ ഒരു കവിതയിൽ അദ്ദേഹം എഴുതി:

> "*ചിന്തകന്മാരെക്കൊണ്ടാവശ്യമിങ്ങില്ല*
> *ലക്ഷങ്ങളാകിലും നിഷ്ഫലതർതാനവർ*
> *ലക്ഷണമൊത്തുള്ള ഭ്രാന്തരെ കിട്ടുകിൽ*
> *ലക്ഷ്യമിതെന്റേത് പൂർത്തിവരുത്തിടാം....*"

(*കലാമെ മഹ്മൂദിൽനിന്ന്, വിവ: എൻ.എ*)

ഇതാണ് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ആത്മീയ സൂത്രധാരത്വം! ഇങ്ങനെയാണ് ആ മഹാത്മാവ് എതിരാളികളൊരുക്കിയ തീക്കനലുകൾ ചവിട്ടിക്കടക്കാനും ഇസ്‌ലാമിനുവേണ്ടി തങ്ങളുടെ ജീവിതം ത്യജിക്കാനും തയ്യാറുള്ള ഒരു സംഘം ആത്മീയപോരാളികളെ രൂപപ്പെടുത്തിയത്. 1922-ൽ ലോകത്താദ്യമായി വനിതകൾക്കായുള്ള ഒരു പ്രസ്ഥാ

നം– ലജ്ന ഇമായില്ലാഹ്– അദ്ദേഹം രൂപീകരിച്ചു. 1924 –ൽ ഇംഗ്ലണ്ടിലെ വിബ്ലിയിൽ ഇസ്‌ലാമിന്റെ പ്രതിനിധിയായി ലോകമതമഹാസമ്മേളനത്തിൽ പങ്കെടുക്കാൻ ചെന്ന അദ്ദേഹം ലണ്ടൻപള്ളിയുടെ ശിലാസ്ഥാപനം നിർവ്വഹിക്കുകയും പടിഞ്ഞാറൻ ക്രൈസ്തവതയുടെ കേന്ദ്രങ്ങളിൽ ആസൂത്രിതമായ ഇസ്‌ലാമിക പ്രചാരണപ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തു. പിന്നീട് ക്രൈസ്തവതയുടെ അഭികേന്ദ്രമായ വത്തിക്കാൻ വാഗ്ദത്തപുത്രൻ സന്ദർശിക്കുകയും പോപ്പുമായി ഒരു കൂടിക്കാഴ്ചയ്ക്ക് താല്പര്യം പ്രകടിപ്പിക്കുയുമുണ്ടായി. എന്നാൽ, പോണ്ടിഫിക്കൽ കൊട്ടാരം റിപ്പയറിലാണെന്ന ഒഴികഴിവിൽ ആ കൂടിക്കാഴ്ച നിരസിക്കപ്പെടുകയായിരുന്നു. പിന്നീട് ഇസ്‌ലാമിന്റെ വിനീതമായ പ്രസ്ഥാനത്തിന്റെ ആ വിജിഗീഷുവായ അമരക്കാരൻ ഇറ്റലിയിലെ ഏകാധിപതി മുസ്സോളിനിയുമായി ഊഷ്മളമായ കൂടിക്കാഴ്ച നടത്തുകയും അക്കാലത്തെ ഇറ്റലിയുടെ അധീനരാജ്യങ്ങളിൽ ഇസ്‌ലാമിന്റെ പ്രചാരണപ്രവർത്തനങ്ങൾക്കുള്ള അനുമതി നേടിയെടുക്കുന്നതുമാണ് ലോകത്തിന് കാണാൻ കഴിഞ്ഞത്.

**ഇസ്‌ലാമിന്റെ പ്രതിരോധം തീർക്കുന്നു**

മുസ്‌ലിഹ് മൗഊദ്(റ) സകലമേഖലകളിലും തന്റെ പ്രഭാവശാലിത്വവും പ്രാഗത്ഭ്യവും തെളിയിച്ചു. ഭൗതികവും ആത്മീയവുമായ ജ്ഞാനങ്ങളുടെ നിറകുടമായി വിളങ്ങി. വാഗ്ദത്തമസീഹിന്റെ പാഠങ്ങളുടെ വ്യാഖ്യാനങ്ങളെന്നോണം, ആധുനികശാസ്ത്രത്തിന്റെ ബലത്തിൽ ഖുർആനികതത്ത്വങ്ങൾക്കെതിരായി ശത്രുക്കൾ നടത്തുന്ന കടന്നാക്രമണങ്ങളെ നിഷ്ഫലമാക്കുന്ന ശാസ്ത്രീയതത്ത്വങ്ങളടങ്ങിയ നൂറോളം കൃതികളും എണ്ണമറ്റ ഉപന്യാസങ്ങളും വാഗ്ദത്തപുത്രൻ രചിച്ചു. ഖുർആനോട് ഭക്തിബന്ധം പുലർത്തുന്ന ഒരാൾ എന്നനിലയിൽ, തനിക്ക് ലഭിക്കുന്ന ദിവ്യവെളിപാടുകൾക്കെതിരിൽ തങ്ങൾക്ക് ലഭിക്കുന്നതായി അവകാശപ്പെടുന്ന ദിവ്യവെളിപാടുകൾ മുന്നോട്ടുവെക്കാൻ പോപ്പിനെയും മറ്റു ക്രിസ്തീയ സഭാനേതാക്കളേയും അദ്ദേഹം ആഹ്വാനം ചെയ്തു. പക്ഷേ, അവരെല്ലാം ആ ആഹ്വാനങ്ങൾക്കു മുമ്പിൽ അപഹാസ്യമായ മൗനം പാലിക്കുകയേയുണ്ടായുള്ളൂ. ആധുനിക ഭൗതികവീക്ഷണഗതികളുടെ ഇരച്ചുകയറ്റത്തിന്നെതിരിൽ ഇസ്‌ലാമിന്റെ അജയ്യത സ്ഥാപിച്ചുകൊണ്ട് സാമ്പത്തികശാസ്ത്രത്തിന്റെയും രാഷ്ട്രതന്ത്രത്തിന്റെയും ജീവശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും നീതിശാസ്ത്രത്തിന്റേയുമെല്ലാം അടിത്തറ ഖുർആനികതത്ത്വങ്ങൾ അനുസരിച്ച് അദ്ദേഹം പുനർനിർണ്ണയിച്ചു.

**അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭവും തഹ്‌രീകെ ജദീദും**

വാഗ്ദത്തപുത്രൻ മുഖേനയുള്ള ഇസ്‌ലാമിന്റെ ഈ ആത്മീയമുന്നേറ്റം അതിന്റെ ശത്രുക്കൾക്കും അവരുടെ താല്പര്യസംരക്ഷകരായ മുല്ലാമുഖ്യന്മാർക്കും അസഹ്യമായിത്തുടങ്ങിയിരുന്നു. 1934–ൽ പഞ്ചാബിലെ ബ്രിട്ടീഷ്ഗവർണ്ണറുടെ ആശിസ്സുകളോടെ അഹ്റാർ സംഘടനയുടെ നേതൃത്വത്തിൽ ഒരു അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം അരങ്ങേറി. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ രണ്ടാമത്തെ ഇമാമും പ്രവചിതപരിവർത്തനകാരിയുമായ ഈ വീരപുരുഷന്റെ മുമ്പിൽ പക്ഷേ, പ്രസ്തുത പ്രക്ഷോഭനാടകം നിഷ്ഫലമായിത്തീരുകയാണുണ്ടായത്. പോരാത്തതിന് പ്രക്ഷോഭകാരികൾക്കും അവരുടെ യജമാനന്മാർക്കുമുള്ള മറുപടിയെന്നോണം ക്രൈസ്തവകേന്ദ്രങ്ങളിൽ ഇസ്‌ലാമിന്റെ ആത്മീയാധിനിവേശമൊരുക്കുന്ന 'തഹ്‌രീകെ ജദീദ്' പദ്ധതിക്ക് അദ്ദേഹം തുടക്കം കുറിക്കുകയും ചെയ്തു. വിദേശരാജ്യങ്ങളിൽ ഇസ്‌ലാമിന്റെ പ്രചാരണപ്രവർത്തനങ്ങൾക്കുള്ള സാർവ്വദേശീയ മിഷണറി വ്യവസ്ഥയായിരുന്നു അത്. ഇസ്‌ലാമിന്റെ പുതിയ ലോകക്രമം ലോകത്ത് നടപ്പാക്കാൻ വാഗ്ദത്തമസീഹ് രൂപംകൊടുത്ത മഹത്തായ 'വസിയ്യത്ത്' വ്യവസ്ഥയുടെ മുന്നോടിയാണിതെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ക്രൈസ്തവതയുടെ പ്രാകാരണങ്ങൾ വാഗ്ദത്തപുത്രന്റെ സൈന്യം ഇസ്‌ലാമിനുവേണ്ടി ജയിച്ചടക്കും എന്നതാണതിന്റെ പരിണിതി. 1944 ജനുവരി 28–ന് ഒരു ഖുത്‌ബയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു:

"തഹ്‌രീക് ജദീദ് മുഖേന ദൈവം ഒരടിസ്ഥാനമിട്ടിരിക്കുകയാണ്. മണവാളനെ കന്യകമാർ കോട്ടയ്ക്കുള്ളിൽ അനുഗമിക്കുമെന്ന യേശുവിന്റെ പ്രവചനവും ഒരുനാൾ മഹിമയോടെ പുലരും എന്നതാണതിന്റെ ഫലം. മിശിഹായുടെ പ്രതിച്ഛായ ആ കന്യകമാരെ സർവ്വശക്തനായ ദൈവത്തിന്റെ സന്നിധിയിലേക്ക് ആനയിക്കും. അങ്ങനെ അവർ മുഖേന അനുഗ്രഹിക്കപ്പെട്ട ജനങ്ങൾ ഹർഷാരവങ്ങളോടെ 'യോശന്നാ, യോശന്നാ' എന്നാർത്തുവിളിക്കും. എന്നിട്ട് അവർ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയിൽ വിശ്വസിക്കും. ഒന്നാമത്തെ മസീഹിലും യഥാർത്ഥ വിശ്വാസം അവരിലുണ്ടാകും. ഇപ്പോൾ അവർ അദ്ദേഹത്തെ ദൈവപുത്രനായി വാഴ്ത്തുന്നു! അത് അദ്ദേഹത്തെ ശകാരിക്കുന്നതിനു തുല്യമാണ്. എന്നാൽ, ഞാൻ വിതയ്ക്കുന്ന വിത്തുകൾ ഒരുനാൾ മനോഹരമായ വൃക്ഷമായി വളർന്നുയരും. ക്രിസ്തീയ ജനങ്ങൾ അതിനു കീഴിൽ അണിനിരക്കുകയും അങ്ങനെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയും ആകാശത്തിലെന്നപോലെ ഭൂമിയിലും സ്വർഗ്ഗരാജ്യം വന്നെത്തുകയും ചെയ്യും" (ഖുത്‌ബ, ജനുവരി 28, 1944).

**പ്രവചനപൂർത്തിയുടെ പ്രഖ്യാപനം**

തനിക്ക് 53 വയസ്സ് പൂർത്തിയായ അവസരത്തിൽ വാഗ്ത്തപുത്രനെക്കുറിച്ചുള്ള പ്രവചനപൂർത്തിയുടെ അടയാളങ്ങൾ ഒന്നൊന്നായി സ്ഫുടം ചെയ്തു കഴിഞ്ഞപ്പോൾ ദിവ്യവെളിപാടുകളെ അടിസ്ഥാനമാക്കി അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ പ്രവചനം

ചെയ്ത വാഗ്ദത്തസുതൻ താൻ തന്നെയാണെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 1944 ഫെബ്രുവരി 20 -ന് ഹോശിയാർപൂരിൽ ചേർന്ന ഒരു മഹാസമ്മേളനത്തിൽവെച്ച് ദൈവനാമത്തിൽ ലോകത്തോട് പ്രഖ്യാപിക്കുകയുണ്ടായി. അതൊരു ഉജ്ജ്വലവും സ്ഫോടനാത്മകവുമായ പ്രഖ്യാപനമായിരുന്നു. ആ മഹാത്മാവ് പ്രസ്തുത സമ്മേളനത്തിൽ ഭരണകൂടങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് പറഞ്ഞു:

"ഇനിയും ഈ പ്രസ്ഥാനത്തിൽ ചേർന്നിട്ടില്ലാത്തവരുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളട്ടെ: ഇസ്‌ലാമിന്റെ സന്ദേശം ഞങ്ങൾ ഈ ഭൂമുഖത്തെ അറ്റങ്ങളോളം, കിഴക്കും പടിഞ്ഞാറുമെല്ലാം എത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രസ്ഥാനത്തിന്റെ സവിശേഷതകളെക്കുറിച്ച് നിങ്ങൾ ചിന്തിക്കണമെന്നും ഇതിനകം വെളിപ്പെട്ടിട്ടുള്ള ദൈവികമായ ദൃഷ്ടാന്തങ്ങളിൽ നിന്ന് ഫലമെടുക്കണമെന്നും ഹൃദയപൂർവ്വം നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ വ്യാപനത്തെ തടയിടുവാൻ ലോകത്തുള്ള ഒരു ശക്തിക്കും സാധ്യമല്ല. ആകാശത്തേയും ഭൂമിയേയും അതുപോലെ ഹോശിയാർപൂരിലെ ഓരോ ഇഷ്ടികകളേയും സാക്ഷിനിറുത്തി ഞാൻ പറയട്ടെ ഈ പ്രസ്ഥാനം ലോകമെമ്പാടും പ്രചരിക്കുകതന്നെ ചെയ്യും. ഭരണകൂടങ്ങൾ അതിന്നെതിരിൽ നില്ക്കുകയാണെങ്കിൽ അവ നശിപ്പിക്കപ്പെടും. രാജകീയ സിംഹാസനങ്ങൾ അതിനു പരിപന്ഥികളായി നിലകൊള്ളുകയാണെങ്കിൽ അവ ധൂളിക്കപ്പെടും. ജനഹൃദയങ്ങൾ അതിന്നെതിരിൽ കഠിനങ്ങളാകുകയാണെങ്കിൽ മാലാഖമാർ അവയെ ഉഴിഞ്ഞു മൃദുലങ്ങളാക്കും."

**ആത്മീയസേനാനായകൻ സംസാരിക്കുന്നു**

പ്രവചനപൂർത്തിയെ വിളംബരപ്പെടുത്തിക്കൊണ്ടുള്ള സമ്മേളനങ്ങൾ ഹോശിയാർപൂരിൽ മാത്രമല്ല ലാഹോർ, ലുധിയാന, ഡൽഹി എന്നിവിടങ്ങളിലും ചേർന്നു. ലാഹോറിൽ ഹിന്ദുക്കളും, മുസ്‌ലിംകളും, ക്രിസ്ത്യാനികളും, സിക്കുകാരും ഉൾപ്പെട്ട പതിനായിരങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ആ മഹാത്മാവ് തുടർന്നു:

"തനിക്കൊരു പുത്രനുണ്ടാകുമെന്ന് സ്വന്തത്തിൽ ആർക്കാണ് പറയാൻ കഴിയുക? അത്തരമൊരു പുത്രൻ ജീവിച്ചിരിക്കുമെന്നും വളരുമെന്നും ആർക്കാണ് പറയാൻ കഴിയുക? ആ പുത്രൻ സമുദായത്തിന്റെ നേതാവാകുമെന്ന് ആർക്കാണ് പറയാൻ കഴിയുക? അവൻ ഭൂമിയുടെ അറ്റങ്ങളോളം അറിയപ്പെടുന്നവനാകുമെന്ന് പറയാൻ ആർക്ക് സാധിക്കും? നിശ്ചയമായും നിശ്ചയമായും ആർക്കും അപ്രകാരം പറയാൻകഴിയില്ല. ദൈവത്തിന്റെ പിന്തുണയ്ക്കായുള്ള ഈ പുതിയ ദൃഷ്ടാന്തം ഈ പ്രസ്ഥാനം ദൈവത്താൽ സ്ഥാപിതമായിട്ടുള്ളതാണെന്നും ദൈവത്തിന്റെ സഹായവും പിന്തുണയും അതിനുണ്ടെന്ന് ഒരിക്കൽകൂടി തെളിയിച്ചു കാട്ടിയിരിക്കുന്നു......"

പ്രഭാവശാലിയായ ഇസ്‌ലാമിന്റെ ആ സേനാപതി ഒളിമാളങ്ങളിലിരുന്ന് ഉപജാപങ്ങൾ മെനയുന്ന സകല ശത്രുക്കളേയും തുടർന്ന് ഇപ്രകാരം ഓർമ്മപ്പെടുത്തി:

"അവിശ്വാസത്തെ ക്ഷണനേരംകൊണ്ട് കൊത്തിമുറിക്കുന്ന ഖഡ്ഗങ്ങൾ ദൈവം എനിക്ക് നല്കിയിരിക്കുന്നു. എന്റെ ആഹ്വാനത്തിന് പ്രതികരിച്ചുകൊണ്ട് എല്ലാതരം ത്യാഗങ്ങൾക്കും തയ്യാറാകുന്ന ഹൃദയങ്ങളെ എനിക്ക് നല്കിയിരിക്കുന്നു. സമുദ്രത്തിന്റെ ഹഗ്വരങ്ങളിലേക്ക് സ്വയം ചാടുവാൻ ഞാൻ പറഞ്ഞാൽ അവർ അപ്പടി അനുസരിക്കാൻ തയ്യാറായിരിക്കും. പർവ്വതങ്ങളുടെ ശിഖരങ്ങളിൽനിന്ന് താഴേക്ക് ചാടാൻ ഞാൻ ആവശ്യപ്പെട്ടാൽ അവർ അതപ്പടി നടപ്പിലാക്കും. കത്തിപ്പടരുന്ന തീപ്പടർപ്പിലേക്കൊന്ന് കുതിക്കാൻ ഞാൻ കല്പിച്ചാൽ അവർ അതിന് മുതിരും. ആത്മഹത്യ അനുവദിക്കപ്പെട്ടതല്ലെങ്കിൽ ഈ പ്രസ്ഥാനത്തിലെ നൂറുകണക്കിന് അംഗങ്ങൾ എന്റെ ആജ്ഞയ്ക്ക് തലകുനിച്ച് ഉത്തരക്ഷണം തങ്ങളുടെ ഉദരത്തിൽ കഠാരി കുത്തിയിറക്കാനും തയ്യാറാകുന്നുത് ഞാൻ നിങ്ങൾക്ക് കാണിച്ചുതരുമായിരുന്നു. നമ്മെ അല്ലാഹു ഇസ്‌ലാമിന്റെ പിന്തുണയ്ക്കായാണ് എഴുന്നേല്പിച്ചിരിക്കുന്നത്. മുഹമ്മദ് റസൂൽ(സ)യുടെ നാമത്തെ മഹത്വപ്പെടുത്തുന്നതിനായിട്ടാണ് അവൻ നമ്മെ എഴുന്നേല്പിച്ചിരിക്കുന്നത്........... അല്ലയോ ലാഹോർ നിവാസികളേ, ഞാനിതാ ദൈവത്തിന്റെ സന്ദേശം നിങ്ങളെ കേൾപ്പിക്കുന്നു..... ഇപ്പോൾ ഇവിടെ സംസാരിക്കുന്നത് ഞാനാണെന്ന് നിങ്ങൾ കരുതേണ്ട! എന്റെ നാവിലൂടെ അല്ലാഹുവാണ് സംസാരിക്കുന്നത്. എന്റെ മുമ്പിൽ ഇസ്‌ലാമിന്നെതിരിൽ ശബ്ദമുയർത്തുന്നവനാരോ അവൻ നിശ്ശബ്ദനാക്കപ്പെടും. എനിക്കെതിരിൽ നില്ക്കുന്നവനാരായാലും അവൻ അപമാനിക്കപ്പെടും........ ഞാൻ ഒരു മനുഷ്യൻ മാത്രമാണ്. ഇന്നല്ലെങ്കിൽ നാളെ ഞാൻ മരിക്കും. എന്നാൽ, എന്നെ അല്ലാഹു എന്തിനുവേണ്ടി എഴുന്നേല്പിച്ചുവോ ആ ലക്ഷ്യത്തിന് മരണമില്ല."

**ഇന്ത്യയുടെ വിഭജനം ഒഴിവാക്കാൻ**

1946 സെപ്തംബറിൽ മുസ്‌ലിഹ് മൗഊദ്(റ) ഒരു പ്രത്യേക ഉദ്ദേശ്യത്തോടെ ഡൽഹിയിലേക്ക് യാത്ര തിരിച്ചു. ഇന്ത്യയുടെ വിഭജനത്തിനു വേണ്ടിയുള്ള രംഗവേദി ഒരുങ്ങുന്ന കാലമായിരുന്നു അത്. ഒരു മഹാദുരന്തം രാജ്യത്തെ ഉറ്റുനോക്കുന്നതായി അദ്ദേഹം കണ്ടു. ഒരു നരമേധം ഒഴിവാക്കാൻ വിഭജനംതന്നെ ഒഴിവാക്കുക എന്നതായിരുന്നു കരണീയം. ആ സന്ദർഭം അഹ്മദിയ്യാ ഇമാം പാക്കിസ്ഥാൻ വാദത്തെ പിന്തുണച്ചിരുന്നില്ല. ദൈവം വാഗ്ദത്തമസീഹിനെ ഒരു വെളിപാടിൽ 'ആര്യന്മാരുടെ രാജാവ്' എന്ന് വിശേഷിപ്പിച്ചിരിക്കെ (തദ്കിറ), അഹ്മദിയ്യാ ജമാഅത്തിന്റെ താല്പര്യം ഇന്ത്യയുടെ വിഭജനം ഒഴിവാക്കുന്നതിലാ

ണെന്ന് ആ മഹാത്മാവ് പ്രഖ്യാപിച്ചു. ഡൽഹിയിൽ ഇന്ത്യയിലെ സമുന്നതരായ രാഷ്ട്രീയനേതാക്കളെ അദ്ദേഹം ചെന്നുകണ്ടു. ആദ്യം ഗാന്ധിജിയെ, പണ്ഡിറ്റ് ജവഹർലാൽനെഹ്റുവിനെ, സർദാർ വല്ലഭായ് പട്ടേലിനെ, മൗലാനാ അബുൽ കലാം ആസാദിനെ...... ആരെയൊക്കെ ചെന്നുകണ്ടുവെന്നും അവരുടെ പ്രതികരണങ്ങളെന്തൊക്കെയാണാണെന്നും മുസ്‌ലിഹ് മൗഊദ് വിവരിച്ചിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം വിഭജനം തീരുമാനിക്കപ്പെട്ടതുപോലെയായിരുന്നു. ഒരു നേതാവും പ്രത്യാശാപൂർണ്ണമായ മറുപടി നല്കിയിരുന്നില്ല. ഖാദിയാനിൽ തിരിച്ചെത്തിയ ശേഷം, 1946 ഒക്ടോബറിൽ ഒരു ഖുത്ബയിൽ തന്റെ ഡൽഹിയാത്രയുടെ വിവരണം നൽകിക്കൊണ്ട് ഇന്ത്യയുടെ വിഭജനത്തെ തുടർന്ന് അരങ്ങേറാനിരിക്കുന്ന എല്ലാ ദുരന്തങ്ങൾക്കും ഉത്തരവാദികൾ ഈ നേതാക്കന്മാരായിരിക്കുമെന്ന് ആ മഹാത്മാവ് ഹൃദയവേദനയോടെ പ്രഖ്യാപിക്കുകയുണ്ടായി.

**മൗദൂദിയുടെ വ്യാഥാവേൽവ്യത്തി**

പാക്കിസ്ഥാൻ രൂപീകരണത്തിനുശേഷം, അധികാരത്തിന്റെ കാമുകനായി ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകനായ മൗലവി അബുൽ അഅ്ലാ മൗദൂദി അഹ്മദിയ്യാ പ്രസ്ഥാനത്തിനെതിരായി മറ്റൊരു പ്രക്ഷോഭാഭാസത്തിന് തിരികൊളുത്തി. വാളിന്റെ മഹത്ത്വം ഘോഷിച്ച് ഇസ്‌ലാമിനെ ഫാസിസത്തോട് ഒപ്പിച്ച് വ്യാഖ്യാനിച്ച മൗദൂദിക്ക് ഇക്കാര്യത്തിൽ സാമ്രാജ്യത്വ ഏജന്റുമാരുടെ പിന്തുണകൂടിയുണ്ടായിരുന്നു. അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിന്റെ പേരിൽ ചുളുവിലൊരു പ്രതിവിപ്ലവം സംഘടിപ്പിച്ച് അധികാരം കൈക്കലാക്കുക എന്നതും ആ ഭീകരപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ മൗദൂദിയുടെ ഉദ്ദേശ്യമായിരുന്നു. പക്ഷേ, ആ കൊലവിളികളും ഇസ്‌ലാമിലെ അജയ്യനായ ആ സേനാപതിയുടെ മുമ്പിൽ നിഷ്ഫലമാവുകയാണുണ്ടായത്. എല്ലാ ഗൂഢാലോചനകളും പൊളിയുകയും ലഹളയുടെ സൂത്രധാരനായ മൗലവി മൗദൂദിയുടെ പങ്ക് വെളിപ്പെടുകയും രാജ്യദ്രോഹത്തിന് അയാൾ തുറുങ്കിൽ അടയ്ക്കപ്പെടുകയും ചെയ്തു. വരാനിരിക്കുന്ന പ്രക്ഷോഭാഭാസങ്ങളുടെ പിന്നണിയിൽ ആരായിരിക്കുമെന്ന് മുൻകൂട്ടി കണ്ടറിഞ്ഞ മുസ്‌ലിഹ് മൗഊദ്(റ) ഒരിക്കൽ ഖാദിയാനിൽ അഹ്മദിയ്യാ വാർഷിക സമ്മേളനത്തിന്റെ സമാപനത്തിൽ പറഞ്ഞു: "ഈ ലോകം എനിക്കെതിരിൽ എല്ലാ ശ്രമങ്ങളും ചെയ്തുനോക്കട്ടെ. എല്ലാ ശക്തികളും സംഭരിച്ച് സകല സൈന്യങ്ങളേയും ഒരുക്കിക്കൊള്ളട്ടെ! സകല ക്രിസ്ത്യൻ രാഷ്ട്രങ്ങളും അവരുടെ ഭരണകൂടങ്ങളും ഒന്നിച്ചുചേർന്നുകൊള്ളട്ടെ! യൂറോപ്പും അമേരിക്കയും ഒരുമിച്ചുനില്ക്കട്ടെ! സമ്പന്നവും ശക്തരുമായ രാഷ്ട്രങ്ങൾ എന്നെ പരാജയപ്പെടുത്താൻ ഒരുമിക്കട്ടെ! എന്നാൽ ദൈവത്തിന്റെ പേരിൽ ഞാൻ പ്രഖ്യാപിക്കുന്നു എനിക്കെതിരിൽ അവരെല്ലാം പരാജയത്തിന്റെ പടുകുഴിയിൽ ആപതിക്കുകതന്നെ ചെയ്യും" (1944, ഡിസംബർ 29, ജൽസാ പ്രഭാഷണം)

**ചരിത്രത്തിൽ മുസ്‌ലിഹ് മൗഊദ്(റ)**

ഈ യുഗത്തിലെ സത്യത്തിന്റെ പ്രക്ഷോഭകാരിയായ വക്താവായിരുന്നു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ). ഇസ്‌ലാമിന്റെ സാർവ്വത്രികവിജയത്തിന്റെ ക്രാന്തദർശിയായ സൂത്രധാരനായിരുന്നു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ). 20-ാം നൂറ്റാണ്ടിൽ മതലോകത്ത് ജീവിച്ച മഹാപ്രതിഭാശാലിയായിരുന്നു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ). ഇസ്‌ലാമിന്റെ ശത്രുക്കൾ മുല്ലായിസത്തെ മുമ്പിൽനിറുത്തി ആ മഹാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് തടയിടാൻ ശ്രമിച്ചു. മനുഷ്യവംശത്തിന് അദ്ദേഹം നല്കിയ സംഭാവനകളും ഇസ്‌ലാമിനും മുസ്‌ലിംകൾക്കും അദ്ദേഹം അർപ്പിച്ച സേവനങ്ങളും നിഗൂഢതയുടെ മറയിൽ അവരൊളിപ്പിച്ചു. എന്നാൽ, ഒരുനാൾ ആ മഹനീയ സേവനങ്ങൾ ലോകമറിയുന്ന പുലരി ഉദിക്കും. അദ്ദേഹത്തിന്റെ വിപ്ലവകരമായ പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്നും ആ മഹാത്മാവ് ലോകത്തുണ്ടാക്കിയിട്ടുള്ള പരിവർത്തനങ്ങളുടെ ആഴം എത്രയാണെന്നും ലോകം അപ്പോൾ കാണും. ചരിത്രത്തിൽ മനുഷ്യരാശിയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ അദ്ദേഹത്തിനുള്ള അധൃശ്യവും അനിഷേധ്യവുമായ സ്ഥാനം ലോകം അപ്പോൾ അറിയും.

ഖാദിയാനിൽ അഹ്മദിയ്യാ വാർഷികസമ്മേളനത്തിന്റെ സമാപനത്തിൽ ചരിത്രത്തിൽ തന്റെ സ്ഥാനം ഊന്നിക്കൊണ്ട് അദ്ദേഹം പറഞ്ഞ വാക്കുകൾ ഇങ്ങനെ സംഗ്രഹിക്കാം:

"ഇസ്‌ലാമിന്റെയും മുഹമ്മദ്(സ)നബിയുടെയും മാനം ഉയർത്തിക്കാട്ടുന്നതിൽ, ഇസ്‌ലാമിനെ വീണ്ടും സ്വന്തം ശക്തിയിൽ പുനഃസ്ഥാപിക്കുന്നതിൽ, ക്രിസ്തുമതത്തെ പരാജയപ്പെടുത്തുന്നതിൽ ദൈവേച്ഛയാ ഞാൻ ചെയ്തിട്ടുള്ളതുംചെയ്യാനിരിക്കുന്നതുമായ കൃത്യങ്ങൾക്കു വലിയ പങ്കുവഹിക്കാനുണ്ടാകും. സാത്താന്റെ തല ചതച്ചരക്കുന്നതും ദജ്ജാലിയത്തിന്റെ അന്ത്യമെത്തിക്കുന്നതുമായ കാലുകളിലൊന്ന് എന്റെ കാലായിരിക്കും! ഞാനിതാ ഈ സത്യവസ്തുത വളരെ തുറന്നനിലയിൽ ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുകയാണ്! ആകാശങ്ങളുടെയും ഭൂമിയുടെയും നാഥനായ ദൈവത്തിന്റെ ശബ്ദമത്രെ ഇത്. ആ ദൈവത്തിന്റെ ഇംഗിതമാണിത്! ഈ സത്യവസ്തുത അയഥാർത്ഥമാക്കപ്പെടുകയില്ല! അയഥാർത്ഥമാക്കപ്പെടുകയില്ല! അയഥാർത്ഥമാക്കപ്പെടുകയില്ല! ഇസ്‌ലാം ലോകത്ത് വിജയശ്രീലാളിതമായിത്തീരുകയും ക്രിസ്തുമതം പരാജയപ്പെടുകയും ചെയ്യും. (ജൽസ പ്രഭാഷണം, ഡിസംബർ 29, 1944)

ലേഖനം

കെ. അബ്ദുൽ ഹക്കീം

# വാതത്തിന് ചികിത്സ വാദപ്രതിവാദമോ?

രണ്ടായിരം വർഷം കഴിഞ്ഞിട്ടും ആത്മീയരോഗത്താൽ വാതം പിടിപെട്ട് കിടക്കുന്ന ഒരു മതവിഭാഗമാണ്, ആധുനിക ക്രിസ്തുമത വിശ്വാസികൾ. അവരുടെ വക രോഗശാന്തിശുശ്രൂഷകൾ എവിടെ നോക്കിയാലും കാണാം.എന്നാൽ, അത് ആത്മാവിന് ശാന്തി കിട്ടുന്ന ശുശ്രൂഷയല്ല. ആത്മീയരോഗശാന്തി ശുശ്രൂഷ ഇന്നും നിലവിൽ നടത്തുന്നത് മറ്റൊരു കൂട്ടരാണ്. എങ്കിലും പലരും ആത്മാവിന്റെ മോക്ഷത്തിനുള്ള ചികിത്സയുമായി രംഗത്തുണ്ട്. മുസ്‌ലിം സമൂഹത്തിലും ഇത്തരം ചികിത്സകരുണ്ട്. എല്ലാവരുടെയും വാദഗതി നാളെ പരലോകമോക്ഷം തങ്ങളുടെ ഭാഗത്താണെന്നാണ്.

മുസ്‌ലിം വിഭാഗത്തിൽ ഏകദൈവ സിദ്ധാന്തത്തിന്റെ (തൗഹീദ്) പേരിൽ കേരളത്തിൽ വാദപ്രതിവാദവുമായി ക്രൈസ്തവരെ വെല്ലുവിളിച്ചുനടക്കുന്നവരെ ഉദ്ദേശിച്ചാണ് ഈ ലേഖനം. കാരണം ഇക്കൂട്ടരുടെ അവകാശവാദം, വാദപ്രതിവാദത്തിലൂടെ ക്രിസ്തീയ സഹോദരന്മാരേയും അവരുടെ പണ്ഡിതന്മാരേയും മുട്ടുകുത്തിച്ചെന്നാണ്. ഇതെത്രത്തോളം വിജയപ്രദമാണെന്ന് നമുക്കൊന്ന് പരിശോധിക്കാം. കേരളത്തിൽ മുജാഹിദെന്നും, സലഫികളെന്നുമെല്ലാം അറിയപ്പെടുന്ന കൂട്ടരുടെ ഒരു വലിയ പണ്ഡിത(?)നാണ് ഇതിന്റെ അമരക്കാരൻ. ഞങ്ങൾ മാത്രമാണ് തൗഹീദിന്റെ യഥാർത്ഥ അവകാശികൾ, ബാക്കിയുള്ളവരെല്ലാം ബഹുദൈവവിശ്വാസികളാണെന്നുമാണ് ഇവരുടെ മനസ്സിലിരിപ്പ്. അതുകൊണ്ട് ഏകദൈവ വിശ്വാസത്തിന്റെ ദൗത്യം ഏറ്റെടുക്കുകയും, അങ്ങനെ മറ്റു മതവിഭാഗങ്ങളെക്കൂടി വാദപ്രതിവാദത്തിലൂടെ പരാജയപ്പെടുത്തി സ്ഥാപിക്കുകയെന്നുള്ളതുമാണ് പ്രഥമവും, പ്രധാനവുമായ ലക്ഷ്യമെന്നിവർ കരുതുന്നു. അതിന്റെ പ്രകടമായ തെളിവാണ് ക്രൈസ്തവസമൂഹത്തോടുള്ള വെല്ലുവിളിയും കോലാഹലങ്ങളും പ്രസംഗങ്ങളുമെല്ലാംതന്നെ. ഇതിന്റെ ഭാഗമായി യേശുക്രിസ്തു ദൈവമല്ലായെന്നും, ദൈവപുത്രനല്ലായെന്നുമുള്ള പല ബൈബിൾ ഉദ്ധരണികൾ ഇവർ സ്റ്റേജുകളിൽ തട്ടിവിടാറുണ്ട്. ഇതൊരു ബ്രഹ്മാണ്ഡമായ തെളിവായിട്ടാണ് ധീരമുജാഹിദുകൾ കരുതുന്നത്. എന്നാൽ, യേശു ദൈവമല്ലായെന്നും, ദൈവപുത്രനല്ലായെന്നും, പരിശുദ്ധാത്മാവ് ദൈവമല്ലായെന്നുമെല്ലാം പറഞ്ഞുകൊടുക്കുവാൻ, എല്ലാ തെളിവുകളും ബൈബിളിൽ നിന്നുതന്നെ ഉദ്ധരിച്ചുകൊണ്ട് ഭൂരിപക്ഷ ക്രിസ്ത്യാനികളോട് തൗഹീദ് പ്രചരിപ്പിക്കുന്ന ക്രിസ്തീയസമൂഹം പണ്ടേയുണ്ട്. അവരെ 'യഹോവാസാക്ഷികൾ' എന്നു വിളിക്കപ്പെടുന്നു.

നൂറ്റാണ്ടുകളോളമായി യഹോവാസാക്ഷികളുടെ മുന്നിൽ മുട്ടുമടക്കി കഴിയേണ്ടിവന്ന ഭൂരിപക്ഷ ക്രൈസ്തവലോകം അവസാനം അവരുടെ ചോദ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും മറുപടിയില്ലാതെ വന്നപ്പോൾ കണ്ടുപിടിച്ച മാർഗ്ഗമാണ് അവരെ ക്രിസ്തീയ സമൂഹത്തിൽനിന്നും ഒഴിവാക്കിക്കൊണ്ട് നമ്മുടെ ഭാഷയിൽ പറഞ്ഞാൽ 'കാഫിർ' (സത്യനിഷേധി)കളായിട്ട് പ്രഖ്യാപിച്ച് പുറംതള്ളുക എന്നത്! അതിനേക്കാൾ വലിയ വാദപ്രതിവാദമൊന്നും മുജാഹിദീങ്ങൾക്ക് നടത്താൻ പറ്റുമെന്നു തോന്നുന്നില്ല. യഹോവാസാക്ഷികളുടെ 'നിങ്ങൾ ത്രിത്വത്തിൽ വിശ്വസിക്കണമോ?' എന്ന ചെറുകൃതി ഇതിനൊരു ഉദാഹരണം മാത്രമാണ്. ഇതിൽ കൂടുതലായി ലോകത്ത് ആർക്കെങ്കിലും ക്രൈസ്തവരെ തൗഹീദിലേക്ക് ക്ഷണിക്കണമെങ്കിലും തോല്പിക്കണമെങ്കിലും അത് സാധ്യമാകുന്നത് മനുഷ്യനിർമ്മിത പ്രസ്ഥാനങ്ങളിലൂടെയല്ല. അതിന് ഈ കാലഘട്ടത്തിൽ മുഴുലോകത്തോടും യഥാർത്ഥ ഏകദൈവമാർഗ്ഗത്തിലേക്കും, സന്മാർഗ്ഗത്തിലേക്കും ക്ഷണിക്കുവാനായി ദൈവത്താൽ നിയുക്തനായിട്ടുള്ള അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ഹദ്റത്ത് അഹ്മദ്(അ)ലൂടെ മാത്രമേ സാധ്യമാകൂ.

ഇതല്ലാത്ത എല്ലാ വാദപ്രതിവാദങ്ങളും അമ്പേ പരാജയമടയുന്നതായിട്ട് ബുദ്ധിയുള്ളവർക്ക് കാണാം. കാരണം യേശുക്രിസ്തുവിന്റെ [ഈസാനബി(അ)] യുടെ കാര്യത്തിൽ ഒരു പരിധിവരെയേ മുസ്‌ലിം ഭൂരിപക്ഷത്തിന് എത്താൻ സാധിക്കുകയുള്ളൂ. ഒരു മനുഷ്യൻ ദൈവമാണെന്ന് വിശ്വസിക്കുന്നത് വിഡ്ഢിത്തമാണെന്നു ബുദ്ധി പറയും. അതിൽ വലിയ യുക്തിയുടെ ആവശ്യമില്ല. എന്നാൽ, ആ വ്യക്തിക്ക് അമാനുഷികതയുണ്ടെന്ന് ഭൂരിപക്ഷം വിശ്വസിക്കുകയും, അത് എഴുതിപ്പിടിപ്പിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യുമ്പോൾ സ്വാഭാവികമായും സംശയം തോന്നുന്നതിൽ കുറ്റമില്ല. ഇത്തരത്തിലുള്ള വിശ്വാസം വെച്ചുപുലർത്തുന്ന, വാദപ്രതിവാദക്കാർ ആത്മീയമായ നിലയിൽ 'വാതം' പിടിപ്പെട്ടവനെപോലെതന്നെയാണ്. യേശുവിന്റെ ജീവിതകാലത്തെ ഒരു സംഭവം വായനക്കാരുടെ ശ്രദ്ധയിലേക്ക് കുറിക്കുന്നു. യേശുവിന്റെ

ശിഷ്യന്മാർ യേശുവിനെ സമീപിച്ചിട്ട് "ഗുരോ, ലാസർ മരണപ്പെട്ടുപോയെന്നും, അവിടംവരെ ഒന്നു വന്നു നോക്കണമെന്നും" പറഞ്ഞു. ഉടനെതന്നെ യേശു ശിഷ്യന്മാരോടൊപ്പം ലാസറിന്റെ ഭവനത്തിലേക്ക് പുറപ്പെട്ടു. അവിടെ ലാസർ കിടക്കുന്നിടത്തുവന്ന് 'ലാസറെ എഴുന്നേറ്റു വാ' എന്നു വിളിച്ചപ്പോൾ ലാസർ എഴുന്നേറ്റുവന്നുവെന്നാണ്, ബൈബിൾ ഭാഷ്യം. ലാസർ മരിച്ചിട്ടുണ്ടായിരുന്നെങ്കിൽ ഒരിക്കലും എഴുന്നേൽക്കുകയില്ലായിരുന്നു. മറിച്ച്, ലാസർ ആത്മീയനിലയിൽ മരണപ്പെട്ടതായിരുന്നുവെന്നു വിശ്വസിച്ചാൽ ഒരു യുക്തി ഭംഗവുമില്ല. അതല്ലായെങ്കിൽ പല ചോദ്യങ്ങൾക്കും മറുപടി നൽകേണ്ടിവരും.

പ്രവാചകന്മാർ ലോകത്ത് അവതരിക്കുന്നത് ആത്മീയമായി മരണപ്പെട്ടവരെ ഉയർപ്പിക്കാനാണ്, അല്ലാതെ ഭൗതികമായി (ജഡിക)മരണപ്പെട്ടവർക്ക് ജീവൻ നല്കാനല്ല. ലാസർ ആത്മീയമായിട്ട് വളരെ അധഃപതിച്ച അവസ്ഥയിൽ കഴിയുന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തെ യേശു, ആത്മീയജീവിതത്തിലേക്ക് നയിച്ചു. അതല്ലായെങ്കിൽ യേശുവിന്, ദൈവികപരിവേഷം നൽകേണ്ടിവരും. അതുപോലെതന്നെ യേശുവിന്റെ ശ്രേഷ്ഠതയേയും, അത്ഭുതങ്ങളേയും ഭൗതികാർത്ഥത്തിൽ കണ്ടാൽ ഒരിക്കലും ഒരു വാദപ്രതിവാദക്കാരനും യേശുവിന്റെ അമാനുഷികതയെ നിരാകരിക്കാൻ സാധ്യമല്ല; വാദപ്രതിവാദത്തിൽ തോല്പിക്കുവാനും കഴിയില്ല. രണ്ടായിരം വർഷം കഴിഞ്ഞിട്ടും യേശു മരിക്കാതെ ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്ന് പറയുകയും, വീണ്ടും തിരിച്ചുവരികയും ലോകത്തെ മുഴുവനും രക്ഷിക്കുകയും ചെയ്യുമെന്ന ക്രിസ്തീയ വാദത്തിന്റെ അതേ നിലവാരം വെച്ചുപുലർത്തുന്ന വാദപ്രതിവാദക്കാർ, ആത്മീയനിലയിൽ ക്രിസ്തുമത വിശ്വാസികളെപോലെതന്നെ വാതം പിടിപ്പെട്ടവർ തന്നെയല്ലേ? വാതത്തിന് കുറുന്തോട്ടി ചികിത്സ നല്ലതാണെന്ന് പറയുന്നതുപോലെയല്ലേ ഇക്കൂട്ടരുടെ വാദപ്രതിവാദം.

വാദപ്രതിവാദക്കാരും, മറ്റു മുസ്‌ലിംകളും ഇന്ന് നിലവിൽ ചിലവാക്കുന്ന ഊർജ്ജവും, സമ്പത്തും യഥാർത്ഥ ദൈവികമാർഗ്ഗത്തിലാണെന്ന തോന്നൽ തീർത്തും തെറ്റാണ്. നബി(സ)യുടെ സത്യതയ്ക്കും ശ്രേഷ്ഠതയ്ക്കും നിരക്കാത്ത വിശ്വാസങ്ങൾ, ഖുർആന്റെ അധ്യാപനങ്ങളുടെ വ്യക്തമായ നിഷേധം ഇതെല്ലാം ഇന്നും വർദ്ധിച്ചുവന്നിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് ലോകമതങ്ങളുടെമേൽ ഇസ്‌ലാമിന്റെ സത്യതയേയും യഥാർത്ഥ ഏകദൈവവിശ്വാസവും വെളിപ്പെടുത്തുവാനായി അല്ലാഹു ഒരു മഹാത്മാവിനെ നിയോഗിച്ചയച്ചത്. ഈ സത്യതയെ അന്വേഷിച്ചറിയേണ്ടത് ഓരോ സത്യാന്വേഷിയുടേയും ബാധ്യതയാണ്. അതല്ലാതെ മനുഷ്യനിർമ്മിത പ്രസ്ഥാനങ്ങളിലൂടെ പരലോകമോക്ഷം നേടാമെന്ന വ്യാമോഹം അസ്ഥാനത്താണ്. പരിശുദ്ധ ഇസ്‌ലാമിന്റെ വക്താക്കളെന്ന് സ്വയം അഭിമാനിക്കുന്നവർ ഇന്നും ലോകത്ത് ഭീകരന്മാരും, ഭീകരവാദികളുമായി മാറുകയും അത്തരത്തിൽ മുദ്രകുത്തുകയും ചെയ്തിരിക്കുന്നു. സത്യത്തിന്റെ ആത്മാവെന്നും, സമാധാനത്തിന്റെ പ്രഭുവെന്നും ബൈബിൾതന്നെ പ്രഖ്യാപിച്ച നബി(സ)യെ ഇന്നും അവഹേളിക്കുന്ന, തരംതാണ നിലവാരത്തിലേക്ക് മുസ്‌ലിം നാമധാരികളും കുബുദ്ധികളും മാറ്റിയെടുത്തുകഴിഞ്ഞു. സമാധാനത്തിന്റെ മതമായി ഖുർആൻ പ്രഖ്യാപിച്ച ഇസ്‌ലാമിനെ യുദ്ധത്തിന്റെ മതമായി, വാൾകൊണ്ട് സ്ഥാപിച്ച മതമാക്കി മാറ്റിയെടുത്തതിൽ വലിയ പങ്ക് ഈ സമൂഹത്തിനുണ്ട്.

മുജാഹിദിന്റെ ഊർജ്ജസ്രോതസ്സിന്റെ ഉറവിടമായിട്ടറിയപ്പെടുന്ന, സലഫികളുടെ സൗഊദി അറേബ്യയുടെ നിലവിലുള്ള ഭരണാധികാരി- അബ്ദുല്ലാ രാജകുമാരൻ ഈ അടുത്തയിടെ വത്തിക്കാൻ സന്ദർശിക്കുകയുണ്ടായി. പത്രമാധ്യമങ്ങൾ ഫോട്ടോസഹിതം ഇതിന്റെ വാർത്ത നൽകിയിരുന്നു. വത്തിക്കാന്റെ ഭരണാധികാരിയും, ലോകക്രൈസ്തവ സമൂഹത്തിന്റെ ആത്മീയനേതാവുമായിട്ടുള്ള ബഹുമാനപ്പെട്ട പോപ്പ് സെന്റ് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പയ്ക്ക് ഉപഹാരമായി നല്കിയത് രത്നങ്ങൾ പതിച്ച വാൾ ആയിരുന്നു! അത് സ്വീകരിച്ചുകൊണ്ട് മാർപ്പാപ്പയ്ക്ക് മറിച്ച് ആവശ്യപ്പെടാനുണ്ടായിരുന്നത് 'അറബിനാടുകളിൽ തന്റെ മതം പ്രചരിപ്പിക്കുന്നതിലേക്ക് കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കണമെന്നായിരുന്നു'. നോക്കുക, എത്ര അർത്ഥവത്തായ ന്യായമായ ആവശ്യമാണ് ക്രിസ്തീയനേതാവ് മുന്നോട്ടുവച്ചത്. മക്കയുടെ ഭരണാധികാരിയ്ക്ക്, സമാധാനത്തിന്റെ വക്താവായിട്ട് ഒന്നുംതന്നെ നൽകാനില്ലായിരുന്നു. ഇസ്‌ലാം വാൾകൊണ്ട് പ്രചരിച്ച മതമാണെന്ന പാശ്ചാത്യ ലോബിയുടെ അവകാശവാദത്തെ ഒന്നുകൂടി അടിവരയിട്ട് ഉറപ്പിക്കലല്ലായിരുന്നോ ഈ ഉപഹാരം. സമാധാനത്തിന്റെ മതമായ പരിശുദ്ധ ഇസ്‌ലാമിനെ ഇത്രത്തോളം അവഹേളിക്കുവാനും, അവമതിക്കുവാനുമായി പാടുപെടുന്ന, ഇത്തരക്കാരുടെ ഉച്ഛിഷ്ടം ഭക്ഷിക്കുന്ന വാദപ്രതിവാദ സമൂഹം ഇസ്‌ലാമിന് എന്തു നേട്ടമുണ്ടാക്കാനാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപക നേതാവ് അബുൽ അഅ്ലാ മൗദൂദി സാഹിബ് പറഞ്ഞതും ഇതുതന്നെയാണ്. അതായത്, നീണ്ട 13 വർഷത്തെ ഉപദേശവും, പ്രവർത്തനവും ഒരു ഗുണവും ചെയ്യുന്നില്ലായെന്ന് കണ്ടപ്പോൾ, നബി(സ) വാൾ കയ്യിലെടുത്തു. അപ്പോൾ അവിശ്വാസികൾ ഒന്നൊന്നായി ഇസ്‌ലാം സ്വീകരിച്ചു. (നഊദുബില്ലാഹ്) ഇത്തരം ആശയങ്ങൾ നെഞ്ചിലേറ്റി നടക്കുന്നവരാണ് പരിശുദ്ധ ഇസ്‌ലാമിന്റെ യഥാർത്ഥ ശത്രുക്കൾ. ഇവരെ സമൂഹം ഇനിയും തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒരു ഹിന്ദുമതാചാര്യൻ പറഞ്ഞത് മുഹമ്മദ് നബി (സ) 'ചുഴറ്റിയ വാൾ' സമാധാനത്തിന്റേതായിരുന്നുവെന്നാണ്. മറിച്ച്, സമാധാനത്തിന്റെ വക്താക്കളായിട്ട് ഇന്ന് ലോകത്ത് വേഷം കെട്ടിനടക്കുന്ന പാശ്ചാത്യ

*പേജ് 38-ൽ*

ലേഖനം

*വിവ: ഹസ്സൻകോയ*

# സൂറഃ അല്ലഹബ് (തുടർച്ച)

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ വ്യാഖ്യാനം**
**(ഇംഗ്ലീഷ് പരിഭാഷയിൽനിന്ന്)**

**അ**വസാനകാലത്ത് യഅ്ജൂജ്-മഅ്ജൂജിന്റെ രണ്ട് രാഷ്ട്രങ്ങൾ മുഴുലോകത്തും ആധിപത്യം സ്ഥാപിക്കുമെന്ന് ഈ വാക്യങ്ങളിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. അവർക്കിടയിൽ വൈരാഗ്യവും സംഘർഷവും ഉണ്ടാകും. അവസാനം അവർ തമ്മിൽ ഘോരയുദ്ധമുണ്ടാവുകയും ഇരുകൂട്ടർക്കും വമ്പിച്ച നാശമുണ്ടാവുകയും ചെയ്യും. അവർ സാങ്കേതികവിദ്യയിലും കണ്ടുപിടിത്തങ്ങളിലും ഔന്നത്യം പ്രാപിച്ച വ്യാവസായിക രാഷ്ട്രങ്ങളായിരിക്കുമെന്നും ദൈവത്തോടുള്ള കടപ്പാടുകൾ വിസ്മരിച്ചവരായിരിക്കുമെന്നും മേൽവാക്യങ്ങൾ മനസ്സിലാക്കിത്തരുന്നു. ഭൗതികനേട്ടങ്ങളും അറിവും അവരെ നാശത്തിൽ നിന്നും രക്ഷിക്കുകയില്ല.

ഈ പ്രവചനം ഇക്കാലത്തെ സംബന്ധിച്ചുള്ളതാണ്. ഇസ്‌ലാമിന്റെ രാഷ്ട്രീയാധികാരത്തിന്റെ പതനം പതിനേഴാം നൂറ്റാണ്ടിൽ ആരംഭിച്ചു. അതിനെ തുടർന്ന് മേൽക്കോയ്മക്കായുള്ള പാശ്ചാത്യശക്തികളുടെ സമരമുണ്ടായി. അതോടൊപ്പംതന്നെ അറിവിലും ശാസ്ത്രത്തിലും വമ്പിച്ച പുരോഗതിയുമുണ്ടായി. തത്വശാസ്ത്രവും ഭൗതികവാദവും മതത്തെ വെല്ലുവിളിച്ചു. അതുകാരണം മതം നിഷ്ക്രിയമായ ഒന്നായിമാറി. തർക്കശാസ്ത്രത്തിലും യുക്തിവാദത്തിലുമധിഷ്ഠിതമായ പുതിയ സാമ്പത്തികസാമൂഹിക മാതൃകകൾ നിർദ്ദേശിക്കപ്പെട്ടു.

ഈ വികസനങ്ങൾ അത്ഭുതാദരങ്ങളോടെ ലോകം നോക്കിക്കണ്ടു. അത്തരത്തിലുള്ള ഒരു മാതൃകയാണ് കമ്മ്യൂണിസം. ഒരാൾ ദൈവത്തെയും അവന്റെ അധ്യാപനങ്ങളെയും അവഗണിക്കുകയും യുക്തിന്യായങ്ങൾ മാത്രം ഉപയോഗപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ എന്റെ അഭിപ്രായത്തിൽ കമ്മ്യൂണിസത്തിലോ ഫാസിസത്തിലോ കുറവായി തൃപ്തികരമായ സാമൂഹിക സാമ്പത്തിക മാതൃക ഉണ്ടാകാവതല്ല. ദൈവത്തെ ചിത്രത്തിലുൾപ്പെടുത്താതെ മനുഷ്യനെ സാമ്പത്തിക ദിശയിൽ മാർഗ്ഗദർശനം ചെയ്യാൻ ലഭ്യമായ രണ്ട് മാർഗ്ഗങ്ങളാണുള്ളത്. അല്ലെങ്കിൽ മനുഷ്യരെല്ലാം തുല്യരാണെന്നംഗീകരിച്ചുകൊണ്ട് ഭൗതിക സമ്പത്തെല്ലാം അവർക്കിടയിൽ തുല്യമായി വീതിക്കുക, സാധ്യമെങ്കിൽ ബലം പ്രയോഗിച്ചായാലും. 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന തത്വമുപയോഗിച്ച് അധികാരമുള്ളവനാണ് ഈ ലോകത്തിലെ വിഭവങ്ങൾ ആരാണ് ആസ്വദിക്കേണ്ടതെന്ന് തീരുമാനിക്കുക. യുക്തിക്കും ന്യായത്തിനും ഇക്കാര്യത്തിൽ ഇതിൽ കൂടുതലൊന്നും മുന്നോട്ടുവെക്കാനില്ല. മതമാണ് ദൈവത്തേയും ഉന്നതമായ ധാർമ്മികതത്വങ്ങളേയും ചിത്രത്തിലേക്ക് കൊണ്ടുവരുന്നതും ഒരു സന്തുലിത സമീപനം നിർദ്ദേശിക്കുന്നതും.

ഈ രണ്ട് ശക്തികൾ തമ്മിലുള്ള വൈരുദ്ധ്യത്തെക്കുറിച്ച് യഅ്ജൂജ് മഅ്ജൂജിനെ സംബന്ധിച്ച ബൈബിളിലെ വചനത്തിലും പറയുന്നു. അത് അവർ തമ്മിലുള്ള അഗ്നിമയമായ യുദ്ധത്തിലേക്ക് നയിക്കും. ഇസക്കിയേൽ 28-ാം അധ്യായം 18 മുതൽ 22 വരെ വചനങ്ങളിൽ നാം കാണുന്നു.

“ഇസ്റായേൽ ദേശത്തിന്നെതിരെ ഗോഗ് വരുന്ന ദിനത്തിൽ എന്റെ ക്രോധം കത്തിക്കാളും. കർത്താവായ ദൈവമാണ് ഇത് അരുൾ ചെയ്യുന്നത്. ആ ദിനത്തിൽ ഇസ്റായേൽ ദേശത്ത് ഒരു വലിയ ഭൂകമ്പമുണ്ടാകും എന്ന് എന്റെ അസഹിഷ്ണുതയിൽ, ഉജ്ജ്വല കോപത്തിൽ, ഞാൻ പ്രഖ്യാപിക്കുന്നു. അപ്പോൾ സമുദ്രത്തിലെ മത്സ്യങ്ങളും ആകാശത്തിലെ പറവകളും വന്യജന്തുക്കളും തറയിൽ ഇഴഞ്ഞുനടക്കുന്ന എല്ലാ ഇഴജന്തുക്കളും ഭൂമുഖത്തുള്ള സർവ്വമനുഷ്യരും എന്റെ സന്നിധിയിൽ വിറകൊള്ളും; പർവ്വതങ്ങൾ നിലംപതിക്കും; കീഴ്ക്കാംതൂക്കായ മലകൾ അടർന്നുവീഴും; കോട്ടകളെല്ലാം നിലംപതിക്കും. ഗോഗിന് എതിരെ സർവ്വവിധ ഭയങ്കരതകളും ഞാൻ വിളിച്ചുവരുത്തും. കർത്താവായ ദൈവമാണ് ഇത് അരുൾ ചെയ്യുന്നത്. ഓരോ മനുഷ്യന്റെയും വാൾ തന്റെ സഹോദരന്റെ നേരെ തിരിയും. മഹാമാരി കൊണ്ടും രക്തച്ചൊരിച്ചിൽകൊണ്ടും ഞാൻ അയാളുടെമേൽ ശിക്ഷാവിധി നടത്തും. ഞാൻ അയാളുടെമേലും അയാളുടെ വ്യൂഹത്തിന്റെമേലും അയാളോടൊപ്പമുള്ള അനേകം ജനപദങ്ങളുടെമേലും പെരുമഴയും ഹിമ

ശകലങ്ങളും അഗ്നിയും ഗന്ധകവും വർഷിക്കും.”

വീണ്ടും ഇസക്കിയേൽ അധ്യായം 39-ൽ 4 മുതൽ 7വരെ വാക്യങ്ങളിൽ നാം വായിക്കുന്നു. “ഇസ്റാ യേൽ പർവ്വതങ്ങളിൽ നീ നിലംപതിക്കും. നീയും നിന്റെ സർവവ്യൂഹവും നിന്നോടൊപ്പമുള്ള ജനപദ ങ്ങളും ഞാൻ നിന്നെ നാനാതരം പക്ഷികൾക്കും വന്യ മൃഗങ്ങൾക്കും ഇരയായി കൊടുക്കും. നീ തുറസ്സായ സ്ഥലത്ത് നിലംപതിക്കും; കാരണം, ഞാൻ അത് അരുൾ ചെയ്തിരിക്കുന്നു. കർത്താവായ ദൈവമാണ് ഇത് അരുൾചെയ്യുന്നത്. മാഗോഗിന്റേമേലും തീരദേ ശങ്ങളിൽ സുരക്ഷിതരായി പാർക്കുന്നവരുടെമേലും ഞാൻ തീ അയക്കും. ഞാനാണ് കർത്താവ് എന്ന് അപ്പോൾ അവർ അറിയും.

എന്റെ ജനമായ ഇസ്റായേലിന്റെ മദ്ധ്യേ എന്റെ പരിശുദ്ധനാമം ഞാൻ വെളിപ്പെടുത്തും. എന്റെ പരി ശുദ്ധനാമം മലിനമാക്കാൻ ഇനി ഞാൻ അനുവദിക്കി ല്ല. ഞാനാണ് കർത്താവ് ഇസ്റായേലിന്റെ പരിശുദ്ധ നായവൻ എന്ന് അപ്പോൾ ജനതകൾ അറിയും.

യുദ്ധരംഗത്ത് ഗോഗും മാഗോഗും തമ്മിൽ ഏറ്റു മുട്ടും എന്ന കാര്യത്തിൽ വിശുദ്ധഖുർആനും ബൈബിളും യോജിക്കുന്നുണ്ടെന്ന് മേൽഉദ്ധരണിക ളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പരി ശുദ്ധഖുർആൻ ഒരു കാര്യംകൂടി കൂട്ടിച്ചേർക്കുന്നു. അതായത് ഈ ശക്തികൾ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ വ്യവസ്ഥകളും പ്രത്യയശാസ്ത്രങ്ങളും ഈ യുദ്ധത്തിൽ നശിക്കും. അതിനുശേഷം രണ്ട് ശക്തി കൾക്കും അധികകാലം നിലനില്ക്കാൻ പറ്റില്ല.

ദജ്ജാലും യഅ്ജൂജ് മഅ്ജൂജും രംഗപ്രവേശം ചെയ്യുന്ന കാലത്ത് ഇസ്ലാം വളരെ ദുർബലാവസ്ഥ യിലും നിസ്സഹായാവസ്ഥയിലുമായിരിക്കുമെന്ന് ഹദീ സുകൾ നമ്മോടു പറയുന്നു. അതിനെ സംരക്ഷിക്കാൻ അല്ലാഹു മസീഹിനെ അയക്കും. അദ്ദേഹം പൂർവ്വദേ ശത്തായിരിക്കും പ്രത്യക്ഷപ്പെടുക. അദ്ദേഹം പ്രത്യ ക്ഷപ്പെട്ടശേഷം ദജ്ജാൽ കൊല്ലപ്പെടും. അക്കാലത്ത് മുസ്ലിംകൾക്ക് ഭൗതികശക്തിയുണ്ടായിരിക്കില്ല. എന്നാലും മസീഹും അദ്ദേഹത്തിന്റെ അനുയായി കളും തങ്ങളുടെ പ്രചാരണം മുഖേനയും ദുആയുടെ ശക്തികൊണ്ടും തങ്ങളുടെ ദൗത്യം നിർവ്വഹിക്കും. ദൈവം താൻതന്നെ യഅ്ജൂജ് മഅ്ജൂജിനെ പരാജ യപ്പെടുത്തും. ഇസ്ലാം ഒരിക്കൽകൂടി അഭിവൃദ്ധിപ്രാ പിക്കയും മേൽആധിപത്യം നേടുകയും ചെയ്യും. ലോകത്ത് വീണ്ടും ദൈവാനുഗ്രഹം ഉണ്ടാവുകയും അത്യാർത്തിയും ധനമോഹവും അകന്നുപോകു കയും ചെയ്യും. ജനങ്ങൾ ഭൗതികതയിൽനിന്ന് മുഖം തിരിച്ച് ആത്മീയതയേലിക്ക് ശ്രദ്ധ ചെലുത്തും.

അല്ലഹബ് അധ്യായത്തിൽ അവസാനകാലത്തെ ദുരിതങ്ങളെക്കുറിച്ചും അവയുടെ പര്യവസാനത്തെ ക്കുറിച്ചുമുള്ള പ്രവചനം അടങ്ങിയിരിക്കുന്നു. അല്ലാഹു പറയുന്നു: ‘***തബ്ബത്ത് യദാ അബീലഹബ്***’. ഇസ്ലാമി ന്നെതിരിൽ അഗ്നിമയമായ യുദ്ധം ചെയ്യുന്ന രാഷ്ട്രങ്ങ ളെയും അവരുടെ ഘടക കക്ഷികളെയും അല്ലാഹു തകർത്തു നശിപ്പിക്കുമെന്നാണിതിന്റെ അർത്ഥം. തബ്ബാ എന്നതിന്റെ അർത്ഥം നശിപ്പിക്കപ്പെടുക, കൊല്ല പ്പെടുക, ലക്ഷ്യത്തിൽ പരാജയപ്പെടുക എന്നൊക്കെ യാണ്. എല്ലാ നന്മയിൽനിന്നും ശൂന്യമാക്കപ്പെട്ടത് എന്നും അർത്ഥമുണ്ട്. യദുൻ എന്നതുകൊണ്ട് കൈ, പ്രതാപം, ശക്തി, പരമാധികാരം എന്നൊക്കെയാകു ന്നു. യദ് എന്നാൽ, സഖ്യം എന്നും അർത്ഥമുണ്ട്. അതിനാൽ തബ്ബത്ത് യദാ അബിലഹബ് എന്നതിന് താഴെ പറയുന്ന അർത്ഥങ്ങളാണ്.

1. അബൂലഹബിന്റെ രണ്ടുകരങ്ങളും നശിപ്പിക്ക പ്പെട്ടു. 2. അബൂലഹബിന്റെ രണ്ട് സഖ്യങ്ങളും നശി പ്പിക്കപ്പെട്ടു. അവർ തങ്ങളുടെ ലക്ഷ്യം നേടുന്നതിൽ പരാജിതരായി. 3. അബൂലഹബിന്റെ ശക്തിയും പ്രതാ പവും ആധിപത്യവും നശിപ്പിക്കപ്പെട്ടു. 4. അബൂലഹ ബുമായി സഖ്യത്തിലുള്ള രണ്ട് ഗ്രൂപ്പുകൾ ഒരു നന്മയും നേട്ടവുമില്ലാത്തവരായി.

അബൂലഹബ് എന്നതിന്റെ അക്ഷരാർത്ഥം ജ്വാല യുടെ പിതാവ്. അഗ്നിയും ജ്വാലയും ഉൽപാദിപ്പിക്കുന്ന വസ്തുക്കളുടെ സ്രഷ്ടാവ് എന്നാണ്. ഭംഗിയും രക്ത പ്രസാദവുമുള്ള മുഖം എന്ന അർത്ഥവും വ്യാഖ്യാ താക്കൾ അതിന് നല്കിയിട്ടുണ്ട്.

ഇവിടെ അബൂലഹബ് എന്ന് പറഞ്ഞിട്ടുള്ളത് ഒരു വ്യക്തിയല്ലെന്നും അവസാനകാലത്ത് ലോകത്ത് ആധി പത്യം നേടുന്ന രാഷ്ട്രമായിരിക്കും അതെന്നും സൂചി പ്പിച്ചിട്ടുണ്ട്. അവർ ഇസ്ലാമിലെ പ്രവാചകന്റെ(സ) ദൗത്യത്തിനും വിശ്വാസത്തിനും ഗുരുതരമായ ഭീഷ ണിയായിരിക്കും. അവർ അഗ്നിയുടെമേൽ ആധിപത്യം നേടുകയും അഗ്നികൊണ്ടുള്ള ആയുധങ്ങൾ കണ്ടു പിടിക്കുകയും ചെയ്യും. മറ്റു രാഷ്ട്രങ്ങളുമായി അവർ ശക്തമായ സഖ്യം സ്ഥാപിക്കുകയും ആ രാഷ്ട്രങ്ങൾ ഇവരുടെ കരങ്ങളായി പ്രവർത്തിക്കുകയും ചെയ്യും. ലോകത്ത് അത്തരം രണ്ട് സഖ്യങ്ങളാണ് ഉള്ളതെന്ന് ഇന്ന് നാം കാണുന്നു. ഒന്ന് പാശ്ചാത്യരാജ്യങ്ങളുൾക്കൊ ള്ളുന്നതും മറ്റേത് പൗരസ്ത്യരാജ്യങ്ങളുൾക്കൊള്ളു ന്നതുമാണ്. ഈ വിഭാഗങ്ങൾക്ക് നല്കപ്പെട്ടിട്ടുള്ള പൊതുവായ പേരാണ് അബൂലഹബ് എന്നത്. ഈ സഖ്യത്തിൽപ്പെട്ട ജനങ്ങൾ സുന്ദരമായ ആകാരമുള്ള വരും ആറ്റം ഹൈഡ്രജൻ ബോംബുകൾപോലുള്ള അഗ്നിപ്രളയം സൃഷ്ടിക്കുന്ന ആയുധനിർമ്മാതാക്കളും ആയിരിക്കും. അതിനാൽ, അബൂലഹബ് എന്ന പേര് അക്ഷരാർത്ഥത്തിലും ആലങ്കാരികമായും അവർക്ക നുയോജ്യം തന്നെ. അവർ സ്വയം സൃഷ്ടിക്കുന്ന യുദ്ധാ ഗ്നിയിലേക്ക് വിധി അവരെ നയിക്കും. അതിലുപരി

ഇസ്‌ലാമിന്റെ വിശുദ്ധപ്രവാചക(സ)നെ പൈശാചികമായ രീതിയിൽ തങ്ങളുടെ സാഹിത്യങ്ങളിൽ അവർ അപകീർത്തിപ്പെടുത്തിയിട്ടുണ്ട്. അതുവഴി അവർ ലോകത്ത് അഗ്നിയുണ്ടാക്കിക്കൊണ്ട് ആ വീക്ഷണത്തിലും അബൂലഹബ് എന്ന പേരിന് അർഹത നേടിയിട്ടുണ്ട്.

***തബ്ബത്ത് യദാ അബീലഹബ്*** എന്ന വാക്യത്തിൽ തബ്ബ എന്ന പദം ഭൂതകാലത്തിലാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. അറബിഭാഷയിൽ, ഒരു കാര്യം സംഭവിക്കുമെന്ന് തീർച്ചയുണ്ടെങ്കിൽ അതിന്റെ അന്തിമമായ അർത്ഥം ധ്വനിപ്പിക്കാൻ അത് ഭൂതകാലക്രിയയിൽ ഉപയോഗിക്കുന്നു. ഇവിടെ 'തബ്ബ'യുടെ അർത്ഥം നടന്നതായി മനസ്സിലാക്കുക. അബൂലഹബും അവന്റെ സഖ്യശക്തികളും നശിക്കുകയും ഇസ്‌ലാമിനെ നശിപ്പിക്കാനുള്ള അവരുടെ ലക്ഷ്യം തകർക്കപ്പെടുകയും ചെയ്യും.

ഈ സൂക്തത്തിൽ അബൂലഹബിന്റെ സ്വന്തം നാശത്തിന് മുമ്പ് കൈകളുടെ നാശം സൂചിപ്പിക്കുന്നു. അതിന്റെ അർത്ഥം അബൂലഹബ് എന്ന പേര് ബാധകമാകുന്ന രാഷ്ട്രങ്ങൾ, അതായത് പാശ്ചാത്ത്യ പൗരസ്ത്യരാഷ്ട്രങ്ങൾ മറ്റു രാജ്യങ്ങളെ തങ്ങളോടൊപ്പം ചേർക്കാൻ പരിശ്രമിക്കുകയും അവരെ രൂപപ്പെടുത്തുന്നതിൽ വിജയിക്കുകയും ചെയ്യും എന്നാണ്. ഈ ഉപഗ്രഹരാഷ്ട്രങ്ങൾ തങ്ങളുടെ യജമാനന്മാരുടെ കരങ്ങളായി പ്രവർത്തിക്കും. അവർക്ക് അഹങ്കാരത്തിന് കാരണമായിത്തീരുകയും അവരുടെ സ്വാധീനത്തിന് ശക്തി പകരുകയും ചെയ്യും.

എന്നാൽ, അല്ലാഹു ഈ ഉപഗ്രഹരാഷ്ട്രങ്ങളുടെ നാശത്തിനുള്ള സ്ഥിതിഗതികളാണ് ആദ്യമായി സൃഷ്ടിക്കുക. അത് കേന്ദ്രബിന്ദുവായ അബൂലഹബ് എന്ന് വിളിക്കപ്പെടുന്ന അസ്തിത്വത്തിന്റെ നാശത്തിലെത്തിക്കുകയും ചെയ്യും.

ഇസ്‌ലാമിന്നെതിരായ ഭാവി ഭീഷണികളുടെ ചർച്ച ഹദീസുകളിൽ കാണുന്നിടത്തെല്ലാം അല്ലാഹു മസീഹിനെ ഇറക്കുമെന്നും അദ്ദേഹത്തിന്റെ പ്രാർത്ഥനകളാൽ ഈ ഭീഷണികളെ നേരിടുമെന്നും നമുക്ക് കാണാൻ സാധിക്കും. ഈ ശത്രുക്കളെ നേരിടാനുള്ള ശക്തി മറ്റാർക്കെങ്കിലും നല്കപ്പെട്ടതായി ഹദീസുകളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധ്യമല്ല. '***ലാ യദാനി ലി അഹദിൻ ലിഖിത്തലിഹിം***' (മിശ്കാത്ത്, കിത്താബുൽ ഫിതൻ)

മുസ്‌ലിംകൾ ദുർബലാവസ്ഥയിലായിരിക്കുകയും അല്ലാഹു വാഗ്ദത്ത മസീഹ്(അ)ന്റെ ദുആകൾ സ്വീകരിക്കുകയും ഇസ്‌ലാമിന്റെ ശത്രുക്കൾ പൊടിഞ്ഞ് വെള്ളത്തിൽ ഉപ്പലിയുന്നതുപോലെയായിത്തീരുകയും ചെയ്യുന്നതിനുള്ള സാഹചര്യം അല്ലാഹു ഒരുക്കുന്നു. അവർ സ്വയം പരസ്പരം യുദ്ധം ചെയ്യും.

അബൂലഹബിന്റെ സഖ്യശക്തികളെ വിവരിക്കാൻ വിശുദ്ധഖുർആൻ ഉപയോഗിച്ച പദം 'യദാ' എന്നാണ്. അതിന്റെ അർത്ഥം കൈകൾ എന്നാണ്. എന്നാൽ, അവസാനകാലത്തെ ദുരിതങ്ങളെ വിവരിക്കാൻ ഹദീസുകളിൽ ഉപയോഗിക്കപ്പെട്ട പദവും അതുതന്നെയാണ്. ഈ സംഭവങ്ങളെക്കുറിച്ച് നബിതിരുമേനി(സ)ക്ക് വിശദമായനിലയിൽ അറിവ് നല്കപ്പെട്ടിരുന്നുവെന്നും ഭൗതികമായ മാർഗ്ഗങ്ങളിലൂടെ യുദ്ധരംഗത്ത് അവരെ പരാജയപ്പെടുത്താൻ സാധ്യമല്ലെന്ന് കാണിക്കപ്പെട്ടിരുന്നുവെന്നുമാണ്. ചുരുക്കത്തിൽ '***തബ്ബത്ത് യദാ അബീലഹബിൻ വത്തബ്ബ്***' എന്നതിൽ ഈ ശക്തികളും അവയുടെ ഉപഗ്രഹരാഷ്ട്രങ്ങളും മുസ്‌ലിംകൾക്കെതിരിൽ യുദ്ധം ചെയ്യുമെന്നും പക്ഷേ, തങ്ങൾ നാശം നേരിടുമെന്നും ഇസ്‌ലാമിനെ നിർമ്മൂലനം ചെയ്യാൻ ഇവർക്കാവില്ലെന്നുമുള്ള പ്രവചനം അടങ്ങിയിരിക്കുന്നു.

'***മാ അഗ്നാ അൻഹുമാലുഹുവമാ കസബ്***' അവന്റെ ധനമോ അവൻ പരിശ്രമിച്ച് സമ്പാദിച്ചതോ അവന് ഒരു പ്രയോജനവും ചെയ്തില്ല.

***മാഅഗ്നാ*** എന്നതിലെ 'മാ' നിഷേധാർത്ഥത്തിലും ചോദ്യരൂപത്തിലും ഉപയോഗിക്കപ്പെടുന്നു. നിഷേധാർത്ഥത്തിൽ അതിന്റെ അർത്ഥം അബൂലഹബിന്റെ ധനം അയാൾക്ക് ഒരു പ്രയോജനവും ചെയ്യില്ല എന്നാണ്. ചോദ്യരൂപത്തിൽ അതിന്റെ അർത്ഥം നാശത്തിൽ നിന്നും അയാളെ സംരക്ഷിക്കാൻ ധനത്തിനാവില്ലെങ്കിൽ പിന്നെ അതിന് എന്ത് പ്രയോജനമാണുള്ളത് എന്നാണ്.

ഈ രാഷ്ട്രങ്ങൾ വ്യവസായവൽക്കരണവും കണ്ടുപിടിത്തങ്ങളും മുഖേന വമ്പിച്ച ധനം ആർജ്ജിക്കുമെന്നാണ് ഈ സൂക്തം നമ്മെ മനസ്സിലാക്കുന്നത്. അതിലുപരി അവരുടെ മൂലധനം അവർ മറ്റു രാജ്യങ്ങളിൽ നിക്ഷേപിക്കും. കച്ചവടത്തിലേർപ്പെടുന്ന രീതിയിൽ അവരതിൽ കൈകടത്തുകയും മറ്റു രാജ്യങ്ങളുടെ ധനം കൈവശപ്പെടുത്തുകയും ചെയ്യും. ധനത്തെ വിവരിക്കാൻ പ്രയോഗിക്കപ്പെട്ട പദമായ '***മാലുഹു***' എന്നതിൽ മാൽ എന്ന പദം (നകിറ) ജാതിവാചക സംജ്ഞയായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. അതായത്, സമ്പത്തിന്റെ ആധിക്യം. സമ്പത്തിന്റെ ആധിക്യത്തിനും അവരെ രക്ഷിക്കാൻ സാധിക്കില്ല എന്നാണർത്ഥം. മാലുഹു എന്നതിനുശേഷം മാകസബ അതായത്, ആർജ്ജിച്ച ധനം. അതുകൊണ്ട് അവരുടെ ധനം രണ്ടുഭാഗങ്ങളായി വേർതിരിക്കണം. ഒന്ന് വ്യവസായം മുഖേന അവർ ആർജ്ജിച്ച ധനം. മറ്റേത് മറ്റു രാജ്യങ്ങളിൽനിന്ന് ആർജ്ജിച്ചത്. ആധുനിക പാശ്ചാത്യരാഷ്ട്രങ്ങളുടെ ശരിയായ വിവരണമാണിത്. ഒരുഭാഗത്ത് വ്യവസായവൽക്കരണം മുഖേന

അത്യധികം സൗഭാഗ്യങ്ങൾ അവർ കുന്നുകൂട്ടിയിരിക്കുന്നു. മറുഭാഗത്ത് മറ്റു രാജ്യങ്ങളിൽ അധികധനം അവർ നിക്ഷേപിച്ചിരിക്കുന്നു. അതുമുഖേന മറ്റു രാഷ്ട്രങ്ങളുടെ ധനം അവർ അപഹരിക്കുകയും ചെയ്യുന്നു. ചിലപ്പോൾ അവരുടെ കാര്യങ്ങളിൽ കൈകടത്തുകയും ചെയ്യുന്നു. നബി(സ)യുടെ ബദ്ധവൈരിയും തിരുമേനിയെ പീഡിപ്പിക്കുകയും ചെയ്ത തിരുമേനി (സ)യുടെ അമ്മാവനായ അബ്ദുൽഉസ്സയെ സംബന്ധിച്ച് മാത്രമാണ് സൂറഃ അല്ലഹബ് ഇറക്കിയത് എന്ന ചിലരുടെ അഭിപ്രായം തെറ്റെന്ന് ഈ സൂക്തം സ്ഥാപിക്കുന്നു. മുൻചർച്ചപ്രകാരം '***മാലുഹു വമാ കസബ***' എന്നാൽ ധാരാളം സമ്പത്ത് എന്നാണർത്ഥം. എന്നാൽ, അബ്ദുൽഉസ്സ അങ്ങനെയായിരുന്നില്ല. തന്റെ കാലത്തെ ധനവാന്മാരിൽ അബ്ദുൽഉസ്സ ഉൾപ്പെട്ടിരുന്നില്ല. കുറച്ച് ഒട്ടകങ്ങൾ ഉള്ളതുകൊണ്ട് മാത്രം ഒരാൾ ധനവാനാകില്ല. ഈ പദപ്രയോഗം വളരെ അനുയോജ്യമായിരിക്കുന്നത് ഇക്കാലത്തെ പാശ്ചാത്യരാഷ്ട്രങ്ങൾ തന്നെയാണ് ധനവാന്മാരാണെന്ന അവരുടെ അവകാശവാദം സാർവ്വലൗകികമായി അംഗീകരിക്കപ്പെട്ടതാണ്. ചില വ്യാഖ്യാതാക്കൾ 'മാകസബ' എന്നതിന് ജോലി, പരിശ്രമം, സന്നാഹം എന്നൊക്കെ അർത്ഥം നല്കാറുണ്ട്. ഈ അർത്ഥത്തിലും ഈ രാഷ്ട്രങ്ങൾ അവരുടെ കണ്ടുപിടിത്തങ്ങൾ, വ്യവസായം, സഖ്യരാഷ്ട്രങ്ങൾ എന്നിവയിൽ അഹങ്കരിക്കാറുണ്ട്. ദുരിതങ്ങളുടെ അവസരത്തിൽ ഇവയൊന്നും അവർക്ക് പ്രയോജനപ്പെടാറില്ലെന്നല്ല, അവയാണ് ദുരിതങ്ങൾക്ക് കാരണം.

'***സയസ്‌ലാ നാറൻ ദാത്തലഹബ***' താമസിയാതെ അവൻ ജ്വാലയുള്ള അഗ്നിയിൽ പ്രവേശിക്കുന്നതാണ്. 'നാർ' എന്ന പദത്തിന്റെ അർത്ഥം അഗ്നി എന്നാണെങ്കിലും അറബിഭാഷയിൽ യുദ്ധത്തിനും ഇതുപയോഗിക്കാറുണ്ട്. ഉദാഹരണമായി അഞ്ചാം അധ്യായം 65-ാം വചനത്തിൽ 'നാർ' എന്ന പദം യുദ്ധത്തോടൊപ്പം ഉപയോഗിച്ചിട്ടുണ്ട്. എപ്പോഴെല്ലാം നബി(സ)യുടെ ശത്രുക്കൾ യുദ്ധത്തിൽ തീ കത്തിക്കാൻ നോക്കുമ്പോഴും അല്ലാഹു അതിനെ അണച്ചുകളയുന്നു. അബൂലഹബ് എന്ന് വിവരിക്കപ്പെട്ട രാഷ്ട്രങ്ങൾ ദുരിതപൂർണ്ണമായ യുദ്ധത്തിൽ കുഴപ്പമുണ്ടാക്കുന്നു എന്ന് ഈ സൂക്തത്തിന്നർത്ഥമുണ്ട്. അത്തരം യുദ്ധത്തിൽ കെടുതിയുണ്ടാക്കുന്നത് അഗ്നിയായിരിക്കും. ഇത്രയും വൻതോതിൽ അഗ്നിമയമായ യുദ്ധം ചരിത്രത്തിൽ ഇതിനുമുമ്പുണ്ടായിട്ടുണ്ടാവില്ല. ഭയാനകമായ ചൂട് ഉല്പാദിപ്പിക്കുന്ന ന്യൂക്ലിയർ ആയുധങ്ങളുടെ ഉപയോഗമാണ് ഇത് സൂചിപ്പിക്കുന്നത്. വിപുലമായ സ്ഥലത്ത് നാശം വിതക്കാനുള്ള ശക്തി അതിനുണ്ട്.

അറബിയിലെ 'സീൻ' എന്ന അക്ഷരം ഒരു ക്രിയയിൽ ഉണ്ടായാൽ കാലത്തിന്റെ സമീപസ്ഥതയെ സൂചിപ്പിക്കുന്നു. എന്നാൽ, 'സൗഫ' എന്ന പദം വിദൂരതയെ സൂചിപ്പിക്കുന്നു. ഇവിടെ 'സയസ്‌ലാ' എന്ന ക്രിയയിലെ 'സീൻ' സമയത്തിന്റെ സമീപസ്ഥതയെ കാണിക്കുന്നു. ഇതിന്റെയർത്ഥം ഇസ്‌ലാമിന്റെ ശത്രുക്കളുടെ തന്ത്രങ്ങൾ ഒരിക്കൽ അതിന്റെ ഉച്ചിയിൽ എത്തിയാൽ അവർ വേഗംതന്നെ യുദ്ധാഗ്നിയിൽ എറിയപ്പെടും എന്നാണ്. ഇസ്‌ലാമിന്നെതിരിലുള്ള പാശ്ചാത്യരുടെ തന്ത്രങ്ങൾ 1914-ൽ അതിന്റെ ഉച്ചിയിൽ എത്തിയപ്പോൾ യുദ്ധമുണ്ടാവുകയും അത് 1918 വരെ നീണ്ടുനില്ക്കുകയും ചെയ്തു. ആദ്യത്തേതുമായി ബന്ധപ്പെട്ട അടുത്തയുദ്ധം 1938-ൽ തുടങ്ങി 1945 വരെ നിലനിന്നു. 1945-ൽ ആദ്യത്തെ ആറ്റംബോംബിന്റെ ഉപയോഗം നാം കണ്ടു. പിന്നെ ഹൈഡ്രജൻബോംബിന്റെ പരീക്ഷണം ലോകത്തെ ദുരിതത്തിലേക്ക് ആപതിപ്പിച്ചു.

***വമ്‌റഅത്തുഹു ഹമാലത്തൻ ഹൽബ്*** വിറകു ചുമട്ടുകാരിയായ അവന്റെ ഭാര്യയും.

ഇമ്‌റഅത്തുൻ എന്നതിന്റെ അക്ഷരാർത്ഥം സ്ത്രീ എന്നാണ്. അത് കീഴ്ഘടകത്തിനും, വിധേയത്വം കാണിക്കുന്നതിനും പറയാം. 2-ാം അധ്യായം 16-ാം വാക്യത്തിൽ അല്ലാഹു ആദമിനെ അഭിസംബോധന ചെയ്തു പറയുന്നു: 'നീയും നിന്റെ ഭാര്യയും തോട്ടത്തിൽ വസിക്കുക.' ഇവിടെ ഭാര്യ എന്നു പറഞ്ഞ അദ്ദേഹത്തിന്റെ ഇണ മാത്രമല്ല. അദ്ദേഹത്തിന്റെ അഭിലാഷങ്ങൾക്ക് കീഴ്വണങ്ങുന്ന അനുയായികളാണ്. അതുകൊണ്ട് അബൂലഹബ് എന്ന് പറയുന്ന രാഷ്ട്രങ്ങൾക്ക് അവയുടെ കരങ്ങളായി പ്രവർത്തിക്കുന്ന ഉപഗ്രഹരാജ്യങ്ങളുമുണ്ടാവും എന്ന് ഈ സൂക്തം നമ്മോട് പറയുന്നു. അവരെ കൂടാതെ മറ്റു രാജ്യങ്ങളിൽ അമരക്കാരായി പ്രവർത്തിച്ചുകൊണ്ട് മുസ്‌ലിംകൾക്കെതിരെ നേതാക്കളോട് ദുഷ്പ്രേരണ ചെലുത്തുന്നവരും ഉണ്ടാവും. അവർ മുസ്‌ലിംകളുടെ ശക്തി തകർക്കാൻ പരിശ്രമിക്കുന്നു. പ്രചാരണം മുഖേന അവർ ഇസ്‌ലാമിന്റെ ശത്രുക്കളെ സഹായിക്കുകയും യുദ്ധത്തിന് പ്രേരണ ചെലുത്തുകയും ചെയ്യുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ അവർ എരിയുന്ന തീയിൽ എണ്ണയൊഴിക്കുന്നു.

***ഫീ ജിദിഹാ ഹബ്‌ലും മിൻമസദ്*** അവളുടെ കഴുത്തിൽ ഈന്തപ്പന നാരുകൊണ്ടുള്ള ഒരു കയറുണ്ട്. പ്രത്യക്ഷത്തിൽ സ്വതന്ത്രരാണെന്ന് തോന്നുമെങ്കിലും അവർ തങ്ങളുടെ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ അടിമത്തത്തിലായിരിക്കും. അവരുടെ വ്യവസ്ഥയിലുമായിരിക്കും. അവയിൽനിന്നും വിഘടിച്ചുനില്ക്കാൻ അവർക്ക് സാധ്യമല്ല. ദൈവം അവരെ സ്വതന്ത്രനാക്കുവോളം അവർ അവരുടെ അടിമത്താവസ്ഥ തുടരും. ●

ലേഖനം

എൻ.ഇ. ഹഖ്

# നരകം: ദൈവകാരുണ്യത്തിന്റെ മറ്റൊരു രൂപഭാവം

**ദൈ**വത്തിന്റെ നിരുപാധികമായ കാരുണ്യത്തിന്റെ ഹൃദയഹാരിയായ സുഗന്ധങ്ങളാണ് ഇസ്ലാമിൽ സർവ്വത്ര വ്യാപിച്ചിരിക്കുന്നത്. സർവ്വത്തെയും പുണരുന്ന, സർവ്വാശ്ലേഷകമായ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ പ്രകീർത്തനങ്ങൾകൊണ്ട് വിശുദ്ധ ഖുർആന്റെ തുടക്കവും ഒടുക്കവും തുളുമ്പിനില്ക്കുന്നതായും കാണാം. വിശുദ്ധഖുർആൻ പറയുന്നു: "പറയുക, അല്ലാഹു കാരുണ്യത്തെ അവന്റെ ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നു" (6:13).

ഇസ്ലാമിക വിശ്വാസമനുസരിച്ച് നരകവും ദൈവകാരുണ്യത്തിന്റെ പ്രത്യാശാകേന്ദ്രമാണ്. സ്വർഗ്ഗം ദൈവകാരുണ്യത്തിന്റെ പ്രോജ്ജ്വലവും അനവദ്യവുമായ പ്രകടനമാണെങ്കിൽ, നരകം ആത്യന്തികമായി ദൈവകാരുണ്യത്തിന്റെ തന്നെ മറ്റൊരു വശമാണ്. "ദൈവത്തിന്റെ കാരുണ്യം സർവ്വസ്വത്തെയും വലയം ചെയ്തിരിക്കുകയാണ്" (വി.ഖു. 7:157). ഹദീസുകൾ മനസ്സിലാക്കിത്തരുന്നത് ദൈവത്തിന്റെ കാരുണ്യഗുണം ഈ ജീവിതത്തിലേതിനേക്കാൾ പാരത്രികജീവിതത്തിൽ പരഗുണീഭവിക്കുമെന്നാണ്. ദൈവികഗുണങ്ങളുടെ യാഥാർത്ഥ്യവും പ്രപഞ്ചത്തിന്റെയും ജീവിതത്തിന്റെയും പൊരുളും ദൈവകാരുണ്യം തന്നെയാണ്. വിശുദ്ധഖുർആൻ പറയുന്നു;

"(ദൈവത്തിന്റെ) കാരുണ്യത്തിന് പാത്രീഭൂതരാവാൻ വേണ്ടിയാണ് അവൻ മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. ജിന്നിനെയും മനുഷ്യരെയും കൊണ്ട് തീർച്ചയായും നാം നരകത്തെ നിറക്കുന്നതാണെന്ന നിന്റെ നാഥന്റെ വചനം നിറവേറിയെന്നാലും" (11:120).

നരകം ഘോരതരവും വേദനാജനകവുമാണ്. എങ്കിലും അത് സ്വർഗ്ഗത്തിലേക്കുള്ള ഇടുങ്ങിയ ഇടനാഴി പോലെയാകുന്നു. അത് ആത്മാക്കളെ സുശിക്ഷിതമാക്കാനുള്ള കാരാഗൃഹം എന്നപോലെ കയ്പേറിയ രോഗശമന പ്രവർത്തനങ്ങൾക്കുള്ള ചികിത്സാലയവുമാണ്. രോഗാതുരമായ ആത്മാക്കളെ കഠിനമായ ആത്മീയശുശ്രൂഷകളിലൂടെ സ്വർഗ്ഗത്തിലേക്ക് അണിയിച്ചൊരുക്കാനുള്ള ഒരന്തരാള ഘട്ടമാകുന്നു നരകം. വിശുദ്ധഖുർആൻ പറയുന്നത്, നരകത്തിൽ കടക്കാത്തവരായി ആരുമില്ലെന്നാണ്. വിശുദ്ധഖുർആൻ പറയുകയാണ്: "നിങ്ങളിൽ ആരുംതന്നെ അതിൽ പ്രവേശിക്കാത്തവരായി ഇല്ല. ഇത് നിന്റെ നാഥന്റെ നിർബന്ധമായി വിധിക്കപ്പെട്ട ഒരു ബാധ്യതയാണ്. പിന്നീട് നാം സാത്വികരെ രക്ഷിക്കുകയും ദുഷ്കർമ്മികളെ അതിൽതന്നെ മുട്ടുകുത്തിയവരായി ഉപേക്ഷിക്കുകയും ചെയ്യുന്നതാണ്" (19:72,73).

ഇവിടെ സാത്വികരെ സംബന്ധിച്ചിടത്തോളം നരകാഗ്നി എന്നത്, ഈ ജീവിതത്തിൽ അവർ തിതിക്ഷാപൂർവ്വം കടന്നുപോകുന്ന ദുരിതങ്ങളുടെയും പരീക്ഷകളുടെയും അഗ്നിയാണ്. നരകം എന്നതിന്റെ മറ്റൊരു താല്പര്യം, മനുഷ്യനെ അധമവും സ്വാർത്ഥപരവുമായ വികാരവിചാരങ്ങളിൽ ബന്ധനസ്ഥമാക്കുന്ന ദോഷപ്രവണമായ ആത്മാവിന്റെ (നഫ്സ് അമ്മാറ) തടവറയാണ്. മനുഷ്യൻ ദൈവാനുരാഗത്തിന്റെയും ദൈവാനുസരണത്തിന്റെയും വഴിയിൽ ഈ അധമാവസ്ഥയിൽനിന്ന് മോചിതരാവാൻ ശ്രമിക്കുന്നില്ലെങ്കിൽ, ആ അവസ്ഥയിൽതന്നെ അവൻ പരലോകത്തേക്ക് യാത്രയാവേണ്ടിവരുന്നു.

അബൂഹുറയ്റ(റ)യിൽനിന്ന് ബുഖാരിയും മുസ്ലിമും നിവേദനം ചെയ്ത ഒരു ഹദീസ് പറയുന്നത്, നരകം ആശകളാലും സ്വർഗ്ഗം ദുരിതങ്ങളാലും വലയം ചെയ്യപ്പെട്ടിരിക്കുകയാണെന്നാണ്. അബൂഹുറയ്റ(റ)യിൽ നിന്നുതന്നെ മുസ്ലിം, അബൂദാവൂദ്, ഇമാം അഹ്മദ് എന്നിവർ നിവേദനം ചെയ്ത മറ്റൊരു ഹദീസ് അനുസരിച്ച്, അല്ലാഹു സ്വർഗ്ഗത്തെ അപൂർവ്വം പേർക്കുമാത്രം കടക്കാവുന്ന രീതിയിൽ വിവിധ രൂപത്തിലുള്ള യാതനകളാലും, നരകത്തെ സകലരേയും ആകർഷിക്കുന്നരീതിയിൽ വിവിധ ആശാഭിലാഷങ്ങളാലും ആവരണം ചെയ്തിരിക്കുകയാണ്. അതായത്, ഈ ജീവിതത്തിൽ യാതനകളിലൂടെയും ദുരിതങ്ങളിലൂടെയും കടന്നുപോകുന്നവർക്കാണ് പാരത്രികജീവിതത്തിൽ സ്വർഗ്ഗം ഏറ്റുവാങ്ങാൻ കഴിയുക. ഈ ജീവിതത്തിൽ തങ്ങളുടെ ആശാഭിലാഷങ്ങളുടെ അടിമയായി കഴിഞ്ഞവർ അവരുടെ പ്രകൃതിയ്ക്കനുസൃതമായി നരകം സ്വയമേവ രൂപപ്പെടുത്തുന്നു. അങ്ങനെ പാരത്രികജീവിതത്തിൽ സ്വർഗ്ഗത്തെ അവകാശമാക്കിയവർ ഈ ജീവിതത്തിൽ നരകം സ്വയം ഏറ്റുവാങ്ങിയവരാകുന്നു! അതുകൊണ്ടാണ് വാഗ്ദത്ത മസീഹ്(അ) പറഞ്ഞത് ഓരോ ആളും ഈ ലോകത്തോ പരലോകത്തോവച്ച് നരകം സ്വീകരിക്കാതെ നിവൃത്തിയില്ലെന്ന് (ആയിനെ കമാലാത്തെ ഇസ്ലാം).

**സ്വർഗ്ഗനരകങ്ങൾ– മനുഷ്യപുരോഗതി:–**

ഇസ്ലാമിക വിശ്വാസമനുസരിച്ച് സ്വർഗ്ഗവും നരകവും ഒരേ അവസരം നിലകൊള്ളുന്ന രണ്ട് പ്രതിഭാ

സങ്ങളാകുന്നു. രണ്ടും ദൈവകാരുണ്യത്തിന്റെ വ്യത്യസ്തമായ ആവിഷ്ക്കാരങ്ങളാണ്. അതേസമയംതന്നെ രണ്ടും മനുഷ്യനെ സംബന്ധിച്ചിടത്തോളം കൂടുതൽ ഉന്നതമായ പുരോഗതിയ്ക്കായി ഒരുക്കിവെക്കപ്പെട്ട അവസ്ഥാന്തരങ്ങളുമാണ്. എന്നാൽ, നരകവാസികൾ സ്വർഗ്ഗീയരോടൊപ്പം എത്തുകയില്ല. അവർ പിന്നീട് സ്വർഗ്ഗീയരാവുന്നവരാണെങ്കിലും. വിശുദ്ധഖുർആൻ സ്വർഗ്ഗവാസികളെ വിജയികളായും നരകവാസികളെ പരാജിതരായും പ്രഖ്യാപിക്കുന്നു. "നരകവാസികളും സ്വർഗ്ഗവാസികളും ഒരിക്കലും ഒരുപോലെയല്ല. സ്വർഗ്ഗവാസികൾതന്നെയാകുന്നു വിജയികൾ'' (51:21). സ്വർഗ്ഗത്തിന്റെ വ്യാപ്തി ആകാശഭൂമികളുടെ വ്യാപ്തിക്ക് തുല്യമാണെന്നു വിശുദ്ധഖുർആൻ പറയുന്നു. സ്വർഗ്ഗം ആകാശഭൂമികളോളം വിശാലവും പ്രപഞ്ചസാകല്യത്തോളം വിലയുള്ളതുമാണെന്നും വിശുദ്ധഖുർആൻ പറയുന്നു. "വിശ്വാസികളേ, നിങ്ങളുടെ നാഥനിൽനിന്നുള്ള പാപവിമുക്തിയിലേക്കും ആകാശഭൂമികളുടെ മൂല്യമുള്ള സ്വർഗ്ഗത്തിലേക്കും സത്വരം മുന്നേറുക. ഭക്തിസഹമായ സൂക്ഷ്മജീവിതം നയിക്കുന്നവർക്ക് ഒരുക്കിവെക്കപ്പെട്ടതാണ് അത്'' (31:33).

സ്വർഗ്ഗം ആകാശത്തേയും ഭൂമിയേയും അതിവർത്തിക്കുന്നതാണെങ്കിൽ നരകം പിന്നെ എവിടെയാണ് എന്ന് ഒരാൾ നബി(സ) തിരുമേനിയോടു ചോദിച്ചു. അവിടന്ന് മറുപടിയായി മറുചോദ്യം ഉന്നയിക്കുകയാണുണ്ടായത്. 'പകലായിക്കഴിഞ്ഞാൽ രാത്രി എവിടെയാണ്?' സ്വർഗ്ഗനരകങ്ങളുടെ കാര്യവും ഇതുതന്നെയാണ്." (ഹാക്കിം).

പുനരുത്ഥാനനാളിൽ സൂര്യനും ചന്ദ്രനും നരകത്തിൽ ചുരുട്ടപ്പെടുമെന്ന് നബി(സ) തിരുമേനി പറഞ്ഞതായി അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം ചെയ്യപ്പെടുന്നു. അങ്ങനെ സ്വർഗ്ഗവും നരകവും ഇരുളും വെളിച്ചവും പോലെ നന്മയും തിന്മയും പോലെ ഒരേ അവസരത്തിൽ നിലകൊള്ളുന്ന പ്രതിഭാസങ്ങളാകുന്നു. രണ്ടിലും രക്ഷാശിക്ഷകളുടെ വിവിധ പടവുകളുണ്ട്. സ്വർഗ്ഗനരകങ്ങളുടെ അടിവേരുകൾ ഈ ജീവിതത്തിലായിരിക്കെ, നരകത്തിന്റെ അഗ്നി മനുഷ്യൻ ഈ ലോകത്തു ചെയ്ത പാപകർമ്മങ്ങളുടെ അഗ്നിയല്ലാതെ മറ്റൊന്നുമല്ല. നരകാവകാശികൾക്ക് സ്വർഗ്ഗത്തിലും നരകമല്ലാതെ മറ്റൊന്നില്ല. സ്വർഗ്ഗാവകാശിയാകട്ടെ നരകത്തിലും സ്വർഗ്ഗം കണ്ടെത്തുന്നു. അതുകൊണ്ടാണ് നബി(സ) തിരുമേനി പറഞ്ഞത്, 'ഓരോരുത്തനും സ്വർഗ്ഗത്തിൽ സ്ഥാനമുണ്ടാകും. ഓരോരുത്തനും നരകത്തിലും സ്ഥാനമുണ്ടാകും. സ്വർഗ്ഗത്തിൽ പോകുന്നവർ തങ്ങളുടെ സ്വന്തം സ്ഥാനങ്ങൾ മാത്രമല്ല, നരകാവകാശികൾക്കുള്ള സ്ഥാനങ്ങളും കരസ്ഥമാക്കും. നരകാവകാശിയും അപ്രകാരംതന്നെ."

**നരകം താൽക്കാലികം:–**

ഇസ്ലാമിലെ നരകം സാന്തവും താൽക്കാലികവുമാണ്. എന്നാൽ, സ്വർഗ്ഗം അനന്തവും അനശ്വരവുമാണ്. നരകം അതിലെ അന്തേവാസികളുടെ മാതാവാണെന്നു വിശുദ്ധഖുർആൻ പറയുന്നു (101:10). നരകത്തിന്റെ യഥാർത്ഥ പ്രകൃതം അനാവരണം ചെയ്യുന്ന പദപ്രയോഗമാണിത്. മാതാവ് തന്റെ കുട്ടിയെ പോറ്റിവളർത്തുന്നതുപോലെ നരകവാസികൾ അവിടെനിന്ന് സ്വർഗ്ഗീയ പുരോഗതിക്കായുള്ള പുതിയ ഒരു ജീവിതത്തിലേക്കായി വളർത്തപ്പെടുന്നു.

"ആരെങ്കിലും ഒരു തിന്മ പ്രവർത്തിച്ചാൽ തത്തുല്യമായ പ്രതിഫലം മാത്രമേ അവന് ലഭിക്കുകയുള്ളൂ. സത്യവിശ്വാസിയായിരിക്കെ ആരെങ്കിലും സൽകർമ്മം ചെയ്താൽ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. ഒരു കണക്കും കൂടാതെ അവിടെ അവർക്ക് അനുഗ്രഹങ്ങൾ നൽകപ്പെടുകയും ചെയ്യും" (40:41).

ദുഷ്പ്രവർത്തികൾക്കുള്ള പ്രതിഫലം അവരുടെ പ്രവർത്തികൾക്ക് തുല്യമായി മാത്രം. എന്നാൽ, സൽപ്രവർത്തികൾക്കുള്ള പ്രതിഫലം അതുല്യവും അപരിമേയവുമായ അളവിലും! ഇതാണ് സ്വർഗ്ഗനരകങ്ങളെക്കുറിച്ചും കർമ്മഫലങ്ങളെക്കുറിച്ചുമുള്ള മനോഹരമായ ഇസ്ലാമിക സങ്കല്പത്തിന്റെ അടിസ്ഥാനം. ദൈവകാരുണ്യത്തിന്റെ പ്രകടനം ഈ ലോകത്ത് എത്ര അപാരമായിരുന്നാലും അതിന്റെ സമ്പൂർണ്ണമായ ആവിഷ്ക്കാരം മറുലോകത്തു മാത്രമെ സാക്ഷ്യം വഹിക്കപ്പെടുകയുള്ളൂ. ഒരു ഹദീസ് അനുസരിച്ച് ദൈവത്തിന്റെ കാരുണ്യകടാക്ഷത്തിന്റെ നൂറിലൊരു ഭാഗം മാത്രമാണ് പ്രപഞ്ചത്തിലെ സൃഷ്ടിജാലങ്ങളിലുടനീളം വെളിപ്പെട്ടിരിക്കുന്നത്. അവശേഷിച്ച ഭാഗങ്ങളത്രയും മറുലോകത്ത് അനാവൃതമാവാനുള്ളതാണ്. ഹദ്റത്ത് ഉമറിന്റേതായി ഉദ്ധരിക്കപ്പെടുന്ന ഒരു പ്രസ്താവന ഇങ്ങനെയാണ്: 'നരകവാസികൾ മരുഭൂമിയിലെ മണൽത്തരികൾ കണക്കെ എണ്ണമറ്റതാണെങ്കിലും അവരെല്ലാം പുറത്തുവരുന്ന ഒരുനാൾ വന്നെത്തുന്നതായിരിക്കും".

**മുല്ലമാരും യഹൂദികളും:–**

അപ്പോൾ ഇസ്ലാമിക വീക്ഷണത്തിൽ നരകം താല്ക്കാലികം മാത്രമാണ്; മുല്ലാനുസാരികളായ മുസ്ലിം ബഹുജനം അങ്ങനെ വിശ്വസിക്കുന്നവരല്ലെങ്കിലും. ജൂതന്മാരെപ്പോലെ മുല്ലാവർഗ്ഗവും വിശ്വസിക്കുന്നത് തങ്ങൾ നരകശിക്ഷയിൽനിന്ന് ഒഴിവാക്കപ്പെട്ടവരാണെന്നാണ്. അല്ലെങ്കിൽ ചെറുതായൊരു ശിക്ഷ മാത്രമേ തങ്ങൾക്ക് ബാധകമാവുകയുള്ളൂ എന്നാണ്. ദൈവികവെളിപാടുകളെ ശാപമായി കാണുന്ന മുല്ലമാർ ഈ ജീവിതത്തെ കണക്കറ്റു സ്നേഹിക്കുകയും ദോഷപ്രവണമായ ആത്മാവിന്റെ അടിമകളായി ഈ ലോകത്തിലെ പരമാവധി ലൗകികസുഖങ്ങൾ നേടിയെടുക്കുകയും ചെയ്യുന്നു. അവരെ സംബന്ധിച്ചിടത്തോളം നരകം അവിശ്വാസികൾക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടതാണ്! യഹൂദന്മാരുടെ ഔദ്ധ

ത്യത്തിന്റെയും ഹൃദയകാഠിന്യത്തിന്റെയും അടിവേര് ഈ വിശ്വാസമാണെന്ന് വിശുദ്ധഖുര്‍ആന്‍ പറയുന്നു. നബി(സ) തിരുമേനിയുടെ കാലത്തുണ്ടായിരുന്ന ഒരു വിഭാഗം യഹൂദന്മാര്‍ക്കിടയിലുള്ള വിശ്വാസം, നാല്പതു ദിവസത്തിനപ്പുറം ഒരു യഹൂദനും ശിക്ഷിക്കപ്പെടുകയില്ലെന്നായിരുന്നു. മറ്റു ചില ജൂതവിഭാഗങ്ങള്‍ക്കത് ഏഴു ദിവസങ്ങളായിരുന്നു. ഇക്കാലത്തെ ജൂതന്മാരുടെ വിശ്വാസത്തെപ്പറ്റി ജോര്‍ജ് സെയില്‍ പറഞ്ഞത്, ദൈവനിഷേധികളൊഴിച്ചുള്ള ജൂതന്മാര്‍ കൂടിയാല്‍ ഒരു വര്‍ഷത്തിനപ്പുറം നരകത്തില്‍ ഇരിക്കുകയില്ലെന്നാണ്.

പ്രവാചകന്മാരുടെ അനന്തരാവകാശികളായി ദൈവത്തിന്റെ വരിഷ്ഠജനം എന്ന സ്വയംകൃത മേല്‍വിലാസത്തിലാണ് ജൂതന്മാര്‍ ഇങ്ങനെയൊക്കെ കരുതുന്നത്. മുസ്‌ലിംകള്‍ക്കിടയില്‍ വിളയാടുന്ന ജൂതഹൃദയരായ ഉലമാപ്രഭൃതികളും പ്രവാചകന്മാരുടെ പൈതൃകാവകാശികളെന്നോണം വിലസിക്കൊണ്ട് അതുതന്നെയാണ് കരുതുന്നത്. വിശുദ്ധഖുര്‍ആന്‍ ഈ ജൂതധാരണയെ ശക്തമായി നിരാകരിക്കുന്നു. ഏതെങ്കിലും വര്‍ഗ്ഗത്തിന് മാത്രം പതിച്ചുനല്‍കപ്പെടാനുള്ളതല്ല സ്വര്‍ഗ്ഗനരകങ്ങളെന്നതാണ് അതിന്റെ പാഠം. വിശുദ്ധഖുര്‍ആന്‍ പറയുന്നത്, പരലോകത്തിലെ രക്ഷാശിക്ഷകള്‍ ഈ ലോകത്തിലെ വിശ്വാസത്തിന്റെയും പ്രവൃത്തിയുടെയും ആത്മീയപ്രതിഫലനമായിരിക്കുമെന്നാണ്.

**നരകം രൂപപ്പെടുന്നത്**

ഈ ലോകത്ത് തന്റെ വിശ്വാസവും സല്‍കര്‍മ്മങ്ങളും മുഖേന സ്വര്‍ഗ്ഗം സൃഷ്ടിച്ചെടുത്തവനുമാത്രമേ പരലോകത്തും സ്വര്‍ഗ്ഗം പ്രദാനം ചെയ്യപ്പെടുകയുള്ളൂ. ഈ ജീവിതത്തില്‍നിന്ന് ആത്മീയമായി നരകം കൊണ്ടുപോകുന്നവന്‍ ആ ജീവിതത്തിലും നരകം കണ്ടെത്തുന്നു. ഈ ജീവിതത്തിലെ നരകം മനുഷ്യന്റെ ഹൃദയങ്ങളില്‍ രൂപംകൊള്ളുന്ന ഒന്നാണ്. ആജ്ഞാലംഘന സ്വഭാവമുള്ള മനുഷ്യന്റെ ദോഷപ്രവണമായ ആത്മാവ് (നഫ്സ് അമ്മാറ) ഒരുക്കുന്ന സ്വാര്‍ത്ഥതയുടെയും അശാന്തിയുടെയും അസ്വസ്ഥതയുടെയും ഹതാശയുടെയും സ്ഥിത്യന്തരങ്ങളാണ് നരകത്തെ രൂപപ്പെടുത്തുന്നത്. വിശുദ്ധഖുര്‍ആന്‍ പറയുന്നു: "അല്ലാഹുവിന്റെ ജ്വലിപ്പിക്കപ്പെട്ട അഗ്നിയാണത്. ഹൃദയങ്ങളിലാണ് അത് ആളിപ്പടരുന്നത്" (104:7-8).

ഒരു ദൈവമുണ്ടെന്ന ബോധം പോലുമില്ലാതെ തികച്ചും അശ്രദ്ധമായ നിലയില്‍ ആത്മാവിനെ രോഗിയാക്കിക്കൊണ്ടുള്ള അന്ധവും ദൂഷിതവുമായ ജീവിതത്തില്‍നിന്ന് ഉടലെടുക്കുന്നതാണ് നാരകീയമായ ആ അഗ്നി. എന്നാല്‍, ആ അഗ്നി എന്നത് മരണത്തിനു ശേഷം അഭിമുഖീകരിക്കുന്ന നരകാഗ്നി മാത്രമല്ല, മനുഷ്യന്‍ ഈ ലോകത്ത് കടന്നുപോകുന്ന ഓരോ പ്രതിസന്ധികളും യുദ്ധങ്ങളും നരകാഗ്നിയൊരുക്കുന്നു. ഈ എല്ലാതരം നരകാഗ്നിയില്‍നിന്നും സുരക്ഷിതമായിക്കൊള്ളാനുള്ള പ്രാര്‍ത്ഥനകളാണ് വിശുദ്ധഖുര്‍ആന്‍ പഠിപ്പിക്കുന്നത്:

"ഞങ്ങളുടെ നാഥാ! നീ ഞങ്ങള്‍ക്ക് ഈ ലോകത്തും പരലോകത്തും നന്മ നല്‍കേണമേ! നരകശിക്ഷയില്‍നിന്ന് ഞങ്ങളെ നീ രക്ഷിക്കേണമേ!" (2:202).

പരലോകത്തെ ആഗ്രഹിച്ചുകൊണ്ടുള്ള ഈ ലോകത്തെ നന്മയാണ് പരലോകത്തെ നന്മ സൃഷ്ടിക്കുന്നത്. ആ നന്മ തന്നെയാണ് നരകാഗ്നിയില്‍നിന്ന് സംരക്ഷിക്കുന്നത്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: "ഈ ലോകത്ത് വേണ്ടത്ര ജീവിത ദൈര്‍ഘ്യം പ്രദാനം ചെയ്യപ്പെട്ട ഏതൊരാള്‍ക്കും വിവിധ തരത്തിലുള്ള നരകാഗ്നികള്‍ ഇവിടെയും കണ്ടെത്താന്‍ കഴിയും. ഭയം, വിശപ്പ്, രോഗം, പരാജയം, അവഹേളനം, ഭാര്യയേയും കുട്ടികളേയും കുറിച്ചുള്ള ആശങ്ക, ബന്ധുജനങ്ങളുമായുള്ള കലഹങ്ങള്‍ തുടങ്ങിയവയെല്ലാം ഒരു മനുഷ്യന്‍ അഭിമുഖീകരിക്കുന്ന വിവിധ രൂപത്തിലുള്ള പീഡനങ്ങളാണ്. ഇവയൊക്കെയും നരകാഗ്നിയാകുന്നു. ഒരു വിശ്വാസി എല്ലാതരത്തിലുള്ള നരകാഗ്നിയില്‍നിന്നും രക്ഷതേടികൊള്ളേണ്ടതാണ്."

**അവസാനകാലത്തെ നരകം**

അവസാനകാലത്ത് ജ്വലിപ്പിക്കപ്പെടുന്ന നരകത്തെ സൂചിപ്പിച്ചു വിശുദ്ധഖുര്‍ആന്‍ പറയുന്നു: "ഏടുകള്‍ നിവര്‍ത്തപ്പെടുമ്പോള്‍, ആകാശം അനാവൃതമാക്കപ്പെടുമ്പോള്‍, നരകം ജ്വലിപ്പിക്കപ്പെടുമ്പോള്‍" (81:11-13).

മനുഷ്യന്‍ ഭൂമുഖത്തെന്നപോലെ ആകാശത്തും ആധിപത്യം ഉറപ്പിക്കാന്‍ ശ്രമിക്കുന്ന ഭൗതികവിജ്ഞാനങ്ങളുടെ ഉന്നതശിഖരങ്ങള്‍ താണ്ടിക്കടക്കുന്ന മസീഹിയുഗത്തിലാണ് ഈ നാരകീയമായ ജ്വാല തിരികൊളുത്തപ്പെടുന്നത്. മനുഷ്യരിലുള്ള പാപകര്‍മ്മങ്ങളുടെ ആധിക്യം ദൈവകോപത്തെ ജ്വലിപ്പിക്കുകയും, മനുഷ്യനാഗരികത നേടിയെടുത്തിട്ടുള്ള സകല പുരോഗതികളും ചാമ്പല്‍ക്കൂനയാക്കി മാറ്റുന്ന സംഹാരാത്മകമായ യുദ്ധങ്ങളുടെ രൂപത്തില്‍ നരകം തുറന്നുവിടപ്പെടുകയും ചെയ്യുന്നു. ഇതിന്റെ രുചി കഴിഞ്ഞ രണ്ട് ലോകയുദ്ധങ്ങളിലൂടെ നേരത്തെ മനുഷ്യന്‍ അറിഞ്ഞുകഴിഞ്ഞതാണ്. ഇപ്പോഴാകട്ടെ ആ രണ്ട് യുദ്ധങ്ങളെയും കുട്ടിക്കളിയാക്കി മാറ്റുന്ന, മനുഷ്യന്റെ സകല നേട്ടങ്ങളെയും മനുഷ്യവംശത്തിന്റെ ഒട്ടുമുക്കാലും ഒരുപിടി ചാരമാക്കി മാറ്റുന്ന വിഭീഷണമായ മറ്റൊരു ലോകയുദ്ധത്തിന്റെ കരിനിഴലിലാണ് ലോകം ചെന്നുനില്ക്കുന്നത്. വാഗ്ദത്ത മസീഹിന്റെ കാലത്താണ് ആ നരകം ജ്വലിപ്പിക്കപ്പെടുക, വിശുദ്ധഖുര്‍ആന്‍ പറയുന്നു:

"അതിനാല്‍ നിന്റെ നാഥനാണെ സത്യം! തീര്‍ച്ചയായും നാം അവരെയെല്ലാവരെയും സാത്താന്മാരെയും ഒരുമിച്ചുകൂട്ടുകയും നരകത്തിന് ചുറ്റും മുട്ടു

കുത്തിയവരായി കൊണ്ടുവരപ്പെടുന്നതുമാണ്. പിന്നീട് നാം ഈ ഓരോ വിഭാഗത്തിൽനിന്നും പരമകാരുണികനോട് അതിക്രമം പ്രവർത്തിക്കുന്നവരിൽ ഏറ്റവും ശാഠ്യമുള്ളവരെ വേർതിരിക്കുന്നതാണ്. അങ്ങനെ അതിൽ അടക്കം ചെയ്യപ്പെടാൻ ഏറ്റവും യോഗ്യർ ആരെന്നു തീർച്ചയായും നാം അറിയുകയും ചെയ്യുന്നു" (19:69-71).

ഇവിടെ പറഞ്ഞ യോഗ്യർ പ്രധാനമായും അഗ്നിയാലുള്ള ആയുധങ്ങൾ നിർബാധം മറ്റുള്ളവരുടെമേൽ പ്രയോഗിച്ചുകൊണ്ട് വഷളത്തരങ്ങളെ സംസ്കാരമായി കൊണ്ടുനടക്കുന്ന പാശ്ചാത്യ ക്രൈസ്തവ ജനതതികളാണ്. തീ കൊണ്ട് അഴിഞ്ഞാടുന്ന ഈ രാഷ്ട്ര സഞ്ചയം തീകൊണ്ടുതന്നെ ശിക്ഷിക്കപ്പെടുന്നതാണെന്നാണ് പ്രവചനം.

**നരകവും സ്ത്രീകളും**

അല്ലാഹുവിന്റെ വരിഷ്ഠരായ ദാസന്മാരൊഴികെ, ജനപദങ്ങളെക്കൊണ്ട് നരകം നിറയുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. എന്തെന്നാൽ മനുഷ്യനെ സംബന്ധിച്ചുള്ള തന്റെ തീർപ്പ് സത്യമാണെന്ന് ഇബ്ലീസ് കണ്ടെത്തി (34:21). അല്ലാഹുവിനോടായി ഇബ്ലീസ് പറഞ്ഞു: "നിന്റെ പ്രതാപത്തെക്കൊണ്ട് സത്യം, മനുഷ്യരെയെല്ലാം ഞാൻ വഴി തെറ്റിക്കുകതന്നെ ചെയ്യും. അവരിലുള്ള നിന്റെ വരിഷ്ഠദാസന്മാരൊഴികെ" അല്ലാഹു പറഞ്ഞു: "സത്യമായും, ഞാൻ സത്യമായും പറയുന്നു. നിന്നെയും മനുഷ്യരിൽനിന്ന് നിന്നെ പിന്തുടരുന്ന എല്ലാവരെയും കൊണ്ട് നരകം നാം നിറയ്ക്കുന്നതാണ്" (38:83-86).

പ്രവചിതമായ അന്ത്യകാലത്തെ ഏറ്റവും വലിയ പരീക്ഷണങ്ങളായി പറയപ്പെട്ടിരിക്കുന്ന മറ്റൊരു വിഭാഗം സ്ത്രീകളാണ്. "ഞാൻ നരകം ദർശിച്ചപ്പോൾ അതിലെ അന്തേവാസികളിൽ മിക്കവരും സ്ത്രീകളാണെന്ന് ഞാൻ കാണുകയുണ്ടായി" എന്നു നബി(സ) തിരുമേനി സൂര്യചന്ദ്രഗ്രഹണ സമയത്ത് നടത്തിയ പ്രഭാഷണത്തിൽ പറഞ്ഞതായി ഇബ്നു അബ്ബാസിൽ നിന്നു ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്ത വിശ്വാസ്യമായ ഹദീസുകൾ രേഖപ്പെടുത്തുന്നു. അബൂസഈദ് അൽ ഖുദ്‌രിയിൽനിന്നുള്ള മറ്റൊരു വിഖ്യാതമായ ഹദീസിൽ നബി(സ) തിരുമേനി സ്ത്രീകളെ അഭിമുഖീകരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "അല്ലയോ സ്ത്രീകളെ നിങ്ങൾ ദാനധർമ്മം ചെയ്യുക. എന്തെന്നാൽ, നരകവാസികളിൽ ഭൂരിഭാഗവും നിങ്ങളാണെന്ന് ഞാൻ കണ്ടിരിക്കുന്നു." അവർ ചോദിച്ചു: "അല്ലാഹുവിന്റെ പ്രവാചകരെ, എന്തുകൊണ്ടാണങ്ങനെ? അവിടന്ന് പറഞ്ഞു: 'നിങ്ങൾ അതിരുവിട്ട് ശകാരിക്കുകയും നിങ്ങളോടുള്ള സ്നേഹപരിചരണങ്ങളോട് നന്ദികേട് കാണിക്കുകയും ചെയ്യുന്നതുകൊണ്ട്."

ഉസാമാ ഇബ്നു സായിദിൽനിന്ന് ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "ഞാൻ നരകകവാടത്തിൽ നിന്നപ്പോൾ അതിൽ പ്രവേശിച്ചവരിൽ ഭൂരിപക്ഷവും സ്ത്രീകളാണെന്നു ഞാൻ കാണുകയുണ്ടായി."

**ദുസ്വഭാവികളുടെ നരകവും പരലോകത്തെ അന്ധതയും**

ദുസ്വഭാവികളെ നരകവാസികളാക്കിയ കാരണങ്ങളെ വിശുദ്ധഖുർആൻ ഒരു രംഗാവിഷ്കരണത്തിലൂടെ ഇപ്രകാരം അവതരിപ്പിക്കുന്നു:

"ഹേ, ദുർമ്മാർഗ്ഗികളേ, നിങ്ങൾക്ക് തണൽ നൽകുകയോ തീജ്വാലയിൽനിന്ന് സംരക്ഷണം നല്കുകയോ ചെയ്യാത്ത മൂന്നു ശാഖകളുടെ ചുവട്ടിലേക്ക് നിങ്ങൾ പൊയിക്കൊള്ളുക" (77:31,32).

കഠിനമായ ചൂട് ദുഃഖത്തിന്റെ പ്രതീകമാകുന്നു. മൂന്നു ശാഖകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മനുഷ്യാത്മാവിൽ രൂപപ്പെടുന്ന ദുഷ്ടവും നിർദ്ദയവും ആശങ്കാകുലവുമായ പ്രകൃതികളെയാണ്. വാഗ്ദത്ത മസീഹ്(അ) പറയുന്നത്, ഈ മൂന്ന് സ്വഭാവങ്ങളെയും നിയന്ത്രിച്ച് ധാർമ്മികഗുണങ്ങളായി രൂപപ്പെടുത്താതിരിക്കുന്ന ആത്മാക്കൾക്ക് അവ പരലോകത്ത് ഇലകളില്ലാത്ത വൃക്ഷത്തിന്റെ മൂന്ന് കൈവഴികളെന്നോണം അനുഭവവേദ്യമാകുമെന്നാണ്. "അവയ്ക്ക് ഉഷ്ണത്തെ തടുക്കാൻ കഴിവില്ലാത്തതിനാൽ ചുവട്ടിൽ നില്ക്കുന്നവർ താപംകൊണ്ട് ദുഃഖിക്കുന്നതാണ്" (ഇസ്‌ലാമത തത്ത്വജ്ഞാനം). ഈ ജീവിതത്തിൽ ദൈവികമായ മാർഗ്ഗദർശനത്തിൽനിന്നു പുറംതിരിഞ്ഞ് ആത്മീയമായ ഉൾക്കാഴ്ചയെ വികസിപ്പിക്കാൻ പ്രയത്നിക്കാത്ത ഓരോ ആളും പരലോകത്ത് അന്ധനായിട്ടായിരിക്കും എഴുന്നേൽപിക്കപ്പെടുക. അവരുടെ ഈ അന്ധത അവർക്കുള്ള നരകത്തെയാണ് സൂചിപ്പിക്കുന്നത്. വിശുദ്ധഖുർആൻ പറയുന്നു: "ഈ ലോകത്ത് അന്ധനായവനാരോ അവൻ പരലോകത്തും അന്ധനായിരിക്കും. എന്നല്ല, അതിനേക്കാൾ അപകൃഷ്ടമായ നിലയിലായിരിക്കും".

ദൈവം അവന്റെ തിരുവചനത്തിൽ ഇക്കാര്യം കുറേക്കൂടി തെളിച്ചുപറയുന്നതിങ്ങനെയാണ്: "എന്റെ ഉൽബോധനങ്ങളിൽനിന്നു മുഖം തിരിക്കുന്നവന്റെ ജീവിതം ഇടുങ്ങിയതായിരിക്കും. പുനരുത്ഥാനനാളിൽ നാം അവനെ അന്ധനായി എഴുന്നേൽപിക്കുന്നതാണ്. 'എന്റെ നാഥാ, എന്തിനാണ് എന്നെ അന്ധനായി എഴുന്നേൽപിച്ചത്' എന്നു അവൻ ചോദിക്കും. അല്ലാഹു പറയും: "അങ്ങനെതന്നെയാണ്. നമ്മുടെ ദൃഷ്ടാന്തങ്ങൾ നിനക്കു വന്നപ്പോൾ നീ അതിനെ അവഗണിച്ചുകളഞ്ഞു. ഈ ദിവസം നാം നിന്നെയും അവഗണിക്കുകയാണ്" (20:125-127).

ഇഹലോക ജീവിതത്തോടുള്ള സ്നേഹംമൂലം ദൈവത്തോട് ഘൃതജ്ഞമായ ജീവിതം നയിക്കുന്നവരുടെ ആത്മാവിൽ സൃഷ്ടിക്കുന്ന വ്രണമാണ് നരകം. ഇക്കാര്യത്തിൽ അവരുടെ മതവിശ്വാസം അവർക്ക് ജാമ്യമാവുകയില്ല. അവരുടെ ആത്മീയമായ രോഗാതുരത അവർക്ക് ദുരിതമായി വന്നണയുന്നുവെന്നേയുള്ളൂ.

"(അവരോട് ചോദിക്കപ്പെടുകയായി) നിങ്ങളെ നരകാഗ്നിയിലെത്തിച്ചത് എന്താണ്? അവർ പറയും: 'ഞങ്ങൾ നമസ്കരിക്കുന്നവരിൽപ്പെട്ടവരായിരുന്നില്ല. ഞങ്ങൾ അഗതികൾക്ക് ആഹാരം നൽകുന്നവരുമായിരുന്നില്ല. അനാവശ്യമായ സംസാരങ്ങളിൽ മുഴുകിയവരോടൊത്ത് ഞങ്ങളും മുഴുകിപോയിരുന്നു. ഞങ്ങൾ പ്രതിഫലം നൽകുന്ന നാളിനെ നിഷേധിക്കുന്നവരുമായിരുന്നു. അങ്ങനെ ഞങ്ങൾക്ക് മരണം വന്നെത്തുകയും ചെയ്തു" (74:43-48).

**സ്വർഗ്ഗം സംവരണം ചെയ്തവർ**

ഇസ്ലാമൊഴികെയുള്ള മറ്റെല്ലാ മതവും തങ്ങളുടെ അനുയായികൾക്ക് മാത്രമായി സ്വർഗ്ഗത്തെ സംവരണം ചെയ്തിരിക്കുകയാണ്. ആർക്കും വേണ്ടാത്ത നരകത്തെ മറ്റു മതവിശ്വാസികൾക്ക് പതിച്ചുനൽകുകയും ചെയ്യുന്നു! ഇസ്ലാം ഇതെല്ലാം അവജ്ഞയോടെ തള്ളിക്കളയുകയാണ് ചെയ്യുന്നത്. മോക്ഷം ഏതെങ്കിലും വിശ്വാസിവൃന്ദത്തിനുമാത്രം കുത്തകയല്ലെന്നു വിശുദ്ധഖുർആൻ പഠിപ്പിക്കുന്നു. സത്യമായ വിശ്വാസവും സത്യസന്ധമായ പ്രവൃത്തികളും തമ്മിലുള്ള സമന്വയമാണ് മോക്ഷത്തെ യാഥാർത്ഥ്യമാക്കുന്നത്. വിശുദ്ധഖുർആൻ സത്യമായ വിശ്വാസത്തെക്കുറിച്ചു പറയാൻ കാരണം, ചില പ്രവാചകന്മാരെ നിർവ്വിശങ്കം നിഷേധിക്കുമ്പോഴും തങ്ങൾ പ്രത്യേക വിഭാഗത്തിൽപ്പെട്ടവരാണെന്ന കാരണത്താൽ മാത്രം മോക്ഷത്തെക്കുറിച്ച് പ്രത്യാശ പുലർത്തുന്ന ജനവിഭാഗങ്ങൾക്കുള്ള മുന്നറിയിപ്പെന്നോണമാണ്. സത്യമായ പ്രവൃത്തികൾ എന്നു പറയപ്പെട്ടിരിക്കുന്നത്, തങ്ങളുടെ പ്രവൃത്തികളെക്കുറിച്ച് തികച്ചും അശ്രദ്ധരായി കഴിയുന്ന അവസരത്തിൽ തന്നെ വിശ്വാസികളുടെ പേരുവിവരപ്പട്ടികയിൽ ചേക്കേറിയതുകൊണ്ടുമാത്രം മോക്ഷം ഉറപ്പിക്കുന്നവർക്കുള്ള മുന്നറിയിപ്പായാണ്.

**നരകശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നവർ**

പുനരുത്ഥാനനാളിൽ വിവിധ പ്രവാചകന്മാർ തങ്ങളുടെ വിശ്വാസിവൃന്ദവുമായി ആഗതരാകുന്നതിനെക്കുറിച്ച് നബി(സ) തിരുമേനി പറഞ്ഞതായി ഇബ്നു അബ്ബാസിൽനിന്ന് മുസ്ലിം ഇപ്രകാരം നിവേദനം ചെയ്യുന്നു: "ജനതകളെ എനിക്ക് കാണിക്കപ്പെട്ടപ്പോൾ, ഒരു പ്രവാചകനെ അനുഗമിക്കുന്നവരായി വളരെ ചെറിയ ഒരു കൂട്ടത്തെയും മറ്റൊരു പ്രവാചകനെ അനുഗമിക്കുന്നവരായി ഒന്നോ രണ്ടോ പേരെയും വേറൊരു പ്രവാചകനെ ആരുംതന്നെ അനുഗമിക്കാതെയും ഞാൻ കാണുകയുണ്ടായി'' (സഹീഹ് മുസ്ലിം, 1:90, ഹദീസ് 220).

അവിശ്വാസികൾ മാത്രമല്ല, വിശ്വാസികളെന്നു അവകാശപ്പെടുന്നവരിൽ സിംഹഭാഗവും നരകത്തിൽനിന്ന് സുരക്ഷിതരായിരിക്കുകയില്ലെന്നാണ് ഹദീസുകൾ മനസ്സിലാക്കിത്തരുന്നത്. മുസ്ലിം ഉമ്മ: എഴുപതിലേറെ വിഭാഗങ്ങളായി വേർതിരിയുമെന്നാണ് പ്രവചനം. അവയിൽ ഒന്നൊഴികെ മറ്റെല്ലാ വിഭാഗങ്ങളും നരകത്തിലായിരിക്കുമെന്നും ഹദീസുകൾ ചൂണ്ടിക്കാട്ടുന്നു. ആരാണ് ഇതിൽ രക്ഷ ഉറപ്പാക്കിയവർ? കാലഘട്ടത്തിലെ ഇമാമിനെ പിന്തുടരുകയും ആത്മീയ വികാസം പ്രാപിക്കുകയും ചെയ്തിട്ടുള്ളവർ മാത്രം. അവർ ഈ ജീവിതത്തിൽതന്നെ ദൈവത്തിനായി ഒരു മരണം തിരഞ്ഞെടുക്കുകയും ഒരു പുതിയ ആത്മീയ ജന്മത്തിന് വിധേയമായിക്കൊണ്ട് 'പുതിയൊരു സൃഷ്ടി' യായി (23:15) രൂപാന്തരപ്പെടുകയും ചെയ്തവരാണ്. ആ ദൈവദാസന്മാർ, നബി(സ) തിരുമേനിയുടെയും തിരുസഖാക്കളുടെയും മാതൃകകളും ചര്യകളും പരസ്യമായും രഹസ്യമായും പിന്തുടരുകയും ആശകളുടെയും സംശയങ്ങളുടെയും പ്രലോഭനങ്ങളിൽനിന്ന് സ്വയമേവ രക്ഷപ്പെടുകയും, ദോഷപ്രവണമായ ആത്മസ്ഥിതിയുടെ കാരാഗൃഹത്തിൽനിന്ന് പൂർണ്ണമായും സ്വാതന്ത്ര്യം നേടുകയും ചെയ്തിട്ടുള്ളവരായിരിക്കും. ആത്മീയജന്മമാണ് മനുഷ്യനെ സ്വർഗ്ഗസ്ഥനാക്കുന്നത്. എന്നാൽ, ദൈവത്തിന്റെ വരിഷ്ഠപ്രവാചകനെ തന്റെ ആത്മീയപിതാവായി സ്വീകരിക്കാത്ത ആർക്കും ഇങ്ങനെയൊരു ആത്മീയജന്മമെടുക്കാൻ സാധിക്കുയില്ലെന്നതാണ് സത്യം.

**ആത്മീയജന്മം**

അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകർ വാഗ്ദത്തമസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) പറയുന്നു: "ദൈവത്തിന്റെ വരിഷ്ഠന്മാരുടെ ഒരു പ്രത്യേകത, അവർ സ്വാധീനവും ആകർഷണവും ഉള്ളവരാണെന്നതാകുന്നു. അവർ ലോകത്ത് ആത്മീയതലമുറകളെ സൃഷ്ടിച്ചുറപ്പിക്കുന്നതിനുവേണ്ടി അയക്കപ്പെട്ടിരിക്കുന്നവരാണ്. അവരുമായി ബന്ധം വിച്ഛേദിക്കുന്നത് ഒരു തായ്മരത്തിൽനിന്ന് ശാഖ വെട്ടിനീക്കുന്നതുപോലെയാണ്. അവരുമായി ബന്ധം സ്ഥാപിക്കുന്നതോടെ തന്നെ അതിന്റെ തോതനുസരിച്ച് ആത്മീയവികാസം പ്രാപിക്കുന്നു എന്നതത്രെ ആ ബന്ധത്തിന്റെ പ്രത്യേകത. തനിയ്ക്ക് ദൈവത്തിന്റെ നബിമാരുടെയോ റൂസൽമാരുടെയോ ആവശ്യമേയില്ലെന്ന് പറയുന്നത് അഹംഭാവപൂർണ്ണമായ സംസാരമാകുന്നു. മനുഷ്യനെ ദൈവം തന്നെയാണ് സൃഷ്ടിക്കുന്നതെങ്കിലും ഒരാളുടെ ജനനത്തിന്റെ കാരണത്തെ മറ്റൊരാളുമായി ബന്ധപ്പെടുത്തിയതെങ്ങനെയെന്ന കാര്യം അയാൾ ചിന്തിച്ചുനോക്കേണ്ടതാണ്. ശാരീരികമായ പരമ്പരയിൽ ജനിക്കാൻ അതിനു കാരണമായ ഒരു ഭൗതികപിതാവ് ആവശ്യമായിട്ടുള്ളതുപോലെതന്നെ ആത്മീയപരമ്പരയിൽ ആത്മീയപിതാവും ഉണ്ടായിരിക്കും. അദ്ദേഹം മുഖേന ആത്മീയജനനം സംഭവിക്കുന്നു" (ലക്ചർ സിയാൽക്കോട്ട്, വിവ: എൻ. അബ്ദുറഹീം).

അപ്പോൾ ദൈവത്തിന്റെ പ്രവാചകന്റെ, ദൈവികവെളിപാടുകളുടെ സ്വീകർത്താവിന്റെ കോന്തല പിടിച്ചു ഗമിക്കാത്ത ഒരാൾക്കും നരകത്തിൽനിന്ന് രക്ഷപ്പെടാനാവില്ലതന്നെ. ●

ലേഖനം

എ.ക്യു. മഹ്ദി

**ഈജിപ്ഷ്യൻ സഞ്ചാരരേഖകൾ– 4**

# കെയ്റോ നഗരസന്ദർശനവും മുഹമ്മദലി പള്ളിയും

ഇന്ന് നഗരക്കാഴ്ചകളാണ്. കെയ്റോ നഗരം ചുറ്റി നടന്ന് കാണാൻ ഇതുവരെ സമയം കിട്ടിയിരുന്നില്ല.

ആഫ്രിക്കൻ രാജ്യങ്ങളിലെ ഏറ്റവും വലിയ നഗരമാണ് കെയ്റോ. നമ്മുടെ ബോംബെയെക്കാളൊക്കെ വലിയ നഗരം. പകൽ മുഴുവൻ ബോബ് ഞങ്ങളെ പട്ടണം മുഴുവൻ ചുറ്റിനടന്നു കാണിച്ചുതന്നു. നൈൽ നദിക്കരയുടെ ഇരുകരകളിലൂടെയും കടന്നുപോകുന്ന സൂപ്പർ ഹൈവേയിലൂടെ ഞങ്ങൾ സഞ്ചരിച്ചു. കണ്ടാലും കണ്ടാലും തീരാത്തത്ര ബഹുനില കെട്ടിടങ്ങളാണ് നിരനിരയായി നിൽക്കുന്നത്. അവയിൽ പലതും നക്ഷത്രഹോട്ടലുകളാണ്. മൾട്ടിനാഷണൽ കമ്പനികളുടെ വലിയ വലിയ ഷോറൂമുകളും ഓഫീസുകളും വ്യാപാരസ്ഥാപനങ്ങളുമൊക്കെ ഈ റോഡിനിരുവശവും നിറയെയുണ്ട്.

നഗരത്തിലെ ഏറ്റവും വലിയ ഷോപ്പിംഗ് സെന്ററുകളിലൊന്ന് ‘കെയ്റോമാൾ’ എന്ന വ്യാപാരസമുച്ചയമാണ്. വിശാലമായി നീണ്ടുപരന്നു കിടക്കുന്ന ഈ മാർക്കറ്റ് നാലഞ്ചുനിലകളുള്ള ഒരു വൻകെട്ടിടത്തിനുള്ളിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ കിട്ടാത്തതായി യാതൊന്നുമില്ല. മറ്റു വിദേശരാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടെ സാധനങ്ങൾക്കു നന്നേ വിലക്കുറവുമുണ്ട്.

തട്ടിപ്പും വഞ്ചനയും കാട്ടാത്ത ഒരു വ്യാപാരസമൂഹത്തെയും, ടൂറിസ്റ്റുകളെ മാനിക്കുന്ന പൊതുജനങ്ങളെയുമാണ് കെയ്റോവിൽ കണ്ടത്. സാധാരണ ഇത്തരം വൻനഗരങ്ങളിൽ കണ്ടുവരാറുള്ള അനാശാസ്യപ്രവണതകൾ താരതമ്യേന കെയ്റോയിൽ കുറവായിരുന്നു.

തിരക്കുള്ള നഗരമായിട്ടും ചില പോരായ്മകളും ശ്രദ്ധയിൽപ്പെട്ടു. ട്രാഫിക് സംവിധാനം ഒട്ടും മെച്ചമല്ല. കെയ്റോമാളിലേക്ക് നടന്നുപോകുമ്പോൾ, ആ പ്രധാന റോഡിന്റെ മധ്യത്തുള്ള ഡിവൈഡർ കടന്ന് അപ്പുറത്തേക്ക് എത്തുവാൻ ഒരു വഴിയും കണ്ടില്ല; അണ്ടർഗ്രൗണ്ട് പാസേജോ മേൽപ്പാലമോ ഒന്നും. അര മണിക്കൂർനേരം നടന്നുനോക്കിയിട്ടും മാർഗ്ഗമൊന്നും കാണാനാവാതെ വിഷമിച്ചു. ഇടതടവില്ലാതെ വാഹനങ്ങൾ ചീറിപ്പാഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്നു. റോഡിനപ്പുറമാണ് ഞങ്ങൾക്ക് കയറേണ്ട ഷോപ്പിംഗ് സെന്റർ. നാട്ടുകാരിൽ പലരും ജീവൻ കൈകളിൽ പിടിച്ച് തന്ത്രപൂർവ്വം റോഡ് മറികടക്കുന്നുണ്ട്.

ഒടുവിൽ ഒരു പോലിസ്വാഹനം കൈകാട്ടി നിർത്തി വിവരം പറഞ്ഞു. ചെറുപ്പക്കാരനായ ഒരു പോലീസ് ഉദ്യോഗസ്ഥൻ ജീപ്പിൽനിന്നും ഇറങ്ങിവന്ന് വാഹനങ്ങൾ നിർത്തിത്തന്നപ്പോഴാണ് ആശ്വാസമായത്.

ഈ വൻനഗരത്തിൽ എവിടെയും ട്രാഫിക് സിഗ്നൽ ലൈറ്റുകൾ ഇല്ലെന്നോ? എങ്കിൽ, ഏതെങ്കിലും സമയത്ത് വാഹനങ്ങളുടെ പ്രവാഹം അല്പസമയത്തേക്കെങ്കിലും കാൽനടക്കാർക്ക് റോഡ് മുറിച്ചുകടക്കാൻ നിർത്തിക്കിട്ടുമായിരുന്നില്ലേ?

കെയ്റോയുമായി താരതമ്യം ചെയ്യുമ്പോൾ എത്ര ചെറിയ പട്ടണമാണ് നമ്മുടെ ചെന്നൈ. ഇവിടത്തെ ട്രാഫിക് സിസ്റ്റം എത്രയോ പ്രശംസാർഹം.

പുതിയ വാഹനങ്ങളുടെ വില ഇവിടെ വളരെ കൂടുതലാണ്. റോഡിലൂടെ തിരക്കിട്ട് പായുന്നവയിലധികവും പഴഞ്ചൻ വാഹനങ്ങളാണ്. ആധുനിക കാറുകൾ ഇല്ലെന്നല്ല, താരതമ്യേന കുറവ്. പെട്രോളിന്റെ നിക്ഷേപം അത്ര കൂടുതലില്ലെങ്കിലും ചെറിയ തോതിൽ എണ്ണ കയറ്റുമതിയുണ്ട്. എന്നാൽ, ആഭ്യന്തരവിപണിയിൽ കഴിയുന്നത്ര വില കുറച്ച് എണ്ണ നൽകാൻ ഗവർമ്മെന്റ് ശ്രദ്ധിക്കുന്നുണ്ട്. ഒരു ലിറ്റർ പെട്രോളിന് ഒരു ഈജിപ്ഷ്യൻ പൗണ്ടേയുള്ളൂ വില; നമ്മുടെ 9 ഇന്ത്യൻ രൂപയ്ക്ക് തുല്യം. എണ്ണയുടെ ആഭ്യന്തര ഉല്പാദനം വൻതോതിലുള്ള യു.എ.യിൽപോലും ഏകദേശം ഇതിന്റെ ഇരട്ടിയോളം വരും പെട്രോൾ വില. ഇന്ത്യയിലൊഴികെ മറ്റെല്ലാ രാജ്യങ്ങളിലും പെട്രോളിനേക്കാൾ കൂടുതൽ വില നൽകണം ഡീസലിന്;ഈജിപ്തിലുമതെ.

ഇന്ത്യക്കാരോട് എന്തോ ഒരു പ്രത്യേകസ്നേഹവും ബഹുമാനവും പുലർത്തുന്നവരാണെന്നു തോന്നി ഈജിപ്ത് ജനത. മുൻ ഈജിപ്ത് പ്രസിഡന്റ് നാസറും നമ്മുടെ മുൻപ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും കൈകോർത്തുനിന്ന് ചേരിചേരാ രാഷ്ട്രങ്ങളുടെ ചുക്കാൻ പിടിച്ചത് കഴിഞ്ഞ തലമുറയ്ക്ക് മാത്രമേ ഓർമ്മയുണ്ടാവൂ എങ്കിലും പുതിയ ജനതയും നമ്മോട് അജ്ഞാതമായ ഒരു മമത കാട്ടുന്നുവെന്നത് എനിക്ക് അനുഭവത്തിലൂടെ ബോധ്യമായി. മിക്ക വ്യാപാര സ്ഥാപനങ്ങളുടെ മുമ്പിലൂടെ കടന്നുപോകുമ്പോഴും സന്തോഷം സ്ഫുരിക്കുന്ന ഭാവത്തോടെ അവർ ചോദിക്കാറുണ്ട്,

“ഇന്ത്യൻ.....?”

കച്ചവടക്കാർ മാത്രമല്ല, ഈജിപ്തിൽ പലയിടത്തും, നാട്ടുകാരും ടാക്സിഡ്രൈവർമാരും ചില കോളേജ് വിദ്യാർത്ഥികൾവരെ, ഒറ്റവാക്കിലുള്ള ഈ ചോദ്യം ആവർത്തിച്ചിരുന്നു. വർത്തമാനകാലത്ത് ഈജിപ്തുകാർക്ക്, കെയ്റോ നഗരത്തിലുള്ളവർക്ക് പ്രത്യേകിച്ച്, സുപരിചിതനായ ഏക ഇന്ത്യക്കാരൻ അമിതാബച്ചനാണ്. ബച്ചന്റെ സിനിമകൾ പലപ്പോഴും കെയ്റോയിൽ പ്രദർശിപ്പിക്കാറുണ്ടത്രെ.

വലിയ പല ആധുനിക സിനിമാതിയേറ്ററുകളും കെയ്റോയിൽ കണ്ടു. സിനിമാ നിർമ്മാണത്തിൽ അറബി രാജ്യങ്ങളുടെ ഹോളിവുഡ്ഡാണത്രെ കെയ്റോ. പർദ്ദയുടെ ഈ നാട്ടിലും അർദ്ധനഗ്നകളായ ഈജിപ്ഷ്യൻ സുന്ദരിമാരുടെ ചലച്ചിത്ര കട്ടൗട്ടുകൾ പല വീഥികൾക്കരികിലും കണ്ടത് വൈരുദ്ധ്യമായി തോന്നി.

ഒരു വ്യാപാരശാലയിലും, വളരെ മുന്തിയ ഡിപ്പാർട്ട്മെന്റ് സ്റ്റോറുകളിലൊഴികെ, ബിൽ നൽകുന്ന പതിവ് കണ്ടില്ല. മോടിപിടിപ്പിച്ച വിൽപ്പനശാലകളിൽ സെയിൽസിന് നിൽക്കുന്ന പരിഷ്കാരികളെന്ന് തോന്നിപ്പിക്കുന്ന, പാശ്ചാത്യവേഷം ധരിച്ച പല അറബി ചെറുപ്പക്കാർക്കും മാതൃഭാഷയായ അറബിയല്ലാതെ ഇംഗ്ലീഷ് തീരെ വശമില്ലെന്നത് വിസ്മയകരമായി തോന്നി.

ഒരു കടയിൽ ഷോക്കേയ്സിലിരുന്ന ഷൂവിന് വില എഴുതിവച്ചിരുന്നത് അറബി അക്കത്തിലായിരുന്നു. ആ അക്കങ്ങളെനിക്ക് പരിചയമില്ല. അതൊന്നു ഇംഗ്ലീഷീകരിക്കാൻ കടക്കാരനുമറിയില്ല. വൺ, ടു, ത്രീ എന്നിങ്ങനെ ഇംഗ്ലീഷ് അക്കങ്ങൾ പത്തുവരെയെങ്കിലും എണ്ണാനോ എഴുതാനോ വായിക്കാനോ അറിയാത്തവർ സാധാരണക്കാരുടെയിടയിൽപോലും നമ്മുടെ നാട്ടിലുണ്ടാവുമോ? നമ്മുടെ നാട്ടിലെ സമ്പൂർണ്ണസാക്ഷരത ഒരു പൂർണ്ണസത്യമല്ലെങ്കിൽപോലും ആ വിഷയത്തിൽ എനിക്ക് അഭിമാനം തോന്നിയ നിമിഷങ്ങളായിരുന്നു അത്.

ഷൂവിന് വില ചോദിക്കുന്നതിനിടയിൽ പീടികക്കാരൻ ഇടയ്ക്കിടെ അറബിയിൽ എന്തോ പറയുന്നുണ്ടായിരുന്നു. പക്ഷെ ആവശ്യമായ വിവരമൊന്നും അയാളിൽനിന്നും ഗ്രഹിക്കാൻ കഴിഞ്ഞില്ല. ലജർ, ലജർ എന്ന് അയാൾ ഉരുവിട്ടുകൊണ്ടിരുന്നത് ഷൂവുകൾ ഒറിജിനൽ ലതറിൽ നിർമ്മിച്ചതാണെന്നു പറയുന്നതായി മാത്രം മനസ്സിലായി. ഒടുവിൽ, അവിടെനിന്നും ഒരു കാൽക്കുലേറ്റർ എടുത്ത്, തുകയുടെ വിവരം അമർത്തിക്കാണിക്കാൻ ആവശ്യപ്പെട്ടു. 80 ഈജിപ്ഷ്യൻ പൗണ്ടാണ് ഒരു ജോടിക്ക് വില, ഏകദേശം 700 രൂപ. ആ ഷൂവിന് നാട്ടിൽ ചുരുങ്ങിയത് 2000 രൂപ കൊടുക്കണം.

ഇനിയാണ് പ്രശ്നം. ഷൂവിന് ബിൽ ആവശ്യപ്പെട്ടു. “ബില്ലോ....?” അതെന്താണെന്ന് കടക്കാരൻ കേട്ടിട്ടുപോലുമില്ല. ഒടുവിൽ ബിൽ കിട്ടാതെ ഷൂവും വാങ്ങി നടന്നു.

ടൂർ ഗൈഡ് ബോബിനോട് ഒരിക്കൽ ചോദിക്കുകതന്നെ ചെയ്തു, എന്താ ഇവിടെ ടാക്സ് സമ്പ്രദായം എന്നൊന്ന് നിലവിലില്ലേ എന്ന്.

“ഇല്ല....” ബോബ് അടിവരയിട്ടു പറഞ്ഞു.

‘‘ടാക്സ് ഉണ്ട്, പക്ഷേ സെയിൽസ് ടാക്സ് ഇല്ല...” അദ്ദേഹം തുടർന്നു.

“ഇംകം ടാക്സുമില്ല ഈജിപ്തിൽ.....”

ഒരു വ്യാപാരി കൂടിയായ എന്നെ ഈ വിവരം അത്ഭുതപ്പെടുത്തി. വിൽപ്പന നികുതിയും, ആദായ നികുതിയും ഇല്ലാത്ത ഒരു രാജ്യം. ഇവർ, നാടിന്റെ വികസനപ്രവർത്തനങ്ങൾക്ക്, എന്തിന് ദൈനംദിന ചെലവുകൾക്ക് എങ്ങനെ റവന്യൂ കണ്ടെത്തും?

ആ സംശയത്തിനും ബോബിൽനിന്നും മറുപടി കിട്ടി.

“സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നികുതി സമ്പ്രദായങ്ങൾ ഒഴിവാക്കാനാണ് ഗവർമ്മെന്റ് തീരുമാനം. അതിലൂടെയുള്ള വരുമാനം സ്വരൂപിക്കാൻ വേണ്ടിവരുന്ന ചെലവ്, ഉദ്യോഗസ്ഥന്മാരുടെ അധ്വാനം, ശമ്പളം ഇവ നോക്കുമ്പോൾ വിൽപ്പനനികുതി സമ്പ്രദായം ഒഴിവാക്കുന്നതാണ് നല്ലതെന്നാണ് ഞങ്ങളുടെ തിയറി..........” ബോബ് കുറേക്കൂടി വാചാലനായി.

“.....ഏഷ്യൻ രാജ്യങ്ങളിൽ പലയിടത്തും, പ്രത്യേകിച്ച് നിങ്ങളുടെ ഇന്ത്യയിൽ, നികുതി പിരിക്കാൻ വേണ്ടിവരുന്ന ചെലവ്, ലഭിക്കുന്ന റവന്യൂ വരുമാനത്തിന് തൊട്ടടുത്തു വരുമെന്നാണ് കേട്ടിട്ടുള്ളത്. അതിനാൽ, വിൽപന നികുതി തുടങ്ങിയവ ഒഴിവാക്കിക്കൊടുത്താൽ ജനങ്ങളുടെയും വ്യാപാരികളുടെയും കഷ്ടപ്പാടുകളെങ്കിലും ഒഴിഞ്ഞുകിട്ടുമല്ലൊ. ഇതിനു വേണ്ടിവരുന്ന ജീവനക്കാരെ മറ്റുപല അത്യാവശ്യ സേവന മേഖലകളിലേക്കും വിന്യസിച്ചാൽ, അതല്ലേ നികുതി പിരിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനേക്കാൾ ഭേദം. ഒരു പരിധിവരെ അഴിമതിയും കുറയ്ക്കാം......”

ഒരു സാമ്പത്തിക വിദഗ്ദ്ധനെപ്പോലെയാണ് ബോബ് ഇപ്പോൾ സംസാരിക്കുന്നത്. ഏതായാലും അയാളുടെ തിയറി ഈജിപ്റ്റിനു മാത്രം ചേർന്നതാവാം, നമ്മുടെ നാട്ടിന് പറ്റിയതല്ല എന്ന് ഞാൻ മനസ്സിലോർത്തു. നികുതികൾ എത്രയേറെ പിരിച്ചിട്ടും വീണ്ടും വീണ്ടും നാം ഭാരിച്ച കടക്കെണിയിലേക്കാണ് കൂപ്പുകുത്തുന്നതെന്ന യാഥാർത്ഥ്യവും തൽക്കാലം അയാൾ അറിഞ്ഞിട്ടില്ല, ഭാഗ്യം. ഏതായാലും മൂപ്പർ ഇന്ത്യയിലെ നികുതി സമ്പ്രദായങ്ങളെപ്പറ്റി ഏറെക്കുറെ മനസ്സിലാക്കിയിരിക്കുന്നു. ബോബിന്റെ പൊതുവിജ്ഞാനത്തിൽ– അത്രത്ര പൂർണ്ണമല്ലെങ്കിൽപോലും മതിപ്പുതോന്നി.

‘‘അപ്പോൾ നിങ്ങളുടെ ഗവർമ്മെന്റിന്റെ നിലനിൽപ്പിനു വേണ്ട വരുമാനമോ?”

ഈ ചോദ്യം അയാൾക്കിഷ്ടപ്പെട്ടുവെന്നു തോന്നി.

“പറയാം, ഈജിപ്ത് ഗവർമ്മെന്റിനെക്കുറിച്ചാണെ

ങ്കിൽ ഞങ്ങളുടെ മുഖ്യവരുമാന സ്രോതസ്സ് മൂന്നാണ്. ഒന്നാമത്തേത് ടൂറിസത്തിലൂടെയുള്ളതാണ്. പരുത്തിക്കയറ്റുമതിയിലൂടെയുള്ളത് രണ്ടാമത്തേത്. ലോകത്തെ ഏറ്റവും വലിയ പരുത്തി ഉൽപ്പാദകർ ഞങ്ങളാണല്ലൊ. മൂന്നാമത്തേത് സൂയസ് കനാലിലൂടെ ലഭിക്കുന്ന കപ്പൽചുങ്കം. ഇവ മൂന്നുംമാത്രം മതി എല്ലാ വികസന പ്രവർത്തനങ്ങൾക്കുമുള്ള മൂലധനം സമാഹരിക്കാൻ."

ഈജിപ്ഷ്യൻ ടൂറിസത്തെപ്പറ്റി അയാൾ പറഞ്ഞതെത്രയോ ശരി. ആയിരക്കണക്കിന് വിദേശികളാണ് നിത്യവും ഈജിപ്ത് സന്ദർശിക്കുന്നത്. അവർ എത്തുന്നതോ, ഈ ആഫ്രിക്കൻ അറബ് രാജ്യത്തിന്റെ പൗരാണിക സംസ്കാര സവിശേഷതകൾ കണ്ടുപഠിക്കാനും. വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാനായി നിരവധി പ്രോത്സാഹന, സേവന പദ്ധതികൾ ഇവിടെ ടൂറിസ്റ്റ് വകുപ്പുകാർ നടപ്പിലാക്കിയിട്ടുണ്ട്. കെയ്റോ നഗരത്തിൽ ആയിരക്കണക്കിന് നക്ഷത്രഹോട്ടലുകളുണ്ട്. ഇവ മുഴുവൻ എന്നും യൂറോപ്യൻ ടൂറിസ്റ്റുകളെക്കൊണ്ട് നിറഞ്ഞിരിക്കും. ഈയിനത്തിലുള്ള രാജ്യത്തിന്റെ വരുമാനംതന്നെ കോടിക്കണക്കിന് പൗണ്ട് വരും. രാജ്യത്ത് അങ്ങോളമിങ്ങോളം ചിതറിക്കിടക്കുന്ന മ്യൂസിയങ്ങൾക്കുള്ള പ്രവേശന ടിക്കറ്റിന്റെ വരുമാനവും മോശമല്ലാത്ത ഒന്നുതന്നെ.

ടൂറിസ്റ്റുകളുടെ സുരക്ഷിതത്വത്തിനുവേണ്ടിയുള്ള സേനയാണ് 'ഈജിപ്ത് ടൂറിസ്റ്റ് പോലീസ്'. അവരുടെ സേവനമാകട്ടെ അത്യന്തം ശ്ലാഘനീയവും. ഇവിടെ ഇന്ത്യയിലോ? ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ?

എന്നും ബന്ദും ഹർത്താലും പണിമുടക്കും തന്നെ. പൊട്ടിപ്പൊളിഞ്ഞ റോഡുകൾ. പൊതുവാഹനങ്ങളുടെ സ്ഥിതിയാകട്ടെ അതീവദയനീയം. ഒരു സാധാരണ പൗരനുവേണ്ട അടിസ്ഥാന സൗകര്യംപോലും യാത്രയ്ക്കിടയിൽ ലഭ്യമല്ല, അപ്പോൾ ഒരു വിദേശടൂറിസ്റ്റിന്റെ കാര്യമോ? ടൂറിസ്റ്റുകളെ കാത്തുകിടക്കുന്ന നമ്മുടെ നാട്ടിലെ ടാസ്കി സർവ്വീസ്പോലും അവരോട് നീതി കാട്ടാറില്ല. വിദേശികളെ ആകർഷിക്കുന്ന പല ടൂറിസ്റ്റ് സ്പോട്ടുകളും ഒട്ടും വൃത്തിയായി സൂക്ഷിക്കപ്പെടുന്നില്ല. കോവളം എന്ന അന്താരാഷ്ട്രീയ ടൂറിസ്റ്റ് കേന്ദ്രമാകട്ടെ, പരിഹാസ്യമാംവിധം മലീമസമാണ്. തരംകിട്ടിയാൽ ടൂറിസ്റ്റുകളെ കൊള്ളയടിക്കുന്ന അപൂർവ്വം വ്യാപാരികളെങ്കിലും പുറംരാജ്യങ്ങളിൽ നമുക്ക് പേരുദോഷമുണ്ടാക്കുന്നുണ്ട്. നാട്ടുകാർക്കാകട്ടെ വിനോദസഞ്ചാരികളോട് വലിയ ആദരവൊന്നുമില്ല. ടൂറിസ്റ്റുകൾക്ക് വേണ്ടത്ര സഹായമോ സംരക്ഷണമോ നൽകാൻ സമയമില്ലാത്ത പോലീസ്കാരാണിവിടെ. അവർക്കതിന് സമയമെവിടെ? എന്നും സമരവും വഴക്കുമുള്ള നാട്ടിൽ രാഷ്ട്രീയകലഹങ്ങൾ ഒതുക്കാനും, സമരക്കാരുടെ ജാഥയ്ക്ക് മുന്നിലും പിന്നിലും അകമ്പടി സേവിക്കാനുമല്ലേ തൽക്കാലം പോലീസിന് സമയമുള്ളൂ. ഇതിനൊക്കെ പുറമെ, നാടുകാണാനെത്തുന്ന സായ്പിന്റെ മുമ്പിൽ വട്ടംചുറ്റിനിന്ന് ഭിക്ഷയിരക്കുന്ന യാചകക്കൂട്ടങ്ങളും.

ഇതിനുമൊക്കെ അപ്പുറത്ത് പുതിയൊരു സാഹചര്യംകൂടി നാട്ടിലിന്ന് നിലവിൽ വന്നിരിക്കുന്നു.

കോവളത്തെ അന്തർദ്ദേശീയ നിലവാരമുള്ള ഹോട്ടലിൽ, ഹോട്ടലുടമകൾ ശരിയായ രേഖകളോടെ വിലയ്ക്കുവാങ്ങി ടൂറിസ്റ്റുകളെ പരിചരിക്കാൻ തയ്യാറാക്കിയ പഴയ രാജകൊട്ടാരത്തിൽ, ഇന്ന് മനസ്സുതുറന്ന് ഒരു വിദേശിക്ക് കിടന്നുറങ്ങാൻ കഴിയുമോ? എപ്പോഴാണോ പരിസ്ഥിതിവാദികളുടെ കുപ്പായമണിഞ്ഞെത്തുന്ന ലോക്കൽ രാഷ്ട്രീയക്കാരും, അവരെ തുണയ്ക്കുന്ന ഉദ്യോഗസ്ഥവൃന്ദവും എന്തിന് മന്ത്രിമാരോ മുഖ്യമന്ത്രിയോതന്നെ കൊടിയും പിടിച്ച് ജാഥനയിച്ചുവന്ന് അന്തേവാസികളെ ഇറക്കിവിട്ട് പാലസ് ഒഴിപ്പിക്കാൻ ശ്രമിക്കില്ല എന്നതിന് എന്താണുറപ്പ്?

മൂന്നാർ സുഖവാസകേന്ദ്രത്തിൽ അന്തിയുറങ്ങാനെത്തുന്ന വിദേശടൂറിസ്റ്റിന്, ഉറക്കമുണരുമ്പോൾ ഒരു സുപ്രഭാതത്തിൽ സംസ്ഥാന പോലീസ് ഐ.ജിയും മറ്റും ജെ.സിബിയുമായി നേരിട്ടുവന്ന് ഖലാസികളെക്കൊണ്ട് താൻ വിശ്രമിച്ചിരുന്ന കൂറ്റൻ റിസോർട്ട് ഇടിച്ചുനിരത്തുന്ന കാഴ്ചകണ്ട് നെടുവീർപ്പിടാനല്ലേ കഴിയൂ.

ആ പുറംരാജ്യക്കാർ തങ്ങളുടെ നാട്ടിൽച്ചെന്ന് ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കേരളത്തെക്കുറിച്ച് പറയുന്ന വാക്കുകൾ എന്താവും?

എന്റെ നാടിനെപ്പറ്റിയുള്ള അസന്തുഷ്ടമായ ചിന്തകളിൽനിന്ന് ഞാൻ പെട്ടെന്ന് പിൻവാങ്ങി.

കെയ്റോ ഒരു മുസ്ലിം നഗരമായതിനാൽ ഇവിടെ നിരവധി പള്ളികളുണ്ട്. നഗരാതിർത്തിക്കുള്ളിൽ മാത്രമുണ്ട് 250-ലധികം മുസ്ലിം ദേവാലയങ്ങൾ. അവയിൽ പ്രശസ്തികൊണ്ടും ഗാംഭീര്യംകൊണ്ടും മുന്നിട്ടുനിൽക്കുന്നത് മുഹമ്മദലി പള്ളിയാണ്. ട്രാവൽ കമ്പനി ഈ യാത്രാപരിപാടിയിൽ പള്ളികളുടെ സന്ദർശനം ഉൾപ്പെടുത്തിയിരുന്നില്ല. ഞങ്ങളുടെ കൂട്ടത്തിൽ ഈ വിഷയത്തിൽ താല്പര്യമുണ്ടായിരുന്ന ഒരേയൊരു കുടുംബം എന്റേതു മാത്രമായിരുന്നു. അതിനാൽ ഒരു ദിവസം നഗരസന്ദർശനത്തിനു അനുവദിച്ച സമയത്തിൽനിന്നും കുറേ കടമെടുത്ത് ഞങ്ങൾ മുഹമ്മദലി പള്ളിയിൽ പോകാനൊരുങ്ങി.

ഒരു ടാക്സിയിലാണ് അവിടെയെത്തിയത്. ഒരു കുന്നിൻമുകളിലാണ് പള്ളി നിലകൊള്ളുന്നത്. ഉയരമുള്ള നാല് മിനാരങ്ങളോടുകൂടിയ കലാസുഭഗമായ ഒരു ഗംഭീരമന്ദിരമാണ് മുഹമ്മദലി പള്ളി. വിശാലമായ ഹാളിന്റെ നിലത്ത് മുഴുവൻ ചുവന്ന പരവതാനി വിരിച്ചിരിക്കുന്നു.

പള്ളിയുടെ ഉൾവശം നിറയെ സ്ഫടികപ്പൂങ്കുലകളും അലങ്കാരവിളക്കുകളും തൂക്കിയിട്ടിരിക്കുന്നു. അസാധാരണ വലിപ്പമുള്ള നിരവധി ശരറാന്തലുകൾ അകത്തളം മുഴുവൻ ദീപപ്രഭ ചൊരിയുന്നു. കുംഭക

*പേജ് 38-ൽ*

**യാസർ അറഫാത്ത്**

# മാറ്റൊലികൾ

* "രാജതരംഗിണിയിൽ പറയുന്നത് ഇപ്രകാരമാണ്. അയാൾ തുടർന്നു എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കാശ്മീരം വാണിരുന്ന ഒരു രാജകുമാരൻ വേട്ടക്കുപോയപ്പോൾ മനുഷ്യവാസമില്ലാത്ത ഈ താഴ്‌വാരങ്ങളിൽ എങ്ങോവെച്ച് വയോവൃദ്ധനായ ഒരു മനുഷ്യനെ കണ്ടുമുട്ടിയത്രെ. നീണ്ടുമെലിഞ്ഞ ആ വൃദ്ധന്റെ തലമുടിയും താടിമീശയും ഹിമംപോലെ വെളുത്തിരുന്നു. കാലപ്പഴക്കം ചെന്ന ഒരു മേലങ്കിയാണ് അയാൾ ഇട്ടിരുന്നത്. അയാളുടെ പക്കൽ ആട്ടിടയന്മാർ കൊണ്ടുനടക്കുന്ന തരത്തിലുള്ള അഗ്രം വളഞ്ഞ ഒരു വടിയുണ്ടായിരുന്നു....രാജകുമാരൻ കുതിരക്ക് കടിഞ്ഞാണിട്ടു. ആ വൃദ്ധനുമായി സംസാരിച്ചു. അയാളുടെ ഊരും പേരും ചോദിച്ചു.

പേര് ഓർമ്മയില്ല. വരുന്നത് അങ്ങ് പടിഞ്ഞാറെങ്ങോനിന്ന്.... വെള്ളാരങ്കണ്ണുകാരൻ തന്റെ സംസാരം നിർത്തി. സായിപ്പിന്റെ മുഖത്ത് ഉറ്റുനോക്കിക്കൊണ്ടയാൾ ചോദിച്ചു:

ആരായിരുന്നു ആ വൃദ്ധൻ എന്നറിയാമോ നിങ്ങൾക്ക്? സായിപ്പ് ഇതുകേൾക്കേ ചിന്താധീനനായി... നിസ്സഹായനായി തലയാട്ടി. എന്നിട്ടു പറഞ്ഞു: ഇല്ല.

അല്പനേരത്തെ മൗനത്തിനുശേഷം വെള്ളാരങ്കണ്ണൻ പറഞ്ഞു. 'നസ്രേയനായ യേശു കാൽവരിമലയിൽ കുരിശിലേറ്റപ്പെട്ടവൻ. രക്ഷകനെന്ന് അനേകരാൽ വാഴ്ത്തപ്പെട്ടവൻ. അയാൾ തുടർന്നു.

'രാജകുമാരൻ ആ വൃദ്ധനെ നിർബ്ബന്ധിച്ച് രാജധാനിയിലേക്ക് കൂട്ടിക്കൊണ്ടുപോയി പാർപ്പിച്ചു. ആ വയോധികൻ അവിടെവച്ചു സമാധിയായി. അയാളുടെ കബർ ഇന്നും ശ്രീനഗറിലുണ്ട്.'

33-ാം വയസ്സിൽ കുരിശിൽ ആത്മത്യാഗം ചെയ്ത ക്രിസ്തു എങ്ങനെ കാശ്മീരിലെത്തിയെന്നാണ് നിങ്ങൾ അർത്ഥമാക്കുന്നത്. ഞാൻ ചോദിച്ചു. അയാൾ എന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കിക്കൊണ്ട് പറഞ്ഞു. 'കുരിശിലേറ്റപ്പെട്ട ക്രിസ്തു മരിച്ചിരുന്നില്ല. ജീവൻ പോയി എന്ന ധാരണയിൽ അദ്ദേഹത്തെ കല്ലറക്കുള്ളിലാക്കുകയാണുണ്ടായത്. രായ്ക്കുരാമാനം ക്രിസ്തു കല്ലറയിൽനിന്നും വെളിക്കുകടന്നു. അതിനു സഹായികളാരെങ്കിലും ഉണ്ടായിരുന്നിരിക്കണം. അതാണ് അടുത്ത പ്രഭാതത്തിൽ കല്ലറ ശൂന്യമായിക്കണ്ടത്. റോമൻ ശക്തിയുടെ അതിർത്തി വിട്ട് അദ്ദേഹം കിഴക്കോട്ട് പാലായനം ചെയ്തു. പഴയ കാരവൻറൂട്ടുകളിലൂടെ കാശ്മീരിലെത്തി." [അമർനാഥ് ഗുഹയിലേക്ക് (യാത്രാവിവരണം) പേജ് 46, 47– രാജൻ കാക്കനാടൻ, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്]

* ''ജീവിതത്തിലെ അജ്ഞാതവാസക്കാലം യേശു കശ്മീരിലാണ് കഴിച്ചുകൂട്ടിയത് എന്നും കശ്മീരി ചിന്തയും ജീവിതവും യേശുവിനെ സ്വാധീനിച്ചിരുന്നു എന്നും വിസ്തരിക്കുന്ന ഒരു ഹിന്ദി നാടകം 'ഈസാനബി' എന്ന പേരിൽ 'പേജൻശർമ്മ ഉഗ്രൻ' എഴുതിയിട്ടുണ്ട്." (*എം.എൻ. വിജയൻ, മലയാളം വാരിക, 2007 മെയ് 18, പേജ്-17*).

* ''ഒരിക്കൽ മുഹമ്മദ് നബി, യേശുക്രിസ്തു കഅ്ബ ത്വവാഫ് ചെയ്യുന്നതു കാണുകയുണ്ടായി. എന്നാൽ, അദ്ദേഹത്തോടൊപ്പം മസീഹുദ്ദജ്ജാലും (എതിർ ക്രിസ്തു)മുണ്ടായിരുന്നു എന്നും കണ്ടിരുന്നു. അതിൽനിന്ന് ചിന്തിച്ചെടുക്കേണ്ട കാര്യം അന്തിക്രിസ്തുവിന്റെ (ദജ്ജാലിന്റെ) രൂപം എങ്ങിനെ, അവന്റെ രാക്ഷസീയമായ ബീഭത്സരൂപം വാസ്തവത്തിൽ ഏതുവിധത്തിലായിരിക്കും എന്നതൊന്നുമല്ല... പ്രധാനപ്പെട്ടത് അന്തിക്രിസ്തു (ദജ്ജാൽ) എന്തിനുവേണ്ടി നിലകൊള്ളുന്നു, അവന്റെ ഉദ്ദേശ്യമെന്ത്, ആശയമെന്ത് എന്നതൊക്കെയാണ്......... തങ്ങളിലേക്ക് മിശിഹാ ആയി വരാനിരിക്കുന്ന ആളിൽനിന്ന് യഹൂദ വംശദേശീയവാദികൾ പ്രതീക്ഷച്ചതാണ് അവരുടെ വക്താവായിക്കൊണ്ട് യേശുവെ അനുധാവനം ചെയ്ത യഹൂദാ ഇസ്കാരിയോത്ത് (യൂദാസ്) അവനു മുന്നിൽ വെച്ച ആവശ്യം. ഈ ആവശ്യത്തെ നിരാകരിച്ച യേശുവെ അതുകൊണ്ടുതന്നെ യൂദാസും യഹൂദപുരോഹിതരും മിശിഹാ ആയി വരുന്നവന് ഒരു നിലക്കും ഉണ്ടാകാൻ പാടില്ലാത്ത കുരിശിലെ മരണം, അവൻ മിശിഹാ അല്ല എന്നു തെളിയിക്കാനായി അവനിൽ ആരോപിക്കുകയും തങ്ങൾ അവനെ വധിച്ചു, എന്നല്ല കുരിശിൽ തന്നെ വധിച്ചു എന്നവകാശപ്പെടുകയും ചെയ്തു. കുരിശിൽ മരിക്കുന്നവൻ അഭിശപ്തൻ എന്നു പ്രമാണമുള്ളതിനാൽ യേശുവല്ല യഥാർത്ഥ മിശിഹാ എന്നു സ്ഥാപിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. അതിനാൽ അവർ തങ്ങളുടെ വംശ-ദേശീയ വാദത്തിലധിഷ്ഠിതമായ രാഷ്ട്രം സ്ഥാപിച്ചുകൊടുക്കുന്ന ഒരു മിശിഹായെ ഇന്നും കാത്തുകഴിയുകയാണ്. തങ്ങൾ എതിർ ക്രിസ്തുവാണെന്ന് (ദജ്ജാലാണെന്ന്) സ്വയം തെളിയിക്കുന്നവിധമാണ് ഇന്ന് ക്രിസ്തീയലോകത്തിന്റെ ചെയ്തികളത്രയും. കാരണം യൂദാസ് ക്രിസ്തുവോട് ആവശ്യപ്പെട്ടതും ക്രിസ്തു നിരാകരിച്ചതുമായ ആവശ്യം, അറബ് ജനതയോടുള്ള വംശവിദ്വേഷത്തിൽ ഊന്നിനിന്നുകൊണ്ട് ക്രിസൻഡം ഇന്ന് യാഥാർത്ഥ്യവല്കരിച്ചുകഴിഞ്ഞു. ഇനിയും അവ

രിൽനിന്ന് ഒറ്റക്കണ്ണുള്ള രാക്ഷസരൂപം വെളിപ്പെട്ട് ലോകത്തിനാകെയും കടിച്ചുകീറുന്ന ദംഷ്ട്രകൾ പുറത്തുകാണിക്കുകയേ വേണ്ടൂ. ഒരു ജോർജ്ജ് ബുഷിന്റെയോ ടോണിബ്ലയറുടെയോ നെറ്റിമേൽ 'ഇവൻ ദജ്ജാലാകുന്നു' എന്ന എഴുത്തുതെളിയുന്ന കാലം അതിവിദൂരത്തല്ല എന്ന് ആശങ്കിക്കേണ്ടിയിരിക്കുന്നു. പ്രമാണങ്ങളിലെ ഭീകരവർണ്ണമുള്ള ദജ്ജാലിന്റെ ചിത്രവും ഒരുവിധത്തിൽ ഇന്ന് ടെലിവിഷൻ സ്ക്രീനുകളിൽ തെളിയുന്നു. മരിച്ചുകിടക്കുന്ന മനുഷ്യരുടെ കബന്ധങ്ങൾക്ക് മുന്നിലിരുന്ന് ശൃംഗാരമുദ്രകൾ കാണിക്കാൻ ഒരു ദജ്ജാലിന്റെ അറപ്പില്ലായ്മയും അലിവില്ലായ്മയും തന്നെ വേണം. അബൂഗുറൈബ് കാരാഗൃഹത്തിന്റെ കവാടത്തിൽ ദജ്ജാലിന്റെ ദംഷ്ട്രങ്ങൾ കാണാം. ചോരയൊലിക്കുന്ന നഖങ്ങളും!"

*(ചരിത്രത്തിന്റെ ഇസ്‌ലാമികാനുഭവം, പേജ്-80-81, അഹ്മദ്കുട്ടി ശിവപുരം, സർഗതീരം പബ്ലിക്കേഷൻസ്, കോഴിക്കോട്-1)*

●

---

*പേജ് 36-ൽ നിന്ന്*

ത്തിന്റെ ഉൾവശമാകട്ടെ, കൊത്തുവേലകളും, ചിത്രപ്പണികളുംകൊണ്ട് പൊതിഞ്ഞിരിക്കുന്നു. മോന്തായമാകെ ശിൽപഭംഗി വരുത്തിയ വെണ്ണക്കല്ലുകളും ദാരുശില്പങ്ങളുംകൊണ്ട് മോടിപിടിപ്പിച്ചിരിക്കുന്നു.

വെണ്ണക്കല്ല് പാകിയ തുറസ്സായ ടെറസ്സിൽ പൂങ്കാവനങ്ങൾ അതിരുനാട്ടിയ വിസ്തൃതമായ ഒരങ്കണമുണ്ട്. ഒപ്പം, നന്നേ ഉയരമുള്ള ഒരു മണ്ഡപവും. ഈ കൽമണ്ഡപത്തിൽ കയറിനിന്ന് നോക്കിയാൽ കെയ്റോ നഗരം മുഴുവൻ ഒരു ചിത്രത്തിലെന്നപോലെ വ്യക്തമായി കാണാം.

ഒരേസമയം ആയിരക്കണക്കിന് ആൾക്കാർക്ക് നമസ്കരിക്കുവാനുള്ള വിശാലമായ പ്രാർത്ഥനാസൗകര്യവും ഈ പുരാതന പള്ളിയിൽ ഒരുക്കിയിട്ടുണ്ട്.

ഞങ്ങളുടെ കെയ്റോ സന്ദർശനം പൂർത്തിയായിരിക്കുന്നു. ഇന്നുരാത്രി ഒരു തീവണ്ടിയിൽ 400 കിലോമീറ്റർ ദൂരെയുള്ള 'ലക്സർ' എന്ന പട്ടണത്തിലേക്കാണ് പോകുന്നത്. രാത്രി 10 മണിക്ക് കെയ്റോയിൽനിന്നും പുറപ്പെടുന്ന തീവണ്ടി പിറ്റേന്ന് പുലർച്ച മാത്രമേ ലക്സറിലെത്തൂ.

●

---

*പേജ് 24-ൽ നിന്ന്*

രുടെ ഗുരു യേശുക്രിസ്തു തന്റെ വചനങ്ങളിലൂടെ പറഞ്ഞത് 'ഞാൻ സമാധാനം വരുത്തുവാൻ വന്നു എന്നു നിങ്ങൾ നിരൂപിക്കേണ്ട, വാൾ വരുത്തുവാനത്രെ ഞാൻ വന്നിട്ടുള്ളത്' എന്നാണ്. ഇത് പറഞ്ഞ യേശുവിനെ (ഈസാനബിയെ) ആകാശത്ത് അവരോധിച്ചിരിക്കുന്ന മുസ്‌ലിംലോകം വീണ്ടും തിരിച്ചുവരുവാനുള്ള ഏണിയുമായി ആകാശത്തിന്റെ അനന്തതയിലേക്ക് കണ്ണുംനട്ട് കാത്തിരിക്കുകയാണല്ലോ. എന്നിരിക്കെ, ജീവിച്ചിരിക്കുന്നവർക്കോ അതോ മരിച്ചവർക്കോ ശ്രേഷ്ഠതയെന്നു പറഞ്ഞാൽ കൊള്ളാമായിരുന്നു. യേശു ദൈവമല്ലായെങ്കിൽ, രണ്ടായിരം വർഷം കഴിഞ്ഞിട്ടും ഇന്നും ആകാശത്ത് ജീവിച്ചിരിക്കുകയില്ലായിരുന്നു. അപ്പോൾ ക്രിസ്തീയ സഹോദരങ്ങൾ അവകാശപ്പെടുന്നതുപോലെ യേശു ദൈവമാണെന്നും, അമാനുഷികനാണെന്നും, വാദപ്രതിവാദക്കാർ സമ്മതിച്ചുകൊടുത്തേതീരൂ. ഒരുവിധ മുട്ടുന്യായവും വിലപ്പോകില്ല. പിന്നെ കുറെ സ്റ്റേജ് പ്രോഗ്രാമുകൾ നടത്തി അതിന്റെ സി.ഡികളും, പുസ്തകങ്ങളും വിറ്റ് ഉദരപൂരണം നടത്താം. അതല്ലാതെ, ഇസ്‌ലാമിന് യാതൊരുവിധ നേട്ടവും ഇല്ലായെന്നു തീർത്തുപറയാം. മുസ്‌ലിംകൾക്ക് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ അത് ഖുർആനിലേക്കും, സുന്നത്തിലേക്കും, മടക്കുകയും, അതനുസരിച്ചുള്ള തീരുമാനങ്ങൾ സ്വീകരിക്കുകയും ചെയ്യണമെന്ന പരിശുദ്ധ ഖുർആന്റെ കല്പനയേയും, നബി(സ)യുടെ വാക്കുകളേയും തെറ്റിച്ചുകൊണ്ട് ലോകമുസ്‌ലിംകൾക്കുതന്നെ മാനഹാനിയും, അപകടവും വരുത്തിവെച്ചിരിക്കുന്ന അറബി രാഷ്ട്രത്തലവന്മാർ ഇന്ന് അമേരിക്കയുടേയും, മറ്റു പാശ്ചാത്യരുടേയും നുകത്തിന് കീഴിൽ ഭയഭക്തി ബഹുമാനത്തോടെ കഴിയുകയല്ലേ? അവരുടെ പെട്രോൾ ഡോളറിന്റെ വിഹിതം പറ്റുന്ന കേരളത്തിലെയും ഇന്ത്യയിലേയും മറ്റും മുസ്‌ലിംസമൂഹം, പരിശുദ്ധ ഇസ്‌ലാമിന് ഒന്നും ചെയ്യാനില്ലായെന്നു മാത്രമല്ല, മാനഹാനിയും കൂടിയാണ്. നബി(സ)യുടെ അനുയായികൾ എന്നു പറയുവാൻ നിങ്ങൾക്ക് ലജ്ജയില്ലേ? സൽമാൻ റുഷ്ദിയും, തസ്‌ലീമാ നസ്റീനും എല്ലാം തന്നെ ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലാത്ത പാശ്ചാത്യ ചട്ടുകങ്ങളാണ്. 'സാത്താനിക് വേഴ്സും' 'ലജ്ജ'യുമെല്ലാം പാശ്ചാത്യ ഗൂഡാലോചനയുടെ ഭാഗം മാത്രമാണ്. ഇതിനുള്ള ആയുധം നമ്മുടെ ഭൂരിപക്ഷ മുസ്‌ലിം സമൂഹംതന്നെ എഴുതിപിടിപ്പിച്ച ആശയങ്ങളുമാണ്. വടികൊടുത്ത് അടിവാങ്ങുന്ന ഈ സമൂഹം ഇനിയും ചിന്തിക്കുന്നില്ലേ? ആശയത്തെ ആശയം കൊണ്ടുമാത്രം നേരിടുകയെന്ന മാന്യമായ രീതി ആശയദാരിദ്ര്യത്തിൽ കഴിയുന്നവർക്ക് എങ്ങിനെ പ്രാവർത്തികമാക്കാനാകും. അതുകൊണ്ടാണ് വിപ്ലവത്തിന് ഇറങ്ങിപ്പുറപ്പെടുന്നതും. ഇത് ആശാസ്യമല്ല. ലോകത്ത് വന്നിട്ടുള്ള മതഗുരുക്കന്മാരിൽ വിജയശ്രീലാളിതനായിട്ടുള്ള ഒരേയൊരു വ്യക്തി മുഹമ്മദ് നബി(സ) മാത്രമാണെന്ന് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നു. അതുകൊണ്ട് യഥാർത്ഥ ഇസ്‌ലാമിനെ വിജയിപ്പിക്കണമെങ്കിൽ ഈ സമൂഹവും വാദപ്രതിവാദക്കാരും തീർത്തും അഹ്മദിയ്യത്തിന്റെ ആശയം സ്വീകരിക്കുകയോ, കടമെടുക്കുകയോ ചെയ്യേണ്ടിവരും. തീർച്ച.

●

റിപ്പോർട്ട്

ഇബ്നു മുഹമ്മദ്

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് 116-ാം വാർഷിക സമ്മേളനം




*ജൽസ ഉദ്ഘാടനം ചെയ്തുകൊണ്ട് ഡോ. ഹാഫിസ് സാലിഹ് മുഹമ്മദ് അലാഹ്ദീൻ സാഹിബ് സംസാരിക്കുന്നു.*

**അ**ഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 116-ാമത് വാർഷികസമ്മേളനം അതിന്റെ പുണ്യകേന്ദ്രമായ ഖാദിയാൻ ദാറുൽ അമാനിൽ വിജയകരമായി സമാപിച്ചു. 1891-ലാണ് വാഗ്ദത്ത മസീഹ്(അ) വാർഷിക സമ്മേളനത്തിന് ആരംഭം കുറിച്ചത്. അന്നുമുതൽ എല്ലാവർഷവും ഈ ജൽസ ഡിസംബറിന്റെ തണുപ്പത്ത് ഖാദിയാനിൽ നടത്തിവരികയാണ്. ഇന്നത് എല്ലാ രാഷ്ട്രങ്ങളിലേക്കും വ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്.

ഈ വർഷത്തെ ജൽസ ഡിസംബർ 29-ന് ശനിയാഴ്ച ഇസ്‌ലാമിക പതാക ഉയർത്തിയതോടെയാണ് ആരംഭിച്ചത്. രാവിലെ കൃത്യം 9.50-ന് സമ്മേളന വേദിക്കരികിലുള്ള പതാക തക്ബീർ ധ്വനികളുടെ അകമ്പടിയോടെ സദർ അഞ്ചുമൻ അഹ്മദിയ്യാ പ്രസിഡണ്ട് ഡോ.സാലിഹ് മുഹമ്മദ് അലാഹ്ദീൻ സാഹിബ് ഉയർത്തി. തുടർന്നുനടന്ന പ്രാർത്ഥനയ്ക്കും അദ്ദേഹം തന്നെ നേതൃത്വം നൽകി.

കൃത്യം 10 മണിക്ക് വിശുദ്ധഖുർആൻ പാരായണത്തോടെ സമ്മേളന പരിപാടികൾക്ക് തുടക്കമായി. പദ്യപാരായണത്തിനുശേഷം ഡോക്ടർ സാലിഹ് മുഹമ്മദ് അലാഹ്ദീൻ സാഹിബ് ഉദ്ഘാടന പ്രഭാഷണം നടത്തുകയുണ്ടായി. കാലത്തിന്റെ ഇമാം വാഗ്ദത്ത മസീഹ്(അ) അടിത്തറപാകിയ ഈ മഹാസമ്മേളനത്തിൽ പങ്കെടുക്കാൻ ഭാഗ്യം സിദ്ധിച്ച നാം അതിന് അല്ലാഹുവിനോട് നന്ദി പറയണമെന്നും അതിന്നായി നബിതിരുമേനിയോടുള്ള സ്നേഹം വർദ്ധിപ്പിക്കുകയും ഭക്തിനിർഭരമായ ജീവിതം കാഴ്ചവെക്കുകയും ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. വാഗ്ദത്ത മസീഹ്(അ)ന്റെ ഗ്രന്ഥങ്ങളിൽനിന്നുള്ള ഉദ്ധരണികളോടെയുള്ള അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്നൊടുവിൽ ഹദ്റത്ത് മിയാൻ സാഹിബിനെ അനുസ്മരിക്കുകയും ചെയ്തു.

തുടർന്ന് മൂന്ന് ദിവസങ്ങളിൽ ആറ് സെഷനുകളിലായാണ് പ്രഭാഷണങ്ങൾ നടന്നത്. വിവിധ സെഷനുകളിൽ മൗലാനാ മുഹമ്മദ് ഉമർ സാഹിബ് (ദൈവത്തിന്റെ ഏകത്വം), മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് (നബിതിരുമേനി(സ)യുടെ ജീവചരിത്രം), മൗലാനാ മുഹമ്മദ് അയ്യൂബ് സാഹിബ് (അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ), മൗലാനാ മുഹമ്മദ് ഇനാം ഗോരി സാഹിബ് (വാഗ്ദത്ത മസീഹ്(അ)ന്റെ ജീവചരിത്രം), മൗലാനാ മുനീർ അഹ്മദ് ഖാദിം സാഹിബ് (വാഗ്ദത്ത മസീഹ്(അ)ന്റെ സത്യസാക്ഷ്യം), മൗലാനാ സയ്യിദ് കരീമുദ്ദീൻ സാഹിബ് (സ്ത്രീകളുടെ അവകാശം), മൗലാനാ മുഹമ്മദ് ഹമീദ് കൗസർ സാഹിബ് (അവസാനകാലത്തെക്കുറിച്ചുള്ള നബി(സ) തിരുമേനിയുടെ പ്രവചനങ്ങൾ), മൗലാനാ തൻവീർ അഹ്മദ് ഖാദിം സാഹിബ് (മതസ്ഥാപകരോടുള്ള ആദരവ്), മൗലാനാ അബ്ദുൽ വകീൽ നിയാസ് സാഹിബ് (വസിയ്യത്തും ജമാഅത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയും), മൗലാനാ മുഹമ്മദ് നസീംഖാൻ സാഹിബ് (ലോകമുസ്‌ലിംകൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും) എന്നിവർ സംസാരിച്ചു. വിവിധ സെഷനുകളിൽ അതിഥികളായെത്തിയ പ്രമുഖർക്ക് സംസാരിക്കാനുള്ള അവസരവും നൽകപ്പെട്ടു. ഖാദിയാൻ എം.എൽ.എ, ഹോശിയാർപൂർ എം.പി, എം.എൽ.എ, ജില്ലാ കലക്ടർ, വിവിധ മതനേതാക്കൾ, മറ്റു രാഷ്ട്രങ്ങളിൽനിന്നെത്തിയ അഹ്മദിയ്യാ പ്രതിനിധികൾ എന്നിവർ ഈ




*നാസിർ ഇസ്‌ലാഹ് ഇർശാദ് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് അഭിസംബോധന ചെയ്യുന്നു.*



ഗുർദാസ്പൂർ ജില്ലാ കലക്ടർ ജൽസയിൽ സംസാരിക്കുന്നു.

സന്ദർഭം പ്രയോജനപ്പെടുത്തി.

31-ാം തിയതി തിങ്കളാഴ്ച ഉച്ചക്ക്ശേഷമുള്ള അവസാന സെഷനിൽ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) ലണ്ടനിൽനിന്നുകൊണ്ട് ജൽസയെ അഭിസംബോധന ചെയ്തു. ലണ്ടനിലും ജൽസവേദി ഒരുക്കിയിട്ടുണ്ടായിരുന്നു. മൗലാനാ ഫിറോസ് ആലം സാഹിബിന്റെ ഖുർആൻ പാരായണത്തിനും, മൗലാനാ നസീം ബാജ്വ സാഹിബിന്റെ പദ്യാലാപനത്തിനും ശേഷം ഹുസൂർ തന്റെ പ്രഭാഷണം ആരംഭിച്ചു. പൂർവ്വികരായ മഹാരഥന്മാരുടെ ത്യാഗസമ്പൂർണ്ണമായ ജീവിതം അനുസ്മരിച്ചുകൊണ്ടും ഇസ്‌ലാമികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടും അഹ്മദികൾ തങ്ങളുടെ ജീവിതം മുന്നോട്ട് നയിക്കണമെന്ന് ഹുസൂർ പറഞ്ഞു. ഇത്തരത്തിൽ ജീവിച്ചില്ലെങ്കിൽ യഥാർത്ഥ മുസ്‌ലിംകൾ നമ്മളാണെന്ന വാദം അസ്ഥാനത്തായിപ്പോകും. ഇന്ന് ലോകം, പ്രത്യേകിച്ച് മുസ്‌ലിം ലോകം, അസമാധാനത്തിലും അശാന്തിയിലുമാണ്. അതിനാൽ അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടത് അഹ്മദികളുടെ കടമയാണ്. അഹ്മദികൾ മാത്രമേ അതിന് തയ്യാറായുള്ളൂ. ഇത് എല്ലാവരും ഓർമ്മിക്കണമെന്നും ഹുസൂർ പറഞ്ഞു. ഖിലാഫത്ത് ജൂബിലി വർഷമായ 2008-നെ പ്രാർത്ഥനാനിർഭരമായ രാത്രിയിലൂടെ സ്വാഗതം ചെയ്യാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

ഒരു മണിക്കൂർ നീണ്ടുനിന്ന പ്രഭാഷണത്തിനു ശേഷം ഹുസൂർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ലോകം മുഴുവനും ആഘോഷത്തിമിർപ്പിനാൽ 2008-നെ വരവേറ്റുകൊണ്ടിരുന്ന സന്ദർഭത്തിൽ ഖാദിയാൻ ദൈവത്തിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് കരഞ്ഞു കരഞ്ഞ് പുതുവർഷത്തെ വരവേറ്റു.

ഓരോ സെഷന്റെ ആരംഭത്തിലും ഖുർആൻ പാരായണവും പദ്യപാരായണവും ഉണ്ടായി. ഈ വർഷത്തെ ജൽസ മുഴുവനായും എം.ടി.എയിലൂടെ തത്സമയം സംപ്രേഷണം ചെയ്യപ്പെടുകയുണ്ടായി. ഖാദിയാനിൽ അതിനുള്ള ഒരു സന്നദ്ധസംഘം പ്രവർത്തിച്ചു. ഇവർക്ക് മൗലാനാ ബുർഹാൻ സാഹിബ് നേതൃത്വം നൽകി. സമ്മേളനത്തിൽ ആദ്യാവസാനം തക്ബീർ ധ്വനികളും ഇസ്‌ലാമിക മുദ്രാവാക്യങ്ങളും മുഴങ്ങിയത് ലോകം മുഴുവൻ കാണിക്കപ്പെട്ടു.

പ്രസംഗങ്ങൾ വിവിധ ഭാഷകളിലേക്ക് തർജമ ചെയ്യപ്പെടുകയുണ്ടായി. മലയാളികൾക്ക് ജൽസ സ്വന്തം ഭാഷയിൽ മനസ്സിലാക്കുന്നതിന് മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ്, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് എന്നിവർ ചെയ്ത സേവനങ്ങൾ സ്മരണീയമാണ്. ഇടയ്ക്ക് മൗലവി മുഹമ്മദ് ശരീഫ് സാഹിബും, മൗലവി അൻസാർ മഹ്ദി സാഹിബും ഇവരോടൊപ്പം ചേർന്നു.

ഈ വർഷത്തെ ജൽസയിൽ പങ്കെടുക്കുന്നതിന്നായി പാക്കിസ്ഥാനിൽനിന്നുമുള്ള ഒരു വലിയ സംഘം എത്തിച്ചേർന്നിരുന്നു. മതപരമായ അസ്വാതന്ത്ര്യത്തിന്റെ നാട്ടിൽ നിന്നുമെത്തിയ അവർ ഖാദിയാനിൽ വേണ്ടുവോളം സ്വാതന്ത്ര്യം അനുഭവിച്ചു. അവരുടെ മുദ്രാവാക്യങ്ങളിൽനിന്നും പെരുമാറ്റങ്ങളിൽനിന്നും അത് പ്രകടമായി.

ജൽസയുടെ തലേദിവസം ജുമുഅ ആയതിനാൽ ഒരു വലിയ സംഘം വ്യാഴാഴ്ചതന്നെ ഖാദിയാനിലെത്തിച്ചേർന്നിരുന്നു. കേരളത്തിൽനിന്നും ഇരുന്നൂറോളം പ്രതിനിധികളെത്തി. ഈ വർഷത്തെ ജൽസ വേദിയിൽ മൂന്നു മലയാളികളുടെ സാന്നിധ്യമുണ്ടായി. നാസിർ ഇസ്‌ലാഹോ ഇർഷാദ് മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, ചീഫ് മിഷനറി മൗലാനാ മുഹമ്മദ് അയ്യൂബ് സാഹിബ് ഫലസ്തീൻ മിഷനറി ശംസുദ്ദീൻ സാഹിബ് എന്നിവരായിരുന്നു അവർ. കൂടാതെ കണ്ണൂർ സിറ്റി മുബല്ലിഗ് മൗലവി ശഫീഖ് അഹ്മദ് സാഹിബിന്റെ പദ്യവുമുണ്ടായി.

ഈ ജൽസയുടെ സമാപനം മുതൽ അഹ്മദികൾ വരുന്ന ഡിസംബറിനെ കാത്തിരിക്കുകയാണ്. ഖിലാഫത്ത് ശതവാർഷിക ജൂബിലി ആഘോഷപരിപാടികളുടെ സമാപനം കൂടിയായ പ്രസ്തുത ജൽസയിൽ അമീറുൽ മുഅ്മിനീന്റെ വരവും പ്രതീക്ഷിച്ചിരിക്കുകയാണവർ.



*ജൽസയിൽ പങ്കെടുത്ത സദസ്സിന്റെ ഒരു ദൃശ്യം.*

റിപ്പോർട്ട്

കെ. അബ്ദുർ റഹിമാൻ

# കണ്ണൂർ മേഖലാ മജ്‌ലിസ് അൻസാറുല്ലാഹ് ഏകദിന തർബിയ്യത്ത് ക്യാമ്പ്




മൊഗ്രാൽ പള്ളിയിൽ നടന്ന തർബിയ്യത്ത് സമ്മേളന സദസ്സ്

**ക**ണ്ണൂർമേഖലാ മജ്‌ലിസ് അൻസാറുല്ലാഹ് അതിന്റെ അംഗങ്ങൾക്കായി ഒരു ഏകദിന തർബിയ്യത്ത് ക്യാമ്പ് സംഘടിപ്പിച്ചു. 2007 ഡിസംബർ 9-ന് ഞായറാഴ്ചയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. തർബിയ്യത്ത് ക്ലാസ്സുകൾക്ക് പുറമെ വിനോദയാത്രയും ഉൾപ്പെടുത്തിയിരുന്നു.

രാവിലെ 10.30-ന് മൊഗ്രാൽ പള്ളിയിൽ തർബിയ്യത്ത് ക്യാമ്പ് ആരംഭിച്ചു. കണ്ണൂർ മേഖലാ അൻസാറുല്ലാ നാസിം യു. മൻസൂർ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം അതാഉൽ അലി സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. തുടർന്ന് അധ്യക്ഷൻ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തർബിയ്യത്ത് ക്യാമ്പിലും വിനോദയാത്രയിലും പങ്കെടുക്കുന്നതിന്നായെത്തിച്ചേർന്ന കണ്ണൂർ മേഖലാ ജമാഅത്ത് അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് ചടങ്ങിൽ ആശംസാപ്രസംഗം നടത്തി. തുടർന്ന് മൗലവി മുഹമ്മദ് ശരീഫ് സാഹിബ് തർബിയ്യത്ത് ക്ലാസ്സെടുത്തു. 'ഈമാനികാഭിമാനം' എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം.

കണ്ണൂർ മേഖലയിലെ വിവിധ ജമാഅത്തുകളുമായി ബന്ധപ്പെട്ട ചരിത്രസംഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മദാർ അബ്ദുശ്ശക്കൂർ സാഹിബിന്റെ പ്രസംഗം അംഗങ്ങൾ വളരെ ആകാംക്ഷയോടെയാണ് കേട്ടത്. കേരളത്തിലെ ആദ്യജമാഅത്തായ കണ്ണൂർ സിറ്റി ജമാഅത്തിലെ ഒരംഗത്തിന്റെ ജനാസ മൈതാനപ്പള്ളി മുസ്‌ലിം ഖബർസ്ഥാനിൽ അടക്കം ചെയ്തതുമായി ബന്ധപ്പെട്ട ചരിത്രസംഭവം വിവരിച്ചത് സദസ്സിനെ അക്ഷരാർത്ഥത്തിൽ പിടിച്ചുനിർത്തുകതന്നെ ചെയ്തു.

തുടർന്ന് അൻസാറുല്ലാ അംഗങ്ങളുടെ കടമകളെക്കുറിച്ച് മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് ക്ലാസ്സെടുത്തു. കെ. അബ്ദുൽ അസീസ് സാഹിബ് ക്യാമ്പ് അവലോകനം നടത്തി. കെ. അബ്ദുർറഹിമാൻ സാഹിബ് സ്വാഗതവും അശ്റഫ് അലി സാഹിബ് നന്ദിയും പറഞ്ഞു. ബശീർ അഹ്മദ് സിദ്ദീഖ് സാഹിബ് പദ്യം ചൊല്ലി. ളുഹ്ർ, അസ്ർ നമസ്കാരങ്ങൾക്കും ഉച്ചഭക്ഷണത്തിനും ശേഷം ക്യാമ്പിന്റെ ആദ്യഘട്ടം പൂർത്തിയായി.

ഉച്ചക്ക് മൂന്നരമണിക്ക് വിനോദയാത്രയ്ക്കായി പുറപ്പെട്ടു. കാസർഗോഡ് ജില്ലയിലെ ചരിത്രപ്രധാനമായ ബേക്കൽ കോട്ടയിലേക്കാണ് യാത്ര സംഘടിപ്പിച്ചിരുന്നത്. ആർത്തിരമ്പുന്ന കടലിന്റെ സംഗീതവും തിരമാലകളുടെ നിലയ്ക്കാത്ത ആരവങ്ങളും ശ്രവിച്ചുകൊണ്ടുള്ള ഒരു കാലഘട്ടത്തിന്റെ ഓർമ്മകളുമായി സ്ഥിതിചെയ്യുന്ന ബേക്കൽകോട്ടയുടെ പ്രവേശനകവാടം മതസൗഹാർദ്ദത്തിന്റെ ഓർമ്മകളാണ് മനസ്സിൽ കടത്തിവിടുന്നത്. ഹനുമാൻക്ഷേത്രവും പുരാതന മുസ്‌ലിംപള്ളിയും അതിന്റെ പ്രതീകമായി ഇന്നും നിലകൊള്ളുന്നു. ഈ കോട്ടയുടെ ഉൾഭാഗവും അതിനോടുചേർന്ന ബീച്ചും അംഗങ്ങൾ സന്ദർശിച്ചു. വൈകീട്ട്



ആറുമണിവരെ അൻസാർ സഹോദരങ്ങൾ ഉല്ലാസഭരിതരായി സായാഹ്നം ആനന്ദിച്ചു. മേഖലയിലെ മുഴുൻ മജ്‌ലിസുകളിൽനിന്നുമായി ഏകദേശം 85 ഓളം പേർ

പേജ് 42-ൽ

കവിത

അബൂ അയ്മൻ

# തൃക്കരം നീട്ടിടൂ.......

**വൈ**കി പിശാചിന്റെ ചെയ്തിയറിഞ്ഞീടാൻ
വൈകൃത വഞ്ചക വൈരുദ്ധ്യമാം
മോഹന വാഗ്ദാനമേകിയവനെന്നെ
മോടിയിൽ കണ്ട ഗുഹ കയറ്റി

ഹോ! തമസ്സിങ്കൽ ഞാൻ തപ്പി നടക്കേ ഗു-
ഹാമുഖം മൂടിയതാ ശിലയാൽ
ഹാർദ്രവമായ് വിളി കണ്ട ഞാൻ വീണു
മഹാനുണയന്റെ വലയിൽ വീണ്ടും

മങ്ങിയെൻ കാഴ്ചയും ചേതന തന്നെയും
എങ്ങുമേ നിൻ ദീപ്തി കണ്ടിടാതെ
വിങ്ങുകയാണെന്റെ ഹൃത്തടം തേങ്ങി ഞാൻ
തങ്ങിടുമെത്രനാളീ ഗർത്തത്തിൽ

ഓർക്കുന്നു ഞാനാ മൂവർ സംഘം തൻ കഥ
ഓരോരുത്തരായവർ നിന്റെ മുന്നിൽ
ചൊല്ലവേ തിന്മ വെടിഞ്ഞ കഥ മെല്ലെ
മെല്ലെയായ് കല്ലതാ നീങ്ങിടുന്നു

എന്തു ഞാൻ കേൾപ്പിക്കും മുന്നിൽ നിൻ സൃഷ്ടാവേ
എന്തു ഞാനർപ്പിക്കും സന്നിധിയിൽ
നന്മകളില്ലാത്ത ജീവിതമാണെന്റെ
തിന്മ വെടിഞ്ഞതുമോർക്കുന്നില്ല

കൂറ്റൻ ശിലതൻ തടസ്സം നീ നീക്കിയീ
കൂരിരുൾ നാളുകൾ മാറ്റിയാലും
കൂട്ടിന്നു നീ മാത്രമൊന്ന് മതിയിനി
കൂറുമാറുന്നവർ വേണ്ടെനിക്ക്

തന്നിലേക്കാകർഷിപ്പൂ മിഥ്യ സൗന്ദര്യം
തെന്നിമാറാൻ ശക്തിയില്ലെനിക്ക്
എന്നിൽ നിൻ കാരുണ്യമില്ലെങ്കിലെൻ സ്ഥാനം
മുന്നിൽ വൻനഷ്ടം വരിച്ചവർ തൻ

ഇന്നു വിധി കാരാഗൃഹമാണെങ്കിലും
ചെന്നു പതിക്കും തീയോളമല്ല
തന്നിടൂ യൂസുഫിൻ സൽഗുണമിന്നു നീ
വന്നിടാൻ സന്നിധിയിൽ ജയിച്ച്

ചാപല്യമൊന്നു ചെറുതിലെൻ മാനുഷൻ
കോപിച്ചിടുന്നു രാജാവുപോലെ
മാപ്പുനീയേകുംവിധം അവർക്കാകുമോ
നീ പുണർന്നിടും പിതാവുപോലെ

നിൻ മുഖം ദർശിക്കാൻ ഞാൻ മല താണ്ടിടാം
നീ മറയല്ലേ കിനാവു പോലെ
നിൻ സ്നേഹ നൗകയിൽ നിൻ നേർക്ക് വന്നിടാം
നീയകലല്ലേ നീലാവുപോലെ

തൃക്കരം നീട്ടിടൂ പൂകട്ടെ സന്നിധി
അക്കരെയേക്കാളതുത്തമം താൻ
ദിക്കുനീ മോക്ഷത്തിൻ കാട്ടിയീ വൻ നാശ
വക്കിൽ നിയെന്നെയുയർത്തിടണേ

സർവ്വത്ര സൽഗുണസമ്പന്നാ സൽരൂപാ
സകലർക്കും സാന്ത്വനമായവനേ
സൽക്കർമ്മങ്ങൾക്കു നീ സൗഭാഗ്യമേകിടൂ
സൽപന്ഥാവിൽ ഞാനും സഞ്ചരിപ്പൂ.

---

*പേജ് 41- ൽനിന്ന്*

പരിപാടിയിൽ പങ്കെടുത്തു. പ്രത്യേക ബസ്സ് ഏർപ്പെടുത്തിയാണ് മൊഗ്രാലിൽ അംഗങ്ങൾ എത്തിച്ചേർന്നത്. അൻസാറുല്ലാഹ് സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബ്, മേഖലാ നാസിം യു. മൻസൂർ അഹ്മദ് സാഹിബ്, അഡ്വ. ജമീൽ അഹ്മദ് സാഹിബ്, ഉമർ പാറപ്പുറത്ത് തുടങ്ങിയവർ നേതൃത്വം നൽകി. മേഖലാ അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബിന്റെയും ഖാളി അശ്റഫലി സാഹിബിന്റെയും മഹനീയ സാന്നിധ്യവുമുണ്ടായി. ഭക്ഷണം തയ്യാറാക്കുന്നതിനും പ്രതിനിധികളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് നിറവേറ്റുന്നതിലും മൊഗ്രാൽ ഖുദ്ദാമുൽ അഹ്മദിയ്യ വഹിച്ച പങ്ക് വളരെ പ്രശംസനീയമാണ്.